KERALAM



1106 ധനു.

വിഷയവിവരണം.

മംഗളാശംസകൾ. 567

പുന്നശ്ശേരി നമ്പി, വള്ളത്തോൾ, കെ. കെ. രാജാ, ജി. ശങ്കരക്കുറുപ്പ്

ക്രിസ്മസ് ഗീതം. 568

സി. ആർ. ഗോതവർമ്മൻ

മാടഭൂമന്നവനെ. 569

കണ്ടൂർ നാരായണമേനോൻ

ആശാഭംഗമോ? 570

ജെ. മുണ്ടശ്ശേരി ബി. എ

ഭാരതഭരണതന്ത്രം. 571

എം. രാജ രാജ വർമ്മതമ്പുരാൻ

ഘടസംവാദം. 581

ജി. ശങ്കരക്കുറുപ്പ്

പരസ്യങ്ങൾ. 582

ഭാഷാഭാരതമഞ്ജരി. 584

വടക്കുംകൂർ രാജ രാജ വർമ്മ രാജാ

ധർമ്മകീർത്തി. 591

പി. എസ്. സുബ്ബരാമപ്പട്ടർ

ബാഹ്യശൂന്യവാദം. 595

സി. അന്തപ്പായി ബി. എ.

പ്രളയമുണ്ടാംയെന്നു്. 599

ജെ. മുണ്ടശ്ശേരി ബി. എ.

സാങ്കേതികശബ്ദപങ്ക്തി. (നോവൽ) 601

നദീഘട്ടം (ടാഗോർ) 603

വി. രാമനുണ്ണിമേനോൻ

ചലച്ചിത്രം. 609

എം. പി. പോൾ എം. എ.

അലങ്കാരസാമാന്യസ്വരൂപനിരൂപണം. 615

ശിരോമണി പി. കൃഷ്ണൻനായർ

അസീസിയിലെ സന്യാസി. 619

ഫാദർ ജി. എഫ്. ചൂണ്ടൽ

മനുഷ്യോല്പത്തി. 624

ഫാദർ സി. കെ. മററം, എം. ആർ. ഏ. എസ്; എഫ്. ആർ. എസ്. ഏ.

ഭാഷകൾ. 626

സഭ്യതയുടെ അളവുകോൽ 627

കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ ബി. എ. ബി .എൽ

ഗ്രന്ഥചർച്ച. 631

HIS HIGHNESS
SIR SREE RAMA VARMA, G. C. S. I.
MAHARAJA OF COCHIN.

THE MANGALODAYAM PRESS TRICHUR.

കേരളം.

ഊൎദ്ധ്വസ്ഥ വിഷയേഷു യതദ്ധ്വം.

വാല്യം 1.	1106 ധനു.	ലക്കം 12.

മംഗളാശംസകൾ.

തിസ്രോ മൂൎത്തിമതല്ലികാ സ്ത്രിജഗതാം മോഹായ സൎവ്വദ്ധ്വയെ-
വിജ്ഞാനായ ച യാ ബിഭൎത്തി സഗുണാദെവീ സ്വയം നിൎഗ്ഗുണാ-
ദ്വൈതീയീ കതയാ മിതാഽസു ദധതീ സാന്നിദ്ധ്യ മിഹാപുരെ
ശ്രീമൽ "കെരള" പുസ്തകൌഘമണ്ഡയെ ദെയാ ദയം ശാശ്വതം—

പുന്നശ്ശേരി നമ്പി.

കേരളമാസികപത്രം,
കേരളസാഹിത്യഗഗനനക്ഷത്രം,
സാരവിചാരവിചിത്രം,
സ്വൈരം പ്രചരിയ്ക്കു സുമതിജനമിത്രം!

വിമൎശധാന്യങ്ങൾ നിറഞ്ഞനൽക്കളം,
വിദഗ്ദ്ധഹംസക്കൊരു താമരക്കുളം,
വിശിഷ്ട, ഭാഷയ്ക്കൊരു ഭാഗ്യകന്ദളം,
വിഘാതമെന്യേ വിജയിയ്ക്കു 'കേരളം'!

വള്ളത്തോൾ.

കൃതികളാദരാൽച്ചേൎത്തിടുന്നസൽ-
കൃതികളാൽ സദാ ഭാസമാനമായ്
ശ്രുതികളസ്വരോല്ലാസിവൎണ്ണസം-
സ്ഥിതികലാസ്പദം വെൽക! കേരളം.

കെ. കെ. രാജാ.

ജ്ഞാനത്തിൻ നിറവെൺ കതിൎക്കലകളാലുന്മേഷമെങ്ങും
മനഃ സൂനത്തിന്നുളവാക്കി യുൾക്കടതമസ്സുന്മൂലനംചെയ്തിനി
ഈനൽക്കേരളഭാനുനിത്യമുദയം പ്രാപിച്ചുസാഹിത്യമാം
വാനത്തിന്നണിയായ് വിളങ്ങിവിഹരിച്ചീടട്ടെവിശ്വസ്തുതൻ.

ജി. ശങ്കരക്കുറുപ്പ്.

ക്രിസ്മസ്ഗീതം

(സി. ആർ. ഗോദവർമ്മൻ.)

കല്യാണി; ഏകതാളം—'വന്ദേമാതരമേ;' എന്ന മട്ട്.

എല്ലാരും വരുവിൻ, ശ്രീ
യേശുനാഥൻ ജാതനായ്, കാണ്മിൻ!

"ദൈവത്തിന്നഹോ മഹത്വം; ദേഹികൾക്കു നിത്യാനന്ദം!"
ദൈവദൂതരിപ്രകാരം പാടും കീർത്തനം മനോഹരം! (എല്ലാരും)

ഗഗനപാളി ദൂതന്മാർതൻ 'ഭജന'ഘോഷമാറ്റൊലിയാൽ
നിഗമഗാനമാവർത്തിപ്പൂ! കേൾപ്പിനെത്രയും മനോഹരം! (എല്ലാരും)

നടനമാപ്രവാചകന്മാർ പൊടിപൊടിച്ചിടുന്നു വിണ്ണിൽ!
ഇടയരാട്ടിൻപററം വിട്ടു ചാടിയോടിപ്പോയിടുന്നിതാ! (എല്ലാരും)

കനകമാദി കാഴ്ചവെച്ചു വിനകൾ പോക്കും രക്ഷിതാവിൻ
കഴൽനമിപ്പാൻ വിദ്വൽസ്സംഘം യാത്രയായിടുന്നുസാമ്പ്രതം! (എല്ലാരും)

ഉയരെനിന്നു ദൈവസ്നേഹം ഉചിതമാം മർത്ത്യാകൃതിയിൽ
ഉലകിലേക്കിതാ പായുന്നു! പാർക്കിലെത്രയും മനോഹരം! (എല്ലാരും)

നരകത്തീന്നു നരകുലത്തെ കരകയററിക്കാപ്പാൻ ദൈവ-
നരകരങ്ങൾ ബേത്ലേഹം പുൽക്കൂട്ടിൽ നീട്ടിടുന്നിതാ, ശുഭം! (എല്ലാ:)

പരുപരുത്ത പുൽക്കൂട്ടിൽ നിന്നരുമയാമക്കണ്മണിയെ
ഒരുമയാ പൂൽപ്പൂമെത്തയിൽ പൂർണ്ണസൌഖ്യമായ് കിടത്തിടാം!(എല്ലാരും)

വരുവിൻ, ഓടിവരുവിൻ, നമ്മൾക്കരിയതാളമേളത്തോടേ
"വചനം ജഡമായ്ത്തീർന്നവനേ, വാഴ്ക!വാഴ്ക!"യെന്നുവാഴ്ത്തിടാം! (എ:)

സകലസമ്പത്താർന്നവരേ, സതതം സാധുക്കളായോരെ,
സവർണ്ണരേ, വരേണ്യരാമവർണ്ണരേ, വിവർണ്ണരേ, നിങ്ങൾ-

എല്ലാരും വരുവിൻ, ശ്രീ-
യേശുനാഥൻ ജാതനായ്, കാണ്മിൻ!

മാടഭൂമന്നവനെ.

(ഗാഥ)

കണ്ടൂർ നാരായണമേനോൻ.

ദൈവമെ! കാത്താലും ഞങ്ങൾക്കു കാണുന്ന
ദൈവമാം മാടഭൂമന്നവനെ

മാനത്തെ ത്തൻ തറവാട്ടു മുതലാക്കി
ദ്ദാനത്തിൽക്കണ്ണനെത്താഴെയാക്കി
വാനത്തെത്തിങ്കളൊഴിയേപ്പുകഴാലെ
താനത്തരത്തിൽ കുളിപ്പിപ്പോനെ. (ദൈവമേ! . .)

ഏവരുമാട്ടിയകററമറിവററ
പാവങ്ങളാകുമയിത്തക്കാരെ
കൈവന്നോരുൾക്കനിവാലൊന്നയത്തുവാ-
നാവുന്നതൊക്കയും ചെയ്യുവോനെ. (ദൈവമേ! . .)

നാട്ടുകാക്കിഷ്ടത്തിന്നായി പ്രജാസഭ
കൂട്ടുക, സങ്കടമുള്ളതെല്ലാം
കേട്ടു, കനക്കും കറ.വിവവ നീക്കുവാൻ
കാട്ടുക, യെന്നിവ ചെയ്യുവോനെ. (ദൈവമേ! . .)

നാട്ടിന്നു നാഥനെന്നാലുമൊരുതറ-
വാട്ടിന്നു കാരണവൻ കണക്കെ,
പാട്ടിൽ പ്രജകൾ പറയുമഭിപ്രായം
കേട്ടിട്ടു കാര്യങ്ങൾ ചെയ്യുവോനെ. (ദൈവമേ! . .)

“വിശ്വപ്രജകളുമൊന്നിച്ചു നന്ദിച്ചു
വിശ്വസിച്ചാക്കിയ കാര്യസ്ഥൻ ഞാൻ
വിശ്വാസവഞ്ചനം ചെയ്കയില്ലെ”ന്നെന്നും
ഈശ്വരൻ സാക്ഷിയായോക്കുവോനെ. (ദൈവമേ! . .)

ക്ഷാമമൊന്നിന്നും വരാതവിധം പരം
ക്ഷേമം തൻ നാട്ടിൽപ്പരത്തി നിത്യം
ആ മഞ്ജുപ്പൂമ്പുകഴാലേ ജഗത്തിങ്കൽ
തൂമലർ മാലകൾ ചാൎത്തു വോനെ. (ദൈവമേ! . .)

ആശാഭംഗമോ?

ജെ. മുണ്ടശ്ശേരി, ബി. എ.

ഒന്നേതിളങ്ങുവാനൊത്തുള്ളൂ; തൽക്ഷണം
തന്നേമറിഞ്ഞിതാ ജ്യോതിഷ്ക്കീടം;
അല്പമേ വിശിയതുള്ളൂ സുഗന്ധം; മ
പ്പൊല്പനീർപ്പു വീണിതപ്പൊഴയ്ക്കും;
പാട്ടുവാൻ ത്രോടി വിട്ടത്തതേയുള്ളൂ; ഹാ
പാടേയടഞ്ഞിത ക്കീരകണ്ഠം;
പ്രേക്ഷകർ പൊട്ടിക്കരഞ്ഞുപോയ്, കേവല–
മീക്ഷാവിരുദ്ധമക്കാഴ്ചയിങ്കൽ–
എന്തിനു? വൈവിധ്യം മുന്തിയപാരിനു
സ്വന്തമിമ്മാതിരിസംഭങ്ങൾ.
ജീവിത സാഫല്യമല്പപരിമാണ–
ത്തിങ്കലും ദ്രഷ്ടവ്യമല്ലെന്നുണ്ടോ?

ഭാരതഭരണതന്ത്രം.

1. പുരാണഘട്ടം

(എം. രാജരാജവർമ്മതമ്പുരാൻ, എം. എ. ബി. എൽ.)

പൌരാണികരുടെ പ്രവചനങ്ങളെ യുക്തിപൂർവ്വം സാധൂകരിക്കാൻ പുറപ്പെടുന്ന സാഹസം പണ്ഡിതമാനിത്വത്തിന്റെ പരമകാഷ്ഠയാണെന്നു പറയുന്നവരോടു ഒന്നു ചോദിച്ചുകൊള്ളട്ടെ: കലിക്കു ആയ്യായിരം വയസ്സു തികയുമ്പോൾ ലോകത്തിൽ വിപ്ലവമുണ്ടായി, മനുഷ്യസമുദായത്തിനു കലക്കംവരുമെന്നു ഏറിയകാലം മുമ്പുതന്നെ പ്രശ്നംപറഞ്ഞിരിക്കുന്ന ഋഷീശ്വരന്മാർ, ലോകഗതികളെ സാവധാനം അനുസന്ധാനംചെയ്തു അനുമാനിച്ചതോ, അതോ, കണ്ണുമടച്ചു വായിൽ തോന്നിയതു വേദവാക്യമാക്കി മൂഢജനങ്ങളെ ബോധിപ്പിച്ചതോ? സരസ്വതീപ്രസാദംപോലെ ഓരോരുത്തരും ഉത്തരം പറയുമെന്നിരുന്നാലും, ലോകമഹാസമരത്തിനു സമകാലമായിത്തന്നെ ഒരു യുഗാന്തരം ആവിർഭവിച്ചിട്ടുണ്ടെന്നു സമ്മതിക്കാത്തവർ ഉണ്ടാകുമെന്നു തോന്നുന്നില്ല. നിഷ്കാരണമായി പൊടിന്നനെ ഉണ്ടായതാണതെന്നോ, കലിക്കു അമ്പതുശതാഭിഷേകം നടന്നതും മഹായുദ്ധം തുടങ്ങിയതും കേവലം കാകതാലീയമെന്നല്ലാതെ കാലത്തിനു ഹേതുത്വം കല്പിക്കുന്നതു അയുക്തമെന്നോ, വാദിക്കാൻ ധൈര്യം അധികം ആളുകൾക്കുണ്ടാവില്ല. എങ്ങിനെയായാലും ഒരു സംഗതി സിദ്ധമാണു്; മുമ്പുണ്ടായിരുന്ന തോതുകളെല്ലാം ഇപ്പോൾ പുതുപ്പിക്കേണ്ടതായിട്ടാണു വന്നിരിക്കുന്നതു്; പണ്ടും ഭൂമി ഉരുണ്ടുകൊണ്ടുതന്നെയാണിരുന്നതു്. എന്നാൽ ഇന്നത്തെ ഭ്രമത്തിനു വേഗമേററം കൂടുതലാണു്. ഊന്നുവഞ്ചിയും കാളവണ്ടിയും കൊണ്ടു തൃപ്തിപ്പെട്ടിരുന്ന മനുഷ്യൻ,തീവണ്ടിയും മോട്ടോറും കൊണ്ടുപോരാതെ, ആകാശവിമാനത്തിലേറിപ്പറന്നു തുടങ്ങിയിരിക്കുന്നു. കാലത്തിനുതന്നെ ദൈർഘ്യംകുറഞ്ഞുപോയി. മനുഷ്യന്റെ ആയുസ്സുകുറഞ്ഞ ക്രമത്തിനു, പണ്ടു പത്തുനാൾകൊണ്ടു നടന്നുവന്നതു ഇന്നു പത്തുനാഴികകൊണ്ടു സംഭവിക്കുന്നു. കമ്പിത്തപാലും കമ്പിയില്ലാത്തപാലും, ദൂരദർശിനിയും ദൂരശബ്ദിനിയും മററു നൂതനസംവിധാനങ്ങളും ദേശകാലപരിധികളെ ഉല്ലംഘിച്ചു മനുഷ്യനു ദിവ്യത്വംനല്കുന്നു. ഐൻസ്റ്റീൻ എന്ന മഹാപണ്ഡിതൻ മനനോപാധികളുടെ സാന്നിധ്യത്തെപോലും ധിക്കരിക്കുന്നു! ഒലിവർലോഡ്ജ് മുതലായവർ പിതൃലോകപര്യവലോകന കൌതുകങ്ങളെ വർണ്ണിക്കുന്നു! ഏതു തുറയിൽ നോക്കിയാലും പഴയ കൂട്ടരെല്ലാം പോയ് പുതുവേഷക്കാർ സ്ഥാനം പിടിച്ചിരിക്കുന്നതുകാണാം. അതു യുക്തവും തന്നെ.

ഏതുമെല്ലാപ്പോഴുമൊന്നുപോലിരിക്കുന്നതു ജീവൻെറയല്ല, മരണത്തിൻെറ ലക്ഷണമാണ്. കണ്ണുതുറന്നു നോക്കു; ഏതു ചെടിയും ഫലപത്രപുഷ്പങ്ങളെ സൃഷ്ടിക്കുന്നു, വെടിയുന്നു, പിന്നെയുമുണ്ടാക്കുന്നു; ശാഖകളുണ്ടാകുന്നു, ഉണങ്ങുന്നു, പിന്നെയും മുളയ്ക്കുന്നു. ജന്തുക്കളിൽ ധാതുക്കളുണ്ടാകുന്നു, നശിക്കുന്നു, പിന്നെയും ജനിക്കുന്നു. പ്രതിദിനം മനുഷ്യൻ ഒമ്പതു റാത്തൽ ജീവധാതുക്കളെ കൊന്നുകളയുകയും പുതുപ്പിക്കയും ചെയ്യുന്നുണ്ടെന്നും ആണ്ടിലൊരിക്കൽ മാനുഷകായം പുതുമയെ പ്രാപിക്കുന്നുണ്ടെന്നും ഇയ്യിടെ ഒരു വിദുഷി പ്രസ്താവിക്കയുണ്ടായി. സൎഗ്ഗസ്ഥിതിലയങ്ങൾ പ്രപഞ്ചത്തിൻെറ പ്രകൃതിയാകുന്നു. ജനനമരണവ്യത്യാസം ബഹിൎമ്മുഖമായിമാത്രമല്ല അന്തൎമ്മുഖമായുമുണ്ടെന്നു മനസ്സിലാക്കണം. നമ്മുടെ നടവടികളിലുള്ളതുപോലെ വിചാരങ്ങളിലും അതു കാണാം. പുഴയിലെ വെള്ളം പ്രതിനിമിഷം നവംനവമായി വരുന്നപോലെ ആദൎശങ്ങൾ പുത്തൻ പുത്തനാകുന്നു. ആററിലെ അടിയൊഴുക്കു നാം കാണുന്നില്ല; എന്നവണ്ണം അന്തൎവ്വാഹിനികളായ സാമിബുദ്ധവികാശങ്ങളെ നാം അറിയുന്നില്ല. പ്രതിബന്ധമൊന്നു നേരിട്ടപ്പോൾ കാണാം ഒഴുക്കിൻെറ ഊക്കം.

മാനുഷസമുദായത്തിൻെറ നിർബ്ബാധമായ പോക്കിനെതിരായി ഹേമത്തിൽ വന്നുമുട്ടിയ വൻപാറയായിരുന്നു ജൎമ്മൻമഹാഹവം. ഏറിയനാളായി വളൎന്ന വിചാരധാര അതിൽ പൊട്ടിത്തകൎന്നു. പിന്നീടു അതു പല കൈവഴികളിലൂടെ പ്രവഹിച്ചു നാട്ടുകളെ നശിപ്പിച്ചു; ഐശ്വൎയ്യത്തെ ക്ഷയിപ്പിച്ചു; പ്രാചീനങ്ങളും മാഹാത്മ്യമേറിയവയുമായി ഉറച്ചിരുന്ന ഇരുപ്പിടങ്ങളെ കുത്തിയിളക്കി; ജനങ്ങളെ അനാഥരാക്കി; എന്നുവേണ്ട, ആ കോലാഹലത്തിൻെറ അവസാനം ഇന്നുമാരും കണ്ടവരില്ല. യൂറോപ്പിൻെറ ഇദാനീന്തന ദൈന്യസ്ഥിതി ആ ഭൂകമ്പത്തിനു ഉത്തമസാക്ഷ്യം വഹിക്കുന്നു. പരിഷ്കാരസാഗരത്തിൻെറ മറുകരകടന്നു അപ്രധൃഷ്യരെന്നു അഭിമാനിക്കുന്ന അമേരിക്കർപോലും ആ രണവാഹിനീരയത്തിൻെറ ചുഴലികളിലകപ്പെട്ടു വട്ടം കറങ്ങുന്നതേയുള്ളു. ഏഷ്യയും ആഫ്രിക്കയും അമ്പരന്നു വശമായിട്ടുണ്ട്. പ്രശാന്തയായിരുന്ന ഭാരതഭൂമിയ്ക്കു ഇന്നു വന്നിരിക്കുന്ന അസ്വാസ്ഥ്യതയ്ക്കു സാക്ഷാൽ നിദാനമിതുതന്നെയല്ലേ?

ഭരണമാണുസമുദായത്തിൻെറഘടകം. അതിൻെറ ഉറപ്പുകൊണ്ടുവേണം അംഗങ്ങൾ ശിഥിലങ്ങളാകാതിരിക്കാൻ. ഇന്നത്തെ സ്മൃതികൎത്താക്കന്മാർ നൂൽനൂക്കാനല്ലാതെ ചർട്ടു മുറുക്കാൻ തുനിയുന്നുണ്ടോ എന്തോ? രാജത്വം, രാഷ്ട്രത്വം, പ്രജാപ്രഭുത്വം എന്നിവക ഭരണമന്ദിരത്തിൻെറ പഴയ ആണിക്കല്ലുകൾ ഉടഞ്ഞുപോയിരിക്കുന്നു. രാജാവും പ്രജക

ളും തമ്മിൽ അധികാരങ്ങളെ വച്ചുമാററം ചെയ്യുവന്നതു പണ്ടുമുള്ള കച്ചോടം തന്നെയെന്നു സമ്മതിക്കാം. പക്ഷേ, പ്രജാസാമ്രാജ്യത്തിൻെറ മൂലമന്ത്രം ഇന്നു വേറെയാണ്. പ്രതിനിധികൾവേണ്ട, പ്രജകൾ നേരിട്ടുതന്നെ ഭരിച്ചാലെന്താണെന്നാണു ചോദ്യം. സമുദായത്തിനെ ആൾവീതം ഭാഗിക്കണമെന്നു സിദ്ധാന്തിക്കുന്നതിൻെറ ഫലം ഇന്നു റഷ്യയിൽ പ്രത്യക്ഷീഭവിക്കുന്നുണ്ട്. മനുഷ്യൻ മൂത്താൽ കുരങ്ങാകുമെന്നുള്ള ന്യായം അവിടെയാണു നാം കാണുന്നത്. സ്വാതന്ത്ര്യത്തിൻെറ മൂർദ്ധന്യത്തിൽ ദുസ്സ്വാതന്ത്ര്യം അഥവാ അസ്വാതന്ത്ര്യമാണു ഫലമെന്നു അവിടെ വ്യക്തപ്പെട്ടു. വിത്തും കൊററും, തന്തയും തള്ളയും, പെണ്ണുമാണും, എല്ലാം പൊതുവാണെന്നും അവരവരുടെ ഇച്ഛപോലെ അനുഭവിച്ചുകൊള്ളാമെന്നും വരുമ്പോൾ മനുഷ്യർക്കും മാട്ടുകൾക്കും തമ്മിൽ വളരെ അന്തരമുണ്ടെന്നു സമ്മതിക്കാൻ നിവൃത്തിയില്ല. സർക്കാർവകയല്ലാതെ സ്വന്തമെന്നൊന്നില്ലെന്നുവന്നാൽ സ്വാരാജ്യം സിദ്ധിക്കുമെന്നും, അധികാരിയില്ലാതെ അധികാരം നടത്താമെന്നും ഉപന്യസിക്കുന്ന റഷ്യയിലെ മൂന്നാം കൂററുകാരുടെ ഭരണതന്ത്രം നവീനസ്മൃതിയുടെ മൂർദ്ധാഭിഷിക്തസിദ്ധാന്തമാകുന്നു. പുരാണപ്രസിദ്ധമായ മാത്സ്യന്യായത്തിൻെറ പുതിയ പതിപ്പാണിതെന്നു വാദിക്കുന്നതിലൊട്ടും തെററുവരാനില്ല. സ്വാത്മപരതന്ത്രരായി മുതലാളികളും തൊഴിലാളികളും തമ്മിലുള്ള മത്സരം ഏതു നാട്ടിലുമുണ്ട്. അതു മുഴുത്തുവരുമ്പോൾ ഉണ്ടാകുന്ന അനിയന്ത്രിതസ്വാതന്ത്ര്യം തന്നെയാണു 'സോവിയററ്' എന്ന അപരനാമധേയത്തോടുകൂടിയ അരാജകത്വമായി റഷ്യയിൽ വിളയാടുന്നത്. സ്വാതന്ത്ര്യം മൂക്കുമ്പോൾ കലാപമായി. ന്യായം നടത്തൽ തോന്ന്യാസമായി. വലിയവൻ എളിയവനെ സ്വാഹാകരിക്കുന്നു.

"ജലേമത്സ്യാനിവഹിംസ്യുഃ
ദുർബ്ബലാൻ ബലവത്തരാഃ
അരാജകേഹിലോകേ/സ്മിൻ
സർവ്വതോവിദ്രുതേ ഭയാൽ"

എന്നും മററും പുരാണങ്ങൾ ഘോഷിച്ചിരിക്കുന്നു.

വേദാവിർഭാവകാലത്തുണ്ടായിരുന്ന സ്വയംഭൂതസംഘങ്ങൾ മത്സരിച്ചു ഭാരതഭൂമിയിൽ ഈ പ്രാകൃതാവസ്ഥയുണ്ടായിട്ടുണ്ടെന്നും, ദണ്ഡനീതിയുണ്ടായപ്പൊഴാണു അരാജകത്വം അസ്തമിച്ചതെന്നും പൌരാണികർ നിർവ്വചിച്ചിരിക്കുന്നു. മഹാഭാരതം ശാന്തിപർവ്വത്തിൽ ഭീഷ്മർ യുധിഷ്ഠിരനോടു പറയുന്നതു നോക്കുക:—

“നൈവരാജ്യം നരാജാസീ-
ന്നചദണ്ഡോനദാണ്ഡികഃ
ധർമ്മേണൈവ പ്രജാസ്സർവ്വാ-
രക്ഷന്തിസ്മ പരസ്പരം
പാല്യമാനസ്തഥാന്യോന്യം
നരാ ധർമ്മേണഭാരത!
ദൈന്യം പരമുപാജഗ്മു
സ്തതസ്താൻ മോഹആവിശൽ,
തേമോഹവശമാപന്നാ-
മനുജാമനുജർഷഭ!
പ്രതിപത്തി വിമോഹാച്ച
ധർമ്മസ്തേഷാമനീനശൽ.
നഷ്ടായാം പ്രതിപത്തൌ ച
മോഹവശ്യാനരാസ്തദാ
ലോഭസ്യവശമാപന്നാ-
സ്സർവ്വേ ഭാരതസത്തമ!
അപ്രാപ്തസ്യാഭിമർശംതു
കുർവ്വന്തോമനുജാംസ്തതഃ
കാമോനാമാപരസ്തത്ര
പ്രത്യപദ്യത വൈപ്രഭോ!.
താംസ്തുകാമവശം പ്രാപ്താൻ
രാഗോനാമാഭി സംസ്പൃശൽ
രക്താശ്ചനാഭ്യജാനന്ത
കാര്യാകാര്യേ യുധിഷ്ഠിര!
അഗമ്യാഗമനം ചൈവ
വാച്യാവാച്യം തഥൈവച
ഭക്ഷ്യാഭക്ഷ്യം ചരാജേന്ദ്ര!
ദോഷാദോഷഞ്ച നാത്യജൻ.”

ഈ സ്ഥിതിക്കുതന്നെയാണു അരാജകത്വമെന്നു പറയാറുള്ളതു്. പൊൻ വെള്ളി വെങ്കല സാധനങ്ങൾ അററകുററപ്പെട്ടു ഉപയോഗശൂന്യങ്ങളായാൽ നാമെന്താണു ചെയ്യാറുള്ളതു്? ഉടച്ചുവാർക്കയല്ലെ? സമുദായക്കൂടത്തെ പുതുതായി വാർക്കാൻ ഉടയ്ക്കയല്ലേ റഷ്യർ ചെയ്തിരിക്കുന്നതു? വാർക്കുന്ന പുതു ഭാണ്ഡം ഏതുവിധമിരിക്കുമെന്നു ഇപ്പോൾ തീർച്ചപറയാൻ വഹിയെങ്കിലും

മാനുഷ സമുദായമമ്മറിഞ്ഞിരുന്ന മഹാന്മാർ പണ്ടു ചെയ്യപോലെ മേലു മുണ്ടാകുമെന്നൂഹിക്കാൻ പല സംഗതികളുമുണ്ട്. ലോകത്തിലേതിനും ഒരു പരിവത്തനമുണ്ടെന്നു ഇന്നാരും സമ്മതിക്കും. അങ്ങനെയെങ്കിൽ മുമ്പുണ്ടായിരുന്നതു പിന്നെയും പ്രത്യക്ഷീഭവിക്കുമെന്നു പറയാതാക്കമറിയാം. സമുദായ പരിഷ്കാരം മൂക്കുമ്പോൾ പഴയരീതി പുത്തനായി പരിലസിക്കു മെന്നു തിട്ടംതന്നെ. അതുകൊണ്ടു സ്വാതന്ത്ര്യത്തിന്റെ നട്ടുച്ചയിൽ എത്തിയിരിക്കുന്ന സമുദായം പശ്ചിമാശയിൽമുങ്ങി പ്രാചീദേശത്തെ പുനശ്ച പ്രാപിക്കാനെളുപ്പമുണ്ട്.

ധമ്മം അസ്തമിച്ച് 'അരാജകത്വം ലോകത്തെ ബാധിച്ചപ്പോൾ പൂവന്മാർ എന്താണുചെയ്തതു്? ഭാരതത്തിൽ പറയുന്നു:—

"നഷ്ടേബ്രഹ്മണിധമ്മേ ച ദേവാസ്ത്രാസമഥാഗമൽ
തേത്രസ്താനര ശാർദ്ദൂല ബ്രഹ്മാണം ശരണംയയുഃ"

ബ്രഹ്മാവു അവരുടെ സങ്കടംകേട്ടു,

"താനുവാചസുരാൻ സവാൻസ്വയംഭൂഭഗവാംസ്തതഃ
ശ്രേയോഽഹം ചിന്തയിഷ്യാമിവ്യേതുവോഭീസ്സുരോത്തമാഃ

എന്നു സമാധാനപ്പെടുത്തി;

"തതോഽധ്യായസഹസ്രാണാം ശതം ചക്രേസ്വബുദ്ധിജം
യത്രധമ്മസ്തഥൈവാത്ഥഃ കാമശ്ചൈവാനുവണ്ണിതഃ
ത്രിവർഗ്ഗഇതിവിഖ്യാതോ ഗുണഏഷസ്വയംഭുവാ
ചതുത്ഥോമോക്ഷഇത്യേവപൃഥഗത്ഥഃപൃഥഗ്ഗുണഃ
ത്രയീചാന്വീക്ഷികീചൈവവാത്താചഭരതഷഭ!
ദണ്ഡനീതിശ്ച വിപുലാവിദ്യാസ്തത്രനിദശിതാഃ

ലോകരക്ഷണത്തിനു ദണ്ഡനീതിയാണു ഏററവും ഉതകുന്നതെന്നു പറയുന്നു:—

"ദണ്ഡേനസഹിതാഹ്യേഷാ ലോകരക്ഷണകാരികാ
നിഗ്രഹാനുഗ്രഹരതാലോകാനനുചരിഷ്യതി
ദണ്ഡേനനീയതേചേദം ദണ്ഡംനയതിവാപുനഃ
ദണ്ഡനീതിരിതിഖ്യാതാത്രീൻലൊകാനവപത്സ്യതെ
ഷാഡ്ഗുണ്യഗുണസാരൈഷാ സ്ഥാസ്യത്യഗ്രേമഹാത്മസു
ധമ്മാത്ഥകാമമോക്ഷാശ്ച സകലാഹ്യത്രശബ്ദിതാഃ"

ദണ്ഡനീതിയുണ്ടായതുകൊണ്ടായില്ല. അതു നടത്താനാരാണു എന്നായി ദേവന്മാരുടെ ചിന്ത.

"അഥദേവാസ്സമാഗമ്യ വിഷ്ണുമൂചുഃ പ്രജാപതിം
എകോയോഽർഹതിമർത്ത്യേഭ്യഃശ്രൈഷ്ഠ്യം വൈതംസമാദിശ."

ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ ഭഗവാൻ നാരായണൻ മാനസസുതനായി വിരജസ്സിനെ സൃഷ്ടിച്ചു. വിരജസ്സാകട്ടെ ഭൂഭർത്തൃത്വമിച്ഛിച്ചില്ല. അദ്ദേഹത്തിൻെറ പുത്രൻ കീർത്തിമാൻ മർത്ത്യാധികനായി ഭവിച്ചപോൽ! അയാൾക്കുണ്ടായ കർദ്ദമനാകട്ടെ മഹാതപസ്വിയായിപോയി. തൽപുത്രനായ അനംഗൻ, തരക്കേടില്ലാതെഭരിച്ചു. തൽപുത്രനായ അതിബലൻ,

"പ്രാപ്യനാശീം മഹാഭാഗാംത്രപിണ്ണീം കാമമൊഹിതഃ"

കാലപുത്രിയായ സുനീഥയിൽ വേനൻജനിച്ചു. അയാൾ അതിദുഷ്ടനായിരുന്നു. അതുകൊണ്ടു

"തംപ്രജാസ്സുവിധർമ്മാണം രാഗദ്വേഷവശാനുഗം
മന്ത്രപൂതൈഃകുശൈർജ്ജഘ്നുരൃഷയോ ബ്രഹ്മവാദിനഃ

അനന്തരം അയാളുടെ പുത്രരിൽ പൂർവ്വജൻ ഹ്രസ്വകനും അശുചിയുമായതിനാൽ അയാളെ ഉപേക്ഷിച്ചു അനുജനായ പൃഥുവിനെ ധർമ്മാനുസരണം ഭരണം ചെയ്യാമെന്നു ഉടമ്പടി ചെയ്യിപ്പിച്ചു രാജാവാക്കി.

"പ്രതിജ്ഞാഞ്ചാധിരോഹസ്വമനസാകർമ്മണാഗിരാ
പാലയിഷ്യാമ്യഹംഭൌമം ബ്രഹ്മഇത്യേവചാസകൃൽ
യശ്ചാത്രധർമ്മഇത്യുക്തോദണ്ഡനീതിവ്യപാശ്രയഃ
തമശംകഃകരിഷ്യാമിസ്വവശോനകദാചന
വൈന്യസ്തതസ്താംനവാചദേവാനൃഷിപുരോഗമാൻ
ബ്രാഹ്മണാമേസഹായാശ്ചേദേവമസ്തുസുരർഷഭാഃ"

ഈ പൌരാണികകാലത്തു നടന്നതുപോലെ തന്നെയല്ലേ ഇംഗ്ലണ്ടു ചരിത്രത്തിൽ ചാറർസ് ഒന്നാമൻെറ വധവും, ജെയിംസു രണ്ടാമൻെറ നിഷ്കാസനവും, ആറഞ്ചിലെ വില്യമിൻെറ രാജ്യാഭിഷേകവും നടന്നിട്ടുള്ളതു്? ഭരണതന്ത്രസംബന്ധമായി രണ്ടു പ്രധാനസംഗതികൾ നാം ഇതിൽനിന്നു ഗ്രഹിക്കുന്നുണ്ടു്. ഒന്നാമതു ദണ്ഡനീതി അപൌരുഷേയമാകുന്നു. രാജനിയോഗമല്ല. പൌരാണികഭാഷയിൽ ബ്രഹ്മാവു സൃഷ്ടിച്ചതാണു ധർമ്മമെന്നു പറയുന്നതിൻെറ അർത്ഥം ഇതാണ്. ഏറിയ നാളായി പരിപാലിക്കുന്ന ശിഷ്ടാചാരങ്ങളുടെ സമവായമാകുന്നു ധർമ്മശാസ്ത്രം. രണ്ടാമതു, ധർമ്മം രക്ഷിച്ചുകൊള്ളാമെന്നു 'സമയം' ചെയ്യിച്ചാണു പ്രജകൾ രാജാവിനെ തിരഞ്ഞെടുത്തതു്. രാജാധികാരം നിയമ സൃഷ്ടിക്കല്ല നീതിനിർവ്വഹണത്തിനാണ്. ഇന്നുള്ള പ്രാഡ്വിവാകന്മാർചെയ്യുന്ന കൃത്യത്തെയാണു അന്നു രാജാക്കന്മാർ നടത്തിവന്നതു്. രാജാവു നിയമസ്രഷ്ടാവെന്നും നി

യമാതീതനാണെന്നുമുള്ള ഇദാനീന്തനബോധം അന്നില്ലായിരുന്നു. രാജത്വം അന്നു അനിയന്ത്രിതസ്വാതന്ത്ര്യത്തിൽ പ്രതിഷ്ഠിതമായിരുന്നില്ല; പ്രജകളുടെ സ്വധർമ്മാചരണപൂർവ്വമായ വളർച്ചയ്ക്കു അനുകൂലമായ ദണ്ഡനീതിയാൽ നിബദ്ധമായിരുന്നു. പ്രജകളുടെ അനുമതിയിലാണു രാജാവു ഭരണത്തെ സ്ഥാപിച്ചിരുന്നത്.

ഇന്നു യൂറോപ്പിൽ സ്വിഡ്സർലണ്ടു രാജ്യത്തുകാണുന്ന 'കാൻറൺ' എന്ന മാതിരി അനവധി സമൂഹങ്ങളും ഗണങ്ങളും ശ്രേണികളും വേദകാലം മുതൽ മൌർയ്യവംശ്യരുടെ സാമ്രാജ്യസ്ഥാപനംവരെ സ്വയംഭരണം നടത്തിവന്നിരുന്നതായി കാണുന്നുണ്ട്. മൌർയ്യസാമ്രാജ്യം ശിഥിലമായതിന്റെ ശേഷവും, ഗ്രാമസമൂഹങ്ങളും വർഗ്ഗീയസംഘങ്ങളും പണ്ടു ഗ്രീസ്സുരാജ്യത്തുണ്ടായിരുന്നതുപോലെ, സ്വയംഭരണാധികാരം വഹിച്ചുവന്നു. വെള്ളക്കാരുടെ ആധിപത്യം മുഴുത്തതുവരെ തെന്നിൻഡ്യയിൽ പഞ്ചായത്തുകളും പാഞ്ചാബിൽ ഗ്രാമസംഘങ്ങളും സ്വയംഭരണം നടത്തിവന്നതായിതെളിയുന്നുണ്ട്. ചരിത്രദൃഷ്ട്യാവോക്കുമ്പോൾ, ഭാരതഭൂഭരണം സ്വതന്ത്രഗണങ്ങളിൽനിന്നു മുളച്ചു, ശാഖോപശാഖകളായി തഴച്ചുവളൎന്നപ്പോൾ, സ്വധർമ്മാനുഷ്ഠാനലോപങ്ങൾ നേരിടുകയാൽ സർവ്വസമ്മതപ്രകാരം ഒരു നിയന്താവിനെ യോഗക്ഷേമനിർവ്വാഹകനായി വരിച്ചു, ദണ്ഡനീതിക്കനുസരണമായി ഭരിച്ചുകൊള്ളാമെന്നുള്ള ഉടമ്പടിയിൻപേരിൽ രാജസ്ഥാനത്തു അഭിഷിക്തനായിത്തീൎന്നതായി അനുമാനിക്കാവുന്നതാണ്. പൃഥുവിനെ രാജാവാക്കിയതു അപ്രകാരമാണെന്നു നാം കണ്ടുവല്ലോ. അദ്ദേഹമാണു ആദിരാജാവെന്നു ശുക്ലയജുർവ്വേദത്തിൽ പറയുന്നു. പിന്നീടു വൈവസ്വതമനുവിനെ രാജാവാക്കിയതും ഇപ്രകാരം സ്വയം ചെയ്യാണെന്നു

"സമേത്യതാസ്തതശ്ചക്രുഃസമയാനിതിനഃശ്രുതം" എന്നുള്ള ഭാരതവാക്യത്തിൽനിന്നു സ്പഷ്ടമാകുന്നുണ്ട്. സമരാംഗണസൂത്രധാരമെന്ന ബൌദ്ധഗ്രന്ഥവും ഇതിനു സാക്ഷ്യം വഹിക്കുന്നു.

ഇന്നു പാശ്ചാത്യസമുദായങ്ങൾക്കു കുത്തകയെന്നും പൌരസ്ത്യൎക്കു അയുക്തമെന്നും കല്പിച്ചുവരുന്ന സാമാന്യജനഭരണരീതികളും (direct democracy)സമയപ്രതിഷ്ഠിതഭരണവും(Social contract)നിയുക്തരാജത്വവും (elected sovereignty) പൌരാണിക കാലത്തുപോലും ഹിന്ദുസമുദായത്തിൽ നടപ്പുണ്ടായിരുന്നു എന്നുള്ളതു നമുക്കു ഏററവും അഭിമാനകരമത്രെ. അതുകൊണ്ടു, ആ സമുദായം ഏറിയോരുകാലം മുമ്പുതന്നെ പരിഷ്കൃത ദശയെ പ്രാപിച്ചിരുന്നുഎന്നും, പിന്നീടുണ്ടായ പരിവർത്തനങ്ങളുടെ ഫ

ലമായിട്ടാണു ആ ഉച്ചാവസ്ഥയിൽനിന്നു കീഴടിഞ്ഞതെന്നും തെളിയുന്നതു കൂടാതെ, ഏകശാസനയിൽ കീഴടങ്ങി വർത്തിക്കാനല്ലാതെ സ്വയംഭരണത്തിനുതകുന്ന ദേശമല്ല ഭാരതമെന്നുള്ള വാദം അയുക്തമെന്നു വരികയും ചെയ്യുന്നു.

പുരാണഭരണസരണിയെ വെടിഞ്ഞു മുന്നോട്ടു കടക്കുന്നതിനു മുമ്പായി ഒന്നു രണ്ടു സംഗതികൾ കൂടി പറയേണ്ടതുണ്ട്. വർഗ്ഗീയ സംഘങ്ങൾ അനവധി വർദ്ധിച്ചു വന്നപ്പോൾ സമുദായത്തെ പരസ്പരസ്പർദ്ധ കൂടാതെ സംരക്ഷിക്കുന്നതിന്നു പൂർവ്വന്മാർക്കു സാധിച്ചതു വർണ്ണാശ്രമധർമ്മ സംവിധാനം കൊണ്ടായിരുന്നു. ഇപ്പോൾ വർണ്ണവ്യവസ്ഥ നിരർത്ഥകവും പുരോഗമനത്തിനു പ്രതിബന്ധവുമായി പരിണമിച്ചിരിക്കാമെങ്കിലും, അതേപ്പറ്റ കാലത്തും പിന്നീടു പാശ്ചാത്യ സമുദായങ്ങളുടെ സംഘടനമേററകാലം വരേയും, സമീചീനവും ക്ഷേമാഭ്യുദയപ്രദവുമായിരുന്നു എന്നുള്ളതിനു തക്കമില്ല. "ശ്രേയാൻ സ്വധർമ്മോവിഗുണഃ പരധർമ്മാത്സ്വനുഷ്ഠിതാത്" എന്നു സിദ്ധാന്തം നിലവിലിരുന്നകാലംവരേ, സമുദായാംഗങ്ങൾക്കു അന്യോന്യാശ്രയവും വൃത്തിസൌലഭ്യവും, പുരുഷാർത്ഥസിദ്ധിയും കരസ്ഥമായിരുന്നു. വ്യക്തിസ്വാതന്ത്ര്യം, ജീവിതമത്സരം, ദുർബലനിശ്ശ്വാസനം, പ്രവൃത്തിരാഹിത്യം മുതലായി ഇക്കാലത്തു മഹാമാരിയേക്കാൾ രാജ്യകണ്ടകങ്ങളായിത്തീർന്നിരിക്കുന്ന ഈതിബാധകളെ അന്നൊഴിച്ചതു വർണ്ണാശ്രമധർമ്മമൊന്നുകൊണ്ടാകുന്നു. അനേകശതവർഷങ്ങളായി പലവിധേന ബാധകളേററുവന്നിട്ടുപോലും കലക്കം തട്ടിയതല്ലാതെ നിശ്ശേഷം അതു ഇന്നും നശിച്ചുപോയിട്ടില്ലെന്നുള്ള ഏക സംഗതികൊണ്ടു തന്നേ അതിൻെറ മാഹാത്മ്യം അറിയാവുന്നതാണ്. മററനാട്ടുകളിൽ പണ്ടേപ്പറ്റ മററു ഭരണതന്ത്രങ്ങളെല്ലാം മണ്ണിനടിയിൽ പോയിക്കഴിഞ്ഞു. ഹിന്ദുസമുദായം സൃഷ്ടിച്ച പദ്ധതി ഇന്നും നിലനില്ക്കുന്നുണ്ട്. അതെന്തുകൊണ്ടെന്നുള്ള സൂക്ഷ്മം ചിന്തിക്കുന്നവരുണ്ടെങ്കിൽ അവൎക്കറിയാം അതിൻെറ സനാതനത്വം.

വർണ്ണങ്ങളുടെ ഉൽപ്പത്തിയെപ്പററി പലരും പലവിധം വ്യാഖ്യാനിക്കുന്നുണ്ടെങ്കിലും, വൈദികകാലത്തു തന്നേ അവയേപ്പററിട്ടുണ്ടെന്നു പുരുഷസൂക്തം സാക്ഷ്യം വഹിക്കുന്നു. അതിപ്രാചീനമായ ഈ ഏർപ്പാടു ദസ്യുക്കളിൽ നിന്നു (aborgines) ആര്യരെ വേർതിരിക്കുന്നതിനോ പരസ്പരസങ്കരം കൊണ്ടുണ്ടായ മാലിന്യത്തെ അകററി ശുദ്ധമാക്കുന്നതിനോ ഉണ്ടായ ഏർപ്പാടായാലുംശരി, നിറംകൊണ്ടു കല്പിച്ചതൊ തൊഴിൽ കൊണ്ടു നിർണ്ണയിച്ചതൊ ആയ വ്യവസ്ഥയാലും ശരി, ഇതൊന്നുമല്ല, കൂട്ടത്തിൽ കൂട്ടിയതു

കൊണ്ടു, അതായതു വരിച്ചതു കൊണ്ടു (Convert) വർണ്ണമായതായാലും ശരി, ഭരണദൃഷ്ട്യാ അനുമതിയായ ഉപായമായിരുന്നു എന്നുള്ളതിനു തക്കമില്ല. ആ കെട്ടുപാടിൽ ഒരു വ്യക്തിക്കും സ്വാർത്ഥമാത്രം കൊണ്ടു കഴിഞ്ഞുകൂടാൻ സാധിക്കയില്ല. ആക്കും കുടുംബത്തേയും സമുദായത്തെയും രാജ്യത്തെയും ദൈവത്തെയും മറന്നു വർത്തിക്കാൻ സാധിക്കയില്ല. പിതൃപൂജ, അതിഥിപൂജ, രാജപൂജ, ദേവപൂജ, പ്രാണിപൂജ എന്നുള്ള സ്വാർത്ഥത്യാഗനിഷ്ഠങ്ങളായ കൃത്യങ്ങൾ ഏവനും നിർബന്ധമായി അനുഷ്ഠിക്കാതെ തരമില്ലായിരുന്നു. ഇവയെത്തന്നെയാണു മഹായജ്ഞങ്ങൾ എന്നു പരിഗണിച്ചിരിക്കുന്നതു്. "പാഠോഹോമശ്ചാതിഥീനാം സപര്യ്യാതർപ്പണം ബലിഃ ഏതേ പഞ്ചമഹായജ്ഞാഃ."

ഈ ഉത്തമധർമ്മങ്ങൾക്കു ക്രമേണ വൈവർണ്ണ്യം വന്നു തുടങ്ങിയതോടുകൂടി ആ ഏർപ്പാടു അധഃപതനോന്മുഖമായി. വർണ്ണങ്ങൾക്കു തമ്മിൽ ഉച്ചനീചഭാവം ആദ്യമില്ലാതിരുന്നതാണു അതിന്റെ മുഖ്യഗുണം. ഏകോദരസന്താനങ്ങളെപ്പോലെ അവസ്ഥാഭേദമില്ലാതെയിരുന്ന ജാതികൾ, കാലാന്തരത്തിൽ സമുദായമത്സരത്താൽ എന്നുമാവാം, വേലപ്പിരിവുകൊണ്ടു ഉച്ചനീചാവസ്ഥയെ പ്രാപിച്ചതിനാൽ എന്നുമാവാം, ക്രമേണ ദൂഷിതങ്ങളായി എന്നു സംശയമില്ല. ജാതിധർമ്മങ്ങളെ വിവരിച്ചതിന്റെ ശേഷം ഭീഷ്മർ ഇങ്ങനെ യുധിഷ്ഠിരനോടു പറയുന്നു:—

തസ്മാദവർണ്ണാ ഋജവോജ്ഞാതിവർണ്ണാഃ
സംസൃജ്യന്തേ തസ്യവികാരഏവ
ഏകം സാമയജുരേകമൃഗേകാ
വിപ്രശ്ചൈകോ നിശ്ചയം തേഷുസൃഷ്ടഃ

ഇതിന്റെ സൂക്ഷ്മം നോക്കിയാൽ, വേദങ്ങൾ തമ്മിലുള്ള ചാർച്ചപോലെയാണു ജാതികൾക്കുള്ളതെന്നു പ്രത്യക്ഷമാകുന്നു. ആശ്രമധർമ്മങ്ങളേയും ആചാരങ്ങളേയും നിയമനം ചെയ്തിരിക്കുന്നതു നോക്കിയാലും; ആന്തരമായ യോജിപ്പു വെളിപ്പെടുന്നുണ്ടു്. ഇന്നു ധനത്തിൽ വിലനിരത്തി കൃത്രിമമായി സൃഷ്ടിക്കുന്ന പരസ്പരസഹായബോധം അന്നു ധർമ്മംകൊണ്ടാണു സാധിച്ചതു്. ഒന്നു നശ്വരവും മറേറതു സനാതനവുമാണെന്നത്രേ ഭേദം! ആക്കുമെന്തും ചെയ്യാമെന്നുള്ള ഇന്നത്തെ സ്വാർത്ഥമത്സരം അന്നു വരാതിരുന്നതു ആചാരനിബന്ധനകൾ കൊണ്ടായിരുന്നു. സ്വസ്വധർമ്മാനുഷ്ഠാനത്തിൽ നിരതരായവൎക്കു കലഹത്തിനും മത്സരത്തിനും ദ്വാരമടഞ്ഞു. അപ്പോൾ സമുദായം കെട്ടുപാടുറച്ചു ക്ഷേമോന്മുഖമായി. ദേഹത്തിൽ ഓരോ അംഗങ്ങളും ശരിയായി അവയുടെ പ്രവൃത്തിനടത്തുമ്പോൾ ആരോഗ്യ

വും സുഖവുംവളച്ച്യയും ഉണ്ടാകുന്നവണ്ണം സമുദായം അന്ന ക്ഷേമാഭിവൃദ്ധ മായിരുന്നു.

മറെറാരു സംഗതി പറയാനുള്ളതെന്തെന്നാൽ ഭാരതരാജ്യഭരണം മ തത്തിൽ സ്ഥാപിതമായിരുന്നു എന്നും, വൈദികന്മാരുടെ സ്വാധികാര പ്രമത്തതനിമിത്തം രാജാധികാരം ദൂഷിതമായിരുന്നു എന്നും പാശ്ചാത്യർ ഒരു ദുർബോധമുദിപ്പിച്ചിരിക്കുന്നതു അടിസ്ഥാനമില്ലാത്തതെന്നാകുന്നു. ഭാരതത്തിൽ രാജ്യഭരണം മതഭരണമാണു (Theocracy) എന്നുള്ള തെ ററിദ്ധാരണ ഒന്നു കൊണ്ടാണു ബ്രാഹ്മണവിദ്വേഷം മുഴുത്തതു്. സത്യ ത്തിൽ ഹിന്ദുരാജ്യഭരണം ഒരു കാലത്തും യൂറോപ്പിലെപ്പോലെ, വൈദികഭ രണമായിരുന്നില്ല. രാജാക്കന്മാക്കു വൈദികമന്ത്രിമാരുണ്ടായിരുന്നതു പോ ലെ ലൌകിക മന്ത്രിമാരുണ്ടായിരുന്നു. ഇരുകൂട്ടരുടേയും അധികാരാതൃത്തി ഖണ്ഡിതമായിരുന്നു. ആചാരങ്ങളിലും മതാനുഷ്ഠാനങ്ങളിലും ദേവാരാ ധനകളിലും വൈദികന്മാർ പ്രാമാണ്യം വഹിച്ചിരുന്നതല്ലാതെ, ലൌകിക രാജ്യതന്ത്രങ്ങളിൽ ഇടപെട്ടിരുന്നില്ല. മന്ത്രമണ്ഡപത്തിൽ അവരുടെ സാ ന്നിധ്യം സാക്ഷിമാത്രമായും, അഥവാ കൂടിവന്നാൽ, ശാസ്ത്രാത്ഥ സൂക്ഷ്മങ്ങ ളെ വിശദീകരിക്കുന്നതിനു സഹായമായും തീൎന്നതേയുള്ളു. അപ്രകാരമല്ല, പാശ്ചാത്യരാജ്യങ്ങളിലുണ്ടായ അവസ്ഥയെന്നു യൂറോപ്യൻ ചരിത്രം വി ശദമാക്കുന്നു. എത്ര ശതവഷകാലം പോപ്പു രാജാധിരാജനായി വാണു വെന്നും, ആ വൈദികാദ്ധ്യക്ഷൻെറ അനുമതികൂടാതെ രാജാധികാരം എ ങ്ങു നാട്ടിലും നടത്തിവന്നില്ലെന്നും സുപ്രസിദ്ധമാണല്ലൊ. “വൈദികറോ മാസാമ്രാജ്യ”മെന്നും (The Holy Roman Empire) ‘വൈദികസഖ്യ’മെ ന്നും (The Holy Alliance) മററുമുള്ള ഏപ്പാടുകൾ ഇക്കഴിഞ്ഞ പത്തൊ മ്പതാം ശതവഷംവരെ നിലനിന്നിരുന്നു. യൂറോപ്യൻ നാടുകളിൽ രാജ്യ ഭരണകാൎയ്യങ്ങളിൽ പോപ്പു കൈകാൎയ്യം നടത്തിവന്ന കഥയെ സ്മരിച്ചാ യിരിക്കാം ഹിന്ദുസ്ഥാനത്തും വൈദികഭരണമുണ്ടെന്നു പാശ്ചാത്യർ മാറി ധരിച്ചതു്. അഥവാ, സകല ലൌകികവൃത്തിയും ഹിന്ദുക്കൾ ഈശ്വരാപ്പ ണബുദ്ധ്യാ ചെയ്യുവന്നതും, ഉത്തമപുരുഷാത്ഥം മോക്ഷമാണെന്നു സമത്ഥി ച്ചിരുന്നതും വെള്ളക്കാരുടെ മിഥ്യാബോധത്തെ ദ്വിഗുണീകരിപ്പിച്ചിരി ക്കാം. ഏതായാലും ഭാരതഭൂമിയിൽ യൂറോപ്പിലെ പോലെ ലൌകികരാജ്യ ഭരണം വൈദിക പ്രമാണമായിരുന്നില്ല. ഹിന്ദുക്കൾക്കു മതപ്രതിപത്തി യേറെയുണ്ടായിരുന്നിട്ടും അതു സ്വധമ്മാനുഷ്ഠാനത്തിലും വൈദികകമ്മങ്ങ ളിലും നിലവിന്നതല്ലാതെ ലൌകിക രാജ്യകാൎയ്യങ്ങളെ ബാധിച്ചിരുന്നി ല്ലെന്നു ധരിക്കേണ്ടതാണു്.

ഘടസംവാദം.

(Omar Khayyam)

(ജി. ശങ്കരക്കുറുപ്പ്.)

ചരമദിനാവരണം തന്നടിക്കൊള്ളിച്ചു ക്ഷുധാ–
പരവശം വ്രതകൃശം ‘റമസ’മാസം;
മൃന്മിതരൂപങ്ങളാൽ പരീതനായ്കൗലാലക–
മന്ദിരത്തിൽ നിന്നേനൊററയ്ക്കൊരിക്കൽക്കൂടി.

ഘടം നാനാജാതിയിലും തരത്തിലും വടിവിലും
കിടക്കുന്നുതറയിലും ‘നിര’ക്കൂട്ടത്തും;
അതിവാചാലങ്ങളതിൽ ചിലതെല്ലാം; മററുചില–
തതിൽ ശ്രദ്ധിക്കയൊലാവാം, തീരെമൂകങ്ങൾ.

ഓതുകയാണതിലൊന്നു:– “വെറുതെയാവില്ലാന്തനം
ജാതമാക്കിയതെൻരൂപം സാമാന്യമൃത്താൽ;
ശിഥിലിതമാക്കുവാനോ, പുനരപിചവിട്ടിത്തേ–
ച്ചഥവാ നിരാകാരമാം പൂഴിയാക്കാനോ”.

“സരസംതാൻപാനം ചെയ്യുപാത്രമുടയ്ക്കില്ലാ”,മററൊ–
ന്നുരയ്ക്കയായ്:–“കോപനനാം കുമാരൻപോലും;
സ്വന്തംകൈയാൽ സ്വയംതീർത്തഭാജനങ്ങൾ പിന്നെക്രോധാ
ക്രാന്തനായി‘ട്ടവനു’ണ്ടോ നശിപ്പിക്കുന്നു?”

നിശ്ശബ്ദമായല്പനേരം; അനന്തരമസുന്ദര–
മശ്ശരാവങ്ങളിലൊന്നു പറകയായി:–
“വികലരൂപനാകയാൽ – വിറച്ചായോ വേധാവിൻകൈ–
സകലരും കലരുന്നു നിന്ദയെൻനേരേ.”

ഒരദ്വൈതവാദിയാവാം — വാചാലമാമൊന്നുകട–
ന്നുരയ്ക്കയാം സമുജ്വലദുൽക്കടകോപം:–
“ഘടഘടകാരവാദകോലാഹലംതന്നേ! ചൊൽവിൻ,
കുടമേതോ, ഞാനർത്ഥിപ്പൂ, കുലാലനേതോ!”

“മലിനമായ് സ്വയംതീർത്ത മന്ദഭാഗ്യഭാജനത്തെ
വലിച്ചിടും നരകത്തിൽ ഭീകരനവൻ,”

വിവരിപ്പൂ ചിലരേവം, മററൊന്നോതീ:_"ഛീ! സൽഗുണ-
ഭവനമാണവനെല്ലാം ഭദ്രമായ്‌വരും."

പരപാത്രംചൊല്ലീ:_ "ആരുനിർമ്മിച്ചാലും, വാങ്ങിച്ചാലും,
ചിരവിസ്മൃതിയാണെന്നെൻ മുല്ലിബന്ധമുണങ്ങി;
പരിചിതപൂർവ്വദ്രാക്ഷാരസമെന്നിൽ നിറയ്ക്കുവിൻ,
കരസ്ഥമാം സ്വാസ്ഥ്യമെനിയ്ക്കെന്നാൽ ക്രമേണ."

പരസ്പരം മൺപാത്രങ്ങൾ സംസാരിക്കെ,യെത്തിനോക്കി,
ചിരപ്രതീക്ഷിത ബാലകലേശലേഖ;
ഒന്നാകമ്പ മാന്നിതവ:_ "സഹോദര, സഹോദര,
വന്നല്ലോ ഭാരികൻ;തോൾച്ചുമ്മാടൊച്ചകേൾപ്പൂ."

പരസ്യങ്ങൾ.

—എന്നുവച്ചാൽ താഴെ കാണുന്നതെല്ലാം പരസ്യങ്ങളെന്നല്ല അൎത്ഥം. പരസ്യങ്ങളെ അധികരിച്ചു ചിലതൊക്കെ പറയുവാനുള്ള പുറപ്പാടാണിവിടെ. വീട്ടിലെ വേലക്കാരിൽ ചിലരെപ്പററി യജമാനൻതന്നെ ചില സന്ദൎഭങ്ങളിൽ സഗൌരവം പ്രസംഗിക്കേണ്ടതായി വന്നേയ്ക്കും. അതുപോലെ പത്രങ്ങളിലെ പരസ്യങ്ങളെ സംബന്ധിച്ചു പത്രക്കാർതന്നെ കുറെ കാൎയ്യമായി പറയേണ്ട കാലമായിരിക്കുന്നു ഇപ്പോൾ.

നമ്മുടെ നാട്ടിൻപുറങ്ങളിൽ ചാലിയന്മാർ 'കസവുവേണമോ കസവ്' എന്നുവിളിച്ചുപറയുന്ന സമ്പ്രദായം നമുക്കു സുപരിചിതമായിരിക്കുമല്ലോ. എവിടേയും പരസ്യങ്ങളുടെ തുടക്കം അപ്രകാരമുള്ള വിളിച്ചുപറയൽതന്നെയാണ്. പരിഷ്കാരം 'പട്ടിക്കാട്ടി'ലും കണ്ടുതുടങ്ങിയിരിക്കുന്ന ഇക്കാലത്തും അത്തരം വിളിച്ചുപറയൽ ധാരാളം കാണപ്പെടുന്നുണ്ട്. തീവണ്ടിയാത്രകഴിച്ചിട്ടുള്ളവരോടു ചോദിച്ചാൽമതി അതറിയുവാൻ. പഴക്കവും തഴക്കവും നിമിത്തം തീവണ്ടിയാപ്പീസുകളിലെ വിളിച്ചു പറയലിനു യഥാൎത്ഥത്തിൽ ഒരു പരസ്യഛായതന്നെ വന്നിട്ടുണ്ട്. പട്ടണത്തിലെന്നല്ല പറമ്പുകളിൽക്കൂടി കമ്പനികളും ബാങ്കുകളും വന്നുനിറഞ്ഞതോടുകൂടി പരസ്യങ്ങൾക്കു ചില അനുസാരിക'ളും വന്നുവശായി. ഇപ്പോൾ ചിട്ടികളുടേയും നാടകങ്ങളുടേയുംമററും പരസ്യങ്ങൾ ഉണ്ടായാൽമതി വാദ്യങ്ങളുടെ വൈചിത്ര്യം മനസ്സിലാക്കുവാൻ. ഇനി ദേവലോകത്തിൽനിന്നുതന്നെ വല്ല

വാദ്യവിശേഷവും ഇവിടെ വന്നുപററിയാൽ അതിൻെറ 'സാമ്പിൾ' ആദ്യം കാണിക്കുന്നതു ബാങ്കുകാരോ സിനിമക്കാരോ ആയിരിക്കും.

കടലാസിനും അച്ചടിയന്ത്രത്തിനും പ്രചാരം വദ്ധിച്ചപ്പോഴാണല്ലോ വൃത്താന്തപത്രങ്ങൾ സവ്വത്ര കണ്ടുതുടങ്ങിയതു്. അപ്പോൾ പരസ്യങ്ങൾക്കു പുതിയൊരു ചുണയും ചൊടിയും ഉണ്ടായി. പത്രങ്ങളുടെ 'കൌൎററ'മായി പരസ്യങ്ങളെ കണക്കാക്കണമെന്നായി പലരുടേയും അപേക്ഷ. പക്ഷേ അപ്രതീക്ഷിതമായിക്കിട്ടിയ 'പൂജകബഹുവചനം'കൊണ്ടു മതിമറന്ന പത്രാധിപന്മാർ ആദ്യം ആ അപേക്ഷ അത്ര വകവച്ചില്ല. പരസ്യങ്ങൾ പത്രങ്ങളുടെ 'സ്ഥിതിയ്ക്കു' പററിയതല്ലെന്നായിരുന്നു അവരുടെ അഭിപ്രായം. എന്നാൽ അല്പകാലംകൊണ്ടു ആ അഭിപ്രായം ഭേദപ്പെട്ടു. കാലത്തിൻെറ കോലം പരസ്യങ്ങൾക്കും പത്രപംക്തികളിൽ 'സീററനുവദിക്കണ'മെന്നു നിർബന്ധിച്ചു. ചണ്ഡാലനും ചിലപ്പോൾ ചക്രവത്തിയുടെ സന്നിധിയിൽ 'ചാരുവാമാസനം കേറിവിളങ്ങുമേ' എന്നുണ്ടല്ലോ. പണത്തിൻെറ ആവശ്യവും പരസ്യക്കാരെ സ്വീകരിക്കുവാൻ പത്രക്കാരെ പ്രേരിപ്പിച്ചുതുടങ്ങി. താമസിയാതെ, 'ലണ്ടൺഗസററ്' തുടങ്ങി ചില പത്രങ്ങൾ ആചാരലംഘനം ചെയ്തു; പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ സന്നദ്ധമായി. പിന്നത്തെ കഥ പറയാനില്ല. "മുമ്പേഗമിക്കുന്നൊരു ഗോവുതൻെറ പിമ്പേഗമിക്കും ബഹുഗോക്കളെല്ലാം" എന്ന കുഞ്ചൻെറ വാക്കുകൾ അവിടേയും അനപത്ഥം. ക്രമേണ പത്രങ്ങളിൽ പരസ്യങ്ങൾക്കു 'റിസർവഡ് സീററാ'യിക്കഴിഞ്ഞു. ഇപ്പോൾ പരസ്യക്കാരെ വിളിപ്പാനും പരസ്യമുപയോഗിക്കുക എന്ന ദിക്കായിരിക്കുന്നു.

പരസ്യങ്ങളുടെ കായ്യത്തിൽ ഇപ്പോൾ മുമ്പന്മാർ ഇംഗ്ലീഷുകാരും അമേരിക്കക്കാരുമാണു്. 'ഫോർഡ്' (Ford Car) കമ്പനിക്കാർ ഈയിടെ അഞ്ചു ദിവസംകൊണ്ടു 2000 പത്രങ്ങളിൽ പരസ്യങ്ങൾ ചേപ്പിക്കുവാൻവേണ്ടി രണ്ടു ലക്ഷത്തിൽപരം പവൻ ചെലവാക്കിയത്രേ. "The Manchester Evening News" എന്ന പത്രത്തിനു ഒരുകൊല്ലത്തിൽപരസ്യങ്ങളെപ്പററിയുള്ള 21 ലക്ഷത്തിലധികം കത്തുകൾക്കു മറുവടി അയക്കേണ്ടതായി വന്നുപോലും. എന്തൊരു ഭയങ്കരമായ വ്യത്യാസം!

ചില പേരുറച്ച പത്രങ്ങളിലിപ്പോൾ സ്ഥലപ്രാധാന്യത്തിനുവേണ്ടി പരസ്യക്കാർ തമ്മിൽ മത്സരമായിരിക്കുന്നു. തന്നിമിത്തം 'ഡെയിലിമെയിൽ' മുതലായ പത്രങ്ങൾ 'ഇന്നസ്ഥലം ഇന്ന കമ്പനിക്കു മാത്രം' എന്നു മുൻകൂട്ടി പ്രഖ്യാപനം ചെയ്യുന്നു. കേരളത്തിലെ 'ദരിദ്രം പിടിച്ച' പത്രങ്ങൾക്കും കുറച്ചൊക്കെ ആ സമ്പ്രദായം അനുഷ്ഠേയമായി വരുന്നുണ്ടെന്നാണു

കേൾവി. അങ്ങനെയെങ്കിൽ അമേരിക്കയിലേയുംമററം സ്ഥിതി പറയേണമോ?

പരസ്യക്കാർ സ്ഥലവും കാലവും നോക്കുന്നതിൽ വളരെ അത്ഥമുണ്ട്. മഹാരാജാവിൻെറ എഴുന്നെള്ളത്തിനെക്കുറിച്ചുള്ള ലേഖനത്തിനിടയിൽ അദ്ദേഹമുപയോഗിച്ചകാർ ഇന്ന കമ്പനിക്കാരുടേതാണെന്നു കാണിക്കുന്ന ഒരു പരസ്യവും ഉണ്ടെങ്കിൽ അതു ആരെങ്കിലും ഒന്നു നോക്കാതെ വിടുമോ? ആ കാർ അല്പം താണതരമായാൽക്കൂടി അതിലാളുകൾക്കു കൌതുകം ജനിക്കാതിരിക്കുമോ?

"മുക്കുന്തലും നൃപാലൻെറ
കൈക്കലെങ്കിൽ സുവർണ്ണമാം"

എന്നല്ലേ പഴഞ്ചൊല്ല്? ഇന്ത്യയിൽ രാഷ്ട്രീയപ്രക്ഷോഭത്തിനു ശക്തി വദ്ധിക്കുന്ന ലാക്കുനോക്കി സോപ്പിൻേറയും തിപ്പെട്ടിയുടേയും പരസ്യങ്ങളിൽ ഗാന്ധിയേയും മോട്ടിലാൽനെഹ്റുവിനേയും വലിച്ചു കയററുന്നവർ എത്രയുണ്ട്? സാധനങ്ങളുടെ ഗുണങ്ങളാലെന്നതിനെക്കാളധികം പരസ്യങ്ങളുടെ ഔചിത്യവിശേഷം കൊണ്ടു ക്രേതാക്കളാകഷിക്കപ്പെടുന്നു. നവീനശാസ്ത്രങ്ങളുടെ കരാവലംബത്തോടുകൂടി അതിശീഘ്രം പുരോഗമനം ചെയ്തുകൊണ്ടിരിക്കുന്ന ലോകത്തിൽ അത്തരം ഹൃദാകഷകങ്ങളായ പരസ്യങ്ങളുടെ ആവശ്യകത ഇനി നിമിഷംപ്രതിയെന്നോണം വദ്ധിക്കുകയേ ഉള്ളൂ.

ഈ സന്ദഭത്തിൽ പത്രക്കാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതായി ഒരു കായ്യം പറവാനുണ്ട്. പണം കിട്ടുമെന്നുമാത്രം കണക്കാക്കി പത്രനയത്തിനു തീരേയിണങ്ങാത്ത 'നാണംകെട്ട' പരസ്യങ്ങളും സ്വീകരിക്കുന്നതു നന്നല്ല. അതു, "The end justifies the means എന്ന ദുന്ന്യായത്താൽ മാത്രമേ സാധൂകൃതമാകുന്നുള്ളൂ. ഉദാഹരണങ്ങൾ ഉദ്ധത്തവ്യമായി തോന്നായ്കയാൽ ഉപേക്ഷിക്കുന്നു.

ഭാഷാഭാരതമഞ്ജരി

വടക്കുംകൂർ രാജ രാജവമ്മ രാജാ.

സാഹിത്യപ്രണയികളുടെ ഭക്ത്യാദരങ്ങളെ അഹിക്കുന്ന ഒരു മഹാകൃതിയാണു ഭാരതമഞ്ജരിഭാഷ. കവനോദയപ്രവത്തകനായിരുന്നു, ആയുഷ്കാലത്തിൻെറ അധികം ഭാഗവും ഭാഷാപോഷണയജ്ഞത്തെ അനുഷ്ഠിച്ചുതന്നെ കഴിച്ചുകൂട്ടിയ മഹാഭാഗനായ കടത്തനാട്ടു ഉദയവമ്മരാജാവു

പല കവികളെക്കൊണ്ടും ഭാഷാന്തരം ചെയ്യിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാകുന്നു ഈ കൃതി. ഉദയവർമ്മതമ്പുരാൻെറ നാമധേയം ഈ ഒരു വിശിഷ്ടകൃതിയുടെ പ്രസിദ്ധീകരണം കൊണ്ടുതന്നെ സഹൃദയന്മാരുടെ ശാശ്വതാരാധനയെ അർഹിക്കുന്ന ഒന്നായിബ് ഭവിച്ചിരിക്കുന്നു.

ബൃഹൽകഥാമഞ്ജരി, രാമായണമഞ്ജരി, ഭാരതമഞ്ജരി എന്നീ മൂന്നു കൃതികളും കവിചൂഡാമണിയായ ക്ഷേമേന്ദ്രൻെറ കവിതാലതയിലെ അനർഘഗുണസമ്പന്നകളായ മൂന്നു മഞ്ജരികൾ ആകുന്നു. സഹൃദയഭ്രമരങ്ങളെ ആകർഷിച്ചു തങ്ങളിൽ ലയിപ്പിച്ചു രമിപ്പിച്ചു ആനന്ദമദാന്ധങ്ങളാക്കിത്തീക്കുന്നതിനുള്ള ശക്തിവിശേഷം ഈ മൂന്നു മഞ്ജരികൾക്കും ഒരുപോലെയുണ്ട്. ഇവമൂന്നും മൂന്നു മഹാകൃതികളെ സംഗ്രഹിച്ചിട്ടുള്ളവയാണെന്നു ഇവയുടെ പേരുകൾകൊണ്ടുതന്നെ ഗ്രഹിക്കാം; എങ്കിലും ഇവ മററൊരു നിലയിൽ സ്വാതന്ത്ര്യകൃതികൾ തന്നെയാകുന്നു. സംസ്കൃതസാഹിത്യത്തിൽ ഈ മൂന്നു മഹാ കൃതികൾക്കും ഉന്നതസ്ഥാനം കല്പിക്കപ്പെട്ടിരിക്കുന്നു.

ഈ മൂന്നു കൃതികളിൽ ഏതെങ്കിലും ഒന്നിനു മററവയെക്കാൾ മെച്ചം കൂടുമെങ്കിൽ അതു ഭാരതമഞ്ജരിക്കാകുന്നു. അതിവിസ്തൃതമായതുകൊണ്ടു മഹാഭാരതം മുഴുവൻവായിച്ചു പഠിക്കുക എന്നതു സാമാന്യക്കാക്ക സാധിക്കുകയില്ല; സൌകയ്യവും ക്ലേശക്ഷമതയും അധികമുള്ളവക്ക മാത്രമേ അങ്ങനെ ചെയ്യുവാൻ കഴിയുകയുള്ളു. പരിശ്രമവിമുഖന്മാരും സൌകയ്യം കുറഞ്ഞവരും ആയ സഹൃദയന്മാക്ക ഭാരതമഞ്ജരി വലിയ അനുഗ്രഹമാകുന്നു. മഹാഭാരതം മുഴുവൻ പഠിച്ചാൽ ഉണ്ടാകുന്നപ്രയോജനം ലഭിക്കത്തക്കവിധം അതിലെ എല്ലാ ഭാഗങ്ങളേയും സംഗ്രഹിച്ചാണു ഭാരതമഞ്ജരി രചിച്ചിരിക്കുന്നത്. ഈ അഭിപ്രായത്തെ ക്ഷേമേന്ദ്രൻെറ വാക്കിൽതന്നെ പറയാം.

മദപചോദപ്പൂണ്ണതലേ മഹാ ഭാരതദിക്ദ്വിപഃ
സമസ്താവയവോപ്യേഷ മുഷ്ടിമേയ ഇവേക്ഷ്യതേ

മഹാ ഭാരതത്തിനും ഭാരതമഞ്ജരിക്കും തമ്മിൽഉള്ള ബന്ധം ഈ പദ്യത്തിൽ നിന്നു മനസ്സിലാക്കാം. ഒരു വലിയ ആനയുടെ ആകൃതി മുഴുവൻ ചെറിയകണ്ണാടിയിൽ പ്രതിബിംബിക്കുന്നു; ഇതുപോലെയാണു മഹാ ഭാരതം ഭാരതമഞ്ജരിയിൽ പ്രതിഫലിക്കുന്നത്. മഹാ ഭാരതത്തെ മുഴുവൻ ഭാരതമഞ്ജരിയിൽ സംഗ്രഹിക്കുന്ന വിഷയത്തിൽ ക്ഷേമേന്ദ്രൻ വലിയ വൈഭവം കാണിച്ചിട്ടുണ്ട്. ഒരുലക്ഷത്തി ഇരുപത്തിയയ്യായിരം ഗ്രന്ഥങ്ങൾ ഉള്ള മഹാകൃതിയാണു ഭാരതം. പതിനായിരത്തോളവും ഗ്രന്ഥങ്ങൾ ഭാരതമഞ്ജരിയിൽ അടങ്ങിയിരിക്കുന്നു. ഇപ്രകാരം ലക്ഷത്തി ഇരുപത്തിയ

 യ്യായിരം ഗ്രന്ഥങ്ങളെയാണ പതിനായിരത്തോളം ഗ്രന്ഥങ്ങളിൽ അടക്കിയിരിക്കുന്നതെന്നു വിചാരിച്ചാൽ ക്ഷേമേന്ദ്രന്റെ പ്രഭാവത്തിന്നു ആരും സാഷ്ടാംഗനമസ്കാരം ചെയ്യുന്നതാണ്. മഹാ ഭാരതം മൂലത്തിലെ ഉപാഖ്യാനങ്ങളെ അവയുടെ നിലയും വിലയും അനുസരിച്ച ചുരുക്കുകയും വിസ്തരിക്കുകയും അഥവാ ഉപേക്ഷിക്കുകയുംചെയ്യുന്നതിൽ കവി നല്ല സാമൎത്ഥ്യവും ഔചിത്യബുദ്ധിയും പ്രകാശിപ്പിച്ചിരിക്കുന്നു. ഭഗവത്ഗീത വിദുരവാക്യം സനത്സുജാതീയം മുതലായ പല പ്രൌഢഭാഗങ്ങളേയും സാരാംശം വിടാതെ തന്നെ സംഗ്രഹിച്ചിട്ടുണ്ട്. അസ്വാതന്ത്ര്യവും ശുഷ്കവും ആയ രീതിയിൽ ഭാരതത്തെ സംഗ്രഹിക്കുകയല്ല ക്ഷേമേന്ദ്രൻ ചെയ്തിരിക്കുന്നതു്. ക്ഷേമേന്ദ്രന്റെ നൂതനവും വിചാരമധുരവും ആയ കവിതാവിലാസം ഭാരതമഞ്ജരിയിൽ സൎവ്വത്രപരിലസിക്കുന്നതു കാണാം. ഈ കവീന്ദ്രന്റെ കാവ്യപ്രസ്ഥാനം മററ കവികൾക്കു ലഭിച്ചിട്ടുള്ള ഒന്നല്ല; ആഡംബരം അല്പവുമില്ലാത്ത പദപ്രയോഗം; പാകതയും പ്രസന്നതയും ശാന്തതയും തികഞ്ഞ ആശയം; വളരെ പരിമിതവും എന്നാൽ അതിമധുരവും ആയ വൎണ്ണനം; ഇവയൊക്കെ ക്ഷേമേന്ദ്രകവിതയുടെ പ്രത്യേകഗുണങ്ങളാകുന്നു. മററ കവികൾ രണ്ടുംമൂന്നും സൎഗ്ഗങ്ങൾകൊണ്ടു വൎണ്ണിക്കുന്ന ഭാഗങ്ങൾ, ക്ഷേമേന്ദ്രൻ ഒന്നോ രണ്ടോ പദ്യങ്ങളോ പാദങ്ങളോ കൊണ്ടായിരിക്കും വിസ്തരിക്കുന്നതു്. എന്നാൽ ഈ ഒന്നോ രണ്ടോ പദ്യങ്ങളിലോ പാദങ്ങളിലോ കാണുന്ന രസികത്വം, മററുള്ള കവികളുടെ നീണ്ടവൎണ്ണനങ്ങളിൽനിന്നു കിട്ടുകയുമില്ല. ചുരുക്കി വൎണ്ണിക്കുവാൻ ഒരു സാമൎത്ഥ്യം ക്ഷേമേന്ദ്രനു പ്രത്യേകം തന്നെയാണ്. ശബ്ദപ്രതാപം ഇത്രയും കുറഞ്ഞ ഒരു കവി വേറെ കാണുമോ എന്നു സംശയംതോന്നുന്നു. അനാവശ്യമായി അലങ്കാരഭാരങ്ങളെ വലിച്ചുവാരി ബ്ഭേസിനടക്കുന്ന സ്വഭാവവും ക്ഷേമേന്ദ്രകവിതാംഗനക്കു ഹിതമുള്ള ഒന്നല്ല. ഈവിധം ഉള്ള ക്ഷേമേന്ദ്ര കവിതാഗുണങ്ങളുടെ വിഹാരഭൂമിയാണ ഭാരതമഞ്ജരി. ഈ മഹാകൃതിയുടെ പ്രണയനംകൊണ്ടാണ ക്ഷേമേന്ദ്രനു 'വ്യാസദാസൻ' എന്ന അപരാഭിധാനം ലഭിച്ചതെന്നു കൂടി പ്രസ്താവിച്ചുകൊള്ളുന്നു.

ഇത്രയും പറഞ്ഞതുകൊണ്ടു ഭാഷപ്പെട്ടത്തേണ്ടതായ ഒരു ഉത്തമകാവ്യമാണ ഭാരതമഞ്ജരിമൂലമെന്നു വ്യക്തമായല്ലോ. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, കടത്തനാട്ടു കൃഷ്ണവാരിയർ, ടി. നാരായണൻ നമ്പി, ടി. എം. രാമൻനമ്പി മുതലായ കവിവരന്മാരാണ ഭാരതമഞ്ജരിയുടെ പരിഭാഷകന്മാർ. ഈ കവികളേയും അവരുടെ നേതാവാ

യ ഉദയവമ്മ രാജാവിനേയും ഭാരതമഞ്ജരി ഭാഷയുടെ കാൎയ്യത്തിൽ എത്ര മാത്രം അഭിനന്ദിച്ചാലും മതിയാകുകയില്ല.

മൂലത്തിൻെറ ഗുണങ്ങളെ ഭാഷയിലും സംരക്ഷിച്ചിട്ടുള്ള കാൎയ്യത്തിൽ മുൻപുപറഞ്ഞ കവികൾ അഭിമാനാൎഹന്മാർ തന്നെയാകുന്നു. ക്ഷേമേന്ദ്ര ൻെറ പ്രസാദാദിഗുണങ്ങൾ ഭാഷയിലും പകൎന്നിട്ടുണ്ട്. വായനക്കാരെ ക്ലേശിപ്പിക്കുന്ന ഭാഗങ്ങൾ കുറയും. ചില ഉദാഹരണങ്ങൾ കാണിക്കാം.

മൂലം.

അഥായയൌഹരൽപ്പുഷ്ടസ്മരധൂമൈരിവാവൃതഃ
വിപ്രയുക്തവധൂകാലഃകാലോജലദലാഞ്ഛനഃ
ശിഖണ്ഡിതാണ്ഡവാചാൎയ്യൈർമുരജദ്ധ്വാനബന്ധുഭിഃ
ഗൎജ്ജിതൈർനവമേഘാനാംസോൽകണ്ഠേവാഭവന്മഹീ
നവാംബുബിന്ദുഭിൎവ്യാപ്താവിരേജുൎവനരാജയഃ
ഘനഗൎജ്ജിതവിത്രസ്തൈർനക്ഷത്രൈഃപതിതൈരിവ.

* *

ചകാശേകാനനതടീനൃത്യൽഭിബൎഹിമണ്ഡലൈഃ
സംരംഭമത്തമേഘാനാംഭ്രഷ്ടൈരിന്ദ്രായുധൈരിവ

* *

പ്രിയാളപല്ലവാപാതിധാരാസാരാരവംമുഹുഃ
ശുശ്രൂവുൎവിഷമോദഞ്ചദേകകൎണ്ണം കുരങ്ഗകാഃ
പീതപാകദംബകോശേഭ്യോമധുമത്തസ്സമീരണഃ
ജഗ്രാഹകേതകിലതാപരാഗപടപല്ലവം

ആരണ്യപൎവ്വം.

ഭാഷ

ഹരൻചുട്ടുംകാമധൂമംപരന്നപടികാറെഴും
വിരഹിക്കാലനാംകാലംവിരവോടുപയാതമായ്
മൃദംഗമിത്രമായാട്ടുംമയിലിന്നുപണിക്കരാം
ഇടിക്കോളാലുഴിതാനംക്കൂടിയുൽകണ്ഠതേടിനാൾ.
പുതുനീൎത്തുള്ളികാടെല്ലാംപതിഞ്ഞുവിലസുന്നതായ്
കാണായിടികളാൽഞെട്ടിവീണനക്ഷത്രപങ്ക്തിപോൽ.

* *

കാടുശോഭിച്ചു, മേഘങ്ങളോടും നേരത്തുവീണതാം
ഇന്ദ്രായുധങ്ങളോ എന്നുതോന്നും ബൎഹിണകേളിയാൽ.

* *

പ്രിയാളത്തളിരിൽപ്പെയ്യും തോയധാരാരവങ്ങളെ
കററച്ചെവിയുയർത്തിക്കൊണ്ടേററം കേട്ടിതുമാനുകൾ
കാമ്പിൽ പൂക്കുലത്തേനുണ്ടുടൻ മത്തസമീരണൻ
കേതകിപ്പൂമ്പൊടിച്ചേലം വീതശങ്കമഴിച്ചതാൻ

ഇവിടെ മൂലത്തിലെ ആശയങ്ങളെ, വലിയ കുറവൊന്നും കൂടാതെ ഒരുവിധം ഭംഗിയായിത്തന്നെ ഭാഷയിൽനിന്നും ഗ്രഹിക്കുവാൻ കഴിയും. 'ചൂട്ടംകാമധൂമം' 'വിരഹിക്കാലനാംകാലം' ഇത്യാദി സന്ദർഭങ്ങളിൽ ഘടനശ്ശുദ്ധി മതിയായിട്ടില്ല. 'മാനുകൾ' എന്ന പ്രയോഗത്തിനും ഭംഗിപോര. 'മയിലിന്നു പണിക്കരാം' എന്ന ഭാഷയിൽ മൂലത്തിലെ 'താണ്ഡവ'പദത്തിനു ഹാനിവന്നതു നന്നായില്ല. 'ആചാര്യ'പദത്തിനു 'പണിക്കർ' എന്ന ഭാഷ നന്നായി. സാമാന്യേന ഭാഷ, മൂലത്തിനു യോജിച്ചതന്നെയിരിക്കുന്നു.

മൂലം.

ക്ഷയാദ്ധ്വരോങ്കാര കരാളതാലക്രോങ്കാരവിസ്താരധനുശ്ശിഖസ്യ
ഏകാധിപത്യം രിപുസൈന്യമേതൽ പ്രയാതുമേ കോപഹുതാശനസ്യ

ഭാഷ.

ക്ഷയാദ്ധ്വരോങ്കാരമതായശിഞ്ജാക്രോങ്കാരവും ചാപശിഖാതിഭാസ്സും
കലൎന്നകോപാഗ്നിയിലിന്നു ശത്രുകുലത്തെഞാനാഹുതിചെയ്യിട്ടുന്നേൻ

ഉത്തരൻെറ വീരവാദമാണു ഈ പദ്യത്തിൽ അടങ്ങിയിരിക്കുന്നത്. ഭാഷാന്തരം ഒരുവിധം നന്നായിട്ടുണ്ടെന്നു മാത്രമേ പറയുവാനുള്ളൂ. മൂലത്തിലെ 'കരാള' 'വിസ്താര'പദങ്ങളും 'ഏകാഹുതി'യും വീരത്തിൻെറ വീര്യത്തിനു അകമേയും പുറമേയും പുഷ്ടി കൂട്ടുന്നവയാണ്. അവയ്ക്കു ഹാനിവന്നതോടുകൂടി ഭാഷയിലെ വീര്യശ്രീ വാടിത്തളൎന്നുവീണുപോയി. (ഭാഷയിലെ) മൃദുവായ 'ശിഞ്ജാ'പദം വീരഗതിക്കു നല്ല തടവും ഉണ്ടാക്കി. ഇവയൊക്കെ ഭാഷയിലെ ദോഷങ്ങളാണ്. എങ്കിലും മൂലത്തിൻെറ ആകപ്പാടെയുള്ള അൎത്ഥത്തിൻെറ ഒരു രൂപം ഭാഷയിൽനിന്നു മനസ്സിലാക്കാം.

മൂലം.

സഹസ്രരശ്മിപ്രതിബിംബദീപ്തകൃപാണദാവാനലദുർന്നിരീക്ഷ്യേ
മഹാരഥവ്യാധശരാന്ധകാരേ സേനാവനേകിംഹരിണഃകരോമി
ഹംഹോനിവൎത്തസ്വജവേനതാവദ്യാവന്നദൃപ്യദ്വിപഘോരഗജ്ജഃ
കരാളവേല്ലൽ കരവാളധാരഃപിനഷ്ടിമാം ശത്രുരകാലമേഘഃ

ഭാഷ.

ഘോരാസിദാവാഗ്നിപരന്നതായിപ്പോരാളിമാരായകിരാതരസ്ത്രം
പാരാതെവഷിച്ചിരുളാന്ന വീരസേനാവനേ മാനിവനെന്തുചെയ്യും
അമ്പോമടങ്ങീട്ടകനീക്ഷണത്തിൽ; കുംഭീന്ദ്രഗംഭീരരവംകലന്നു
വൻപോടരിക്കാർമുകിൽ ഖഡ്ഗധാരതാൻപെയ്യുമാംകൊല്ലവതിനമുമ്പെ

രണഭീരുവായ ഉത്തരൻെറ വിലാപമാണു ഈ ഭാഗം. ഇവിടെ 'സഹസ്രരശ്മിപ്രതിബിംബദീപ്ത'പദത്തിൻെറ (മൂലം) അത്ഥത്തെ താങ്ങിനില്ക്കുവാൻ 'ഘോര'പദം മതിയാകുകയില്ല. 'സഹസ്രരശ്മി'പദത്തെ തന്നെ മൂലത്തിൽ ഉപയോഗിച്ചതു രശ്മികളുടെ ആധിക്യത്തേയും കാഠിന്യത്തേയും കാണിക്കുവാനാകുന്നു. ഭാഷയിൽ ഈ അത്ഥത്തിനു മുഴുവൻ ഹാനിതട്ടിയിരിക്കുന്നു. 'മഹാരഥ'പദം(മൂലം) കളഞ്ഞതു ഭാഷയ്ക്കു ഇടിവുതന്നെയായി. വെറും പോരാളിമാർ 'മഹാരഥന്മാ'രാകുകയില്ല. 'സേനാവന'ത്തിനു മൂലത്തിൽ ഇല്ലാത്ത ഒരു യോഗ്യത 'വീര'പദംകൊണ്ടു കല്പിച്ചതു ഭാഷയ്ക്കു അല്പം ആശ്വാസകരമായി. 'അമ്പോമടങ്ങീട്ടകനീക്ഷണത്തിൽ'എന്ന ഭാഗത്തിനോടു ഒരു ബന്ധവുമില്ലാത്തവിധം അടുത്തപാദം ആരംഭിക്കുന്നു. ഇതു ഘടനയുടെ ദോഷമാണ്. ഭാഷാന്തരം വൃത്താനുവൃത്തമായതുകൊണ്ടാണു ഈ ദോഷങ്ങൾ സംഭവിച്ചത്. ആകപ്പാടെ വിചാരിച്ചാൽ മൂലത്തോടു ഭാഷ ഒരുവിധം അടുത്തിട്ടുണ്ടെന്നുതന്നെ കാണാം.

മൂലം.

ഏകാത്ഥിപ്രതിപാദിതാഖിലഭുവാംശിഷ്യോഗ്രുരൂണാമഹം
ത്യാഗേനാമബലാന്നിവേദ്യഭഗവൻ കണ്ണേകഗംനിസ്രപം
ദൈന്യാതങ്കകളങ്കിതാനനരുചോയാചനാവിധാവത്ഥിനഃ
പ്രത്യാഖ്യാനവികുണ്ഠകുണ്ഠലലനാഭഗ്നം മുഖംവീക്ഷതാം

ഭാഷ.

മന്നെല്ലാമൊരുയാചകന്നരുളിയോരാചാൎയ്യനാൽ ശിക്ഷിതൻ
തന്നെ ദാനമനാദരിച്ച ബലമായസൂത്രപംഹന്തഞാൻ
ദൈന്യംകൊണ്ടു മുഷിഞ്ഞുഹാവിഫലമായ്പോകുന്നനേരംപരം
ശൂന്യംപിന്നിലണച്ചയാചകമുഖം കാണുന്നമട്ടെങ്ങനെ

ഇവിടെ ഭാഷയ്ക്കു പറയത്തക്കകോട്ടം തട്ടിയിട്ടില്ല. 'പ്രത്യാഖ്യാനവികുണ്ഠകുണ്ഠലലനാഭഗ്ന'മായ 'മുഖ'ത്തിൻെറ വികാരം 'ശൂന്യം പിന്നിലണച്ചയാചകമുഖത്തിനു' ഉണ്ടായിക്കാണുന്നില്ല. ഈ ദോഷം അത്ര സാരമായ ഒന്നല്ല.

ഇവിടെ കാണിച്ച ഉദാഹരണങ്ങൾകൊണ്ടു ഭാരതമഞ്ജരിഭാഷയുടെ (മൂലത്തിന്റെയും) സാമാന്യസ്വഭാവം മനസ്സിലാക്കാവുന്നതാണ്. ഭാഷയ്ക്കു ചില ന്യൂനതകൾ തട്ടിയിട്ടുണ്ടെന്നുതന്നെ പറയണം. വൈദുഷ്യം, വാസന, പരിചയം, പരിശ്രമം മുതലായവയിൽ ഒരേനിലയിൽ സ്ഥിതിചെയ്യുന്നവരല്ല പരിഭാഷകന്മാർ എന്ന സംഗതി പ്രത്യേകം ഓർമ്മിക്കണം. പാകപ്പിഴ, അശക്തി, അർത്ഥഹാനിമുതലായ ദോഷങ്ങൾ ചില സന്ദർഭങ്ങളിൽ കാണുന്നതിനു ഇതുതന്നെ കാരണം. വ്യാകരണാദിശാസ്ത്രങ്ങളെക്കൊണ്ടു ഭാരതമഞ്ജരി ഭാഷപ്പെടുത്തിയ കാലത്തു, ഇന്നത്തെപ്പോലെ സംസ്കാരശുദ്ധിഭാഷയ്ക്കു ലഭിച്ചിട്ടില്ലെന്നുള്ള വസ്തുതയും മറക്കത്തക്കതല്ല. എന്നാൽ പരിഭാഷകന്മാർ അല്പംകൂടി ശ്രദ്ധിച്ചിരുന്നുവെങ്കിൽ ചില ഭാഗങ്ങൾ കുറയുംകൂടി നന്നാക്കാമായിരുന്നു എന്നുതോന്നുന്നു.

മൂലം.

അന്യോമധുവധൂഗണ്ഡപാണ്ഡിമശ്യാമപണ്ഡിതഃ
കോജഹാരാസുരസ്ത്രീണാം സ്വച്ഛായാചോരമഞ്ജനം

*   *

മാ സാഹസം കുരുഷ്വേതിതപല്ലിംഗോവിഹഗസ്സദാ
വിരൌതിസിംഹദംഷ്ട്രാഗ്രാൽ സ്വയംമാംസംചഖാദതി

ഭാഷ.

അന്യനാരസുരസ്ത്രീകൾതൻ നേത്രാഞ്ചിതമഞ്ജനം
കണ്ണുനീരൊഴുകിപ്പിച്ചു തന്നെയൊക്കെക്കളഞ്ഞവൻ

*   *

ഒരു പക്ഷി ഭവാനെപ്പോലരുതെന്നോതുമെപ്പൊഴും
സിംഹത്തിൻതേറയിൽ ചേന്നമാംസം താനേഭുജിച്ചിടും

ഇത്യാദിഭാഗങ്ങൾ ഉദാഹരിക്കപ്പെടാം. മൂലത്തിൽ 'മധുവധൂഗണ്ഡപാണ്ഡിമശ്യാമപണ്ഡിതഃ' 'സ്വച്ഛായാചോരം' എന്നിവപ്രയോജനമുള്ളവയും രസത്തിനു അത്യന്തം പുഷ്ടികരണങ്ങളും ആയ പദങ്ങളാണ്. ഭാഷയിൽ ഈ പദങ്ങളുടെ അർത്ഥത്തിനു സ്ഥാനമേയില്ല. 'മാ സാഹസം കുരുഷ്വ' എന്ന ഭാഗത്തിനു 'അരുതെന്ന്' ഭാഷ മൂലവും ആയി വളരെ അകലെ നില്ക്കുന്ന ഒന്നാണ്. 'ഖാദതി'പദത്തിനു 'ഭുജിച്ചിടും' എന്ന ഭാഷയും പോര. പക്ഷി സിംഹത്തിന്റെ തേറയിൽ ചെന്നു കടിക്കുകയേ ചെയ്യുന്നുള്ളു. ഭുജിക്കാൻ ഇട കിട്ടുന്നില്ല. അപ്പോഴയ്ക്കും അതു ഹനിക്കപ്പെടുന്നു. ഇപ്രകാരമുള്ള സാഹസത്തിന്റെ ആധിക്യം 'ഭുജിച്ചിടും' എന്ന ഭാഷകൊണ്ടു പ്രകാശിക്കുന്നില്ല.

ഈ മാതിരി ന്യൂനതകൾ അവിടെയവിടെ ഉണ്ടെങ്കിലും ഭാരതമഞ്ജരിഭാഷ കൈരളിയുടെ ഒരു ശോഭനമായ ആഭരണമായിത്തന്നെ പരിലസിക്കുമെന്നതിനു സംശയമില്ല. ഈ കൃതി ഒരു മാസികയായിട്ടാണു പ്രസിദ്ധപ്പെടുത്തി കണ്ടിട്ടുള്ളതു്. മുഴുവൻ ഭാഗവും ഭാഷപ്പെടുത്തിയിട്ടില്ലെന്നാണു അറിവു്. ഈ മഹനീയമായ കാവ്യത്തെ സംസ്കൃതാനഭിജ്ഞന്മാരായ കേരളീയക്കു ആസ്വദിക്കുവാൻ കഴിയത്തക്കവിധം ഭാഷയാക്കി കൈരളീയോഷയെ അനുഗ്രഹിച്ച മുൻപറഞ്ഞ വിശിഷ്ടകവികളോടും അവരുടെ നേതാവായിരുന്ന ഉദയവമ്മരാജാവിനോടും ഭാഷാപ്രണയികൾ എന്നും കൃതജ്ഞതയുള്ളവരായിരിക്കുന്നതാണ്. ഈ മഹാകൃതിയുടെ ഭാഷപ്പെടുത്തിയിട്ടില്ലാത്ത ഭാഗങ്ങളിലേയ്ക്കു നമ്മുടെ കവികുഞ്ജരന്മാരുടെ ദൃഷ്ടി പതിയുന്നതു നന്നായിരിക്കുമെന്നുകൂടി ഈ സന്ദർഭത്തിൽ പ്രസ്താവിക്കേണ്ടതുണ്ടു്.

ധമ്മകീത്തി.

പി. എസ്സ്. സുബ്ബരാമപട്ടർ.

പ്രാചീനാൎയ്യന്മാരുടെ പ്രാണിഹിംസാബഹുളമായ കമ്മമാൎഗ്ഗം മനുഷ്യൻെറ പരിശുദ്ധമായ ജീവിതയാത്രയ്ക്കു യോജിച്ചതല്ലെന്നു പ്രഖ്യാപനം ചെയ്തുകൊണ്ടു, കണ്ടകാസ്തൃതമായ ആ പദ്ധതിയെ പ്രേമംകൊണ്ടും കരുണകൊണ്ടും മസൃണമാക്കുവാനായി യത്നിച്ച ബുദ്ധമതം വേദവിഹിതങ്ങളായ യാഗാദികമ്മങ്ങൾക്കൊരു പരമശത്രുവായിട്ടാണെന്നുമിരുന്നതെങ്കിലും ഹിന്തുമതാനുയായികളുടെ ദാശനികമായ വിജ്ഞാനസമ്പത്തിനേയോ സാഹിത്യസഞ്ചയത്തേയൊ നശിപ്പിക്കുവാൻ ഒരുനാളും ഉദ്യമിച്ചിട്ടില്ല. നേരെമറിച്ചു, വേദങ്ങളുടെ അംഗങ്ങളായി ഗണിക്കപ്പെടുന്ന ശാസ്ത്രങ്ങളെ പോഷിപ്പിക്കുന്നതിന്നായി ബുദ്ധമതപ്രമാണികളിൽ പലരും പരിശ്രമിച്ചുകൊണ്ടിരുന്നുവെന്നുംകൂടി ചരിത്രം പ്രമാണപൂൎവ്വം പ്രദശിപ്പിച്ചിട്ടുണ്ടു്. എന്നുമാത്രമല്ല, പ്രൌഢങ്ങളായ പല ശാസ്ത്രഗ്രന്ഥങ്ങളുടിയ ഒരു പ്രത്യേകഭാഷയോടുകൂടി വൈദികമായ കമ്മകാണ്ഡത്തിന്നൊരു കഠാരമായി വളന്നുവന്നിരുന്ന ആ പ്രേമമാൎഗ്ഗത്തെ അനുസരിച്ചിരുന്നവർ സംസ്കൃതഭാഷയോടും അതിലുള്ള സാഹിത്യത്തോടും കാണിച്ചിട്ടുള്ള സൌഹാദ്ദഭാവം അവരുടെ ഗുണഗ്രാഹിത്വത്തിന്നു സാക്ഷ്യം വഹിക്കുകയാണു ചെയ്യുന്നതു്. ആ ഗുണൈകപക്ഷപാതിത്വത്തിൻെറ ഫലമായി ബുദ്ധമതാവലംബികളായ പണ്ഡിതന്മാരുടെ സമുദായത്തിൽനിന്നു പലഗ്രന്ഥ

രത്നങ്ങളും സംസ്കൃതസാഹിത്യത്തിന്നു ലഭിച്ചിട്ടുണ്ടു; ബുദ്ധമതതത്വങ്ങളെ നിസ്സാരമായി തള്ളിക്കളഞ്ഞുകൊണ്ടിരുന്ന ഹിന്ദുക്കൾപോലും അപ്രകാരമുള്ള ഗ്രന്ഥകാരന്മാൎക്കു കടപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള ശാസ്ത്രഗ്രന്ഥകാരന്മാരിലൊരുവനാണ ധൎമ്മകീൎത്തി; അദ്ദേഹം മതഭേദമോൎക്കാതെ സംസ്കൃതഭാഷാപ്രണയികൾക്കായി നേടിവെച്ചിട്ടുള്ള ഒരു ഗ്രന്ഥരത്നമാണ രൂപാവതാരം.

ധൎമ്മകീൎത്തി ആദ്യത്തിൽ വൈദികമാൎഗ്ഗാനുസാരിയായ ഒരു ബ്രാഹ്മണനായിരുന്നുവെന്നും പിന്നീടാണ ബുദ്ധമതത്തിൽ ചേൎന്നതെന്നും ഒരഭിപ്രായം ചരിത്രജ്ഞന്മാരുടെ ഇടയിലുണ്ട്. അതിന്റെ വാസ്തവം ഏതുവിധത്തിലായാലും അദ്ദേഹം ബുദ്ധമതക്കാരുടെയിടയിൽ പ്രാമാണികത്വം പ്രാപിച്ച ഒരു ആചാൎയ്യനായിരുന്നുവെന്നുള്ളതു സംശയമില്ലാത്ത ഒരു സംഗതിയാണ്. സൌഗതമതസിദ്ധാന്തങ്ങളെപ്പററിപ്രതിപാദിക്കുന്ന പല ഗ്രന്ഥങ്ങളും ധൎമ്മകീൎത്തി രചിച്ചിട്ടുള്ളതായി അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ സൎവ്വദൎശനസംഗ്രഹകൎത്താവായ മാധവാചാൎയ്യർ മുതലായ ദാൎശനികന്മാർ ഖണ്ഡിച്ചിട്ടുള്ളതായും കാണ്മാനുണ്ട്. അദ്വൈതമതപ്രതിഷ്ഠാപകനായ ശങ്കരാചാൎയ്യർപോലും ശാരീരകഭാഷ്യത്തിൽ ധൎമ്മകീൎത്തിയുടെ വചനങ്ങളെ ഉദ്ധരിച്ചു ഖണ്ഡിച്ചിട്ടുള്ളതായി വിചാരിക്കപ്പെടുന്നു. ദാൎശനികസമുദായത്തിൽ അത്രത്തോളം പ്രാമാണ്യം ധൎമ്മകീൎത്തിക്കു സിദ്ധിച്ചിട്ടുണ്ടായിരുന്നു.

ഒരു ദാൎശനികന്റെ നിലയിലെന്നപോലെ തന്നെ ഒരു വൈയാകരണന്റെ നിലയിലും വളരെ പ്രസിദ്ധി നേടീട്ടുള്ള വിദ്വാനാണ ധൎമ്മകീൎത്തി. സമുദ്രംപോലെ വിസ്തൃതവും മഹാരണ്യംപോലെ ദുൎഗ്ഗമവുമായ ശബ്ദശാസ്ത്രത്തിൽ പ്രഥമപ്രവേശം ചെയ്യുന്നവരുടെ ഉപയോഗത്തിന്നായി ആ മാന്യപണ്ഡിതൻ രചിച്ചിട്ടുള്ള രൂപാവതാരം അദ്ദേഹത്തിന്റെ മനോധൎമ്മത്തിന്നു മതിയായ ഒരു തെളിവാകുന്നു. പാണിനിപ്രണീതമായ വ്യാകരണശാസ്ത്രത്തിൽ ഇന്നു ഏററവും പ്രചാരമുള്ള സിദ്ധാന്തകൌമുദിക്കുംകൂടി മാൎഗ്ഗദൎശകമായിട്ടുള്ള ആ ഗ്രന്ഥത്തിന്റെ അവസാനത്തിൽ കൊടുത്തിട്ടുള്ളതാണ ഈ ശ്ലോകം:—

കൃതാ സുകൃതിനാ ചേയം
പ്രക്രിയാ ധൎമ്മകീൎത്തിനാ
പോതാനാം പോതവൽക്ഷിപ്രം
ശബ്ദാബ്ധൌ പാരഗാമിനാം.

സ്വകൃതിയെ കടാക്ഷിച്ചുംകൊണ്ടു ഗ്രന്ഥകാരൻ പറയുന്ന ഈ വാക്യം അതിന്റെ ഉദ്ദേശത്തേയും അതു നിപുണമായി നിൎവ്വഹിച്ചതിലുള്ള ചാരിതാൎത്ഥ്യത്തേയും വ്യക്തമായി വിളിച്ചുപറയുന്നു.

ആലങ്കാരികന്മാരുടെ കുലഗുരുവായ ആനന്ദവൎദ്ധനാചാൎയ്യൻ ധ്വന്യാലോകത്തിൽ ഒരു ധൎമ്മകീൎത്തിയെ സ്മരിക്കുന്നുണ്ടു്. അദ്ദേഹം ഒരു കവിയും ആലങ്കാരികനുമായിരുന്നുവെന്നുള്ളതിന്നു സംശയമില്ല. ഭദന്തധൎമ്മകീൎത്തി എന്ന പേർകൊണ്ടു പ്രസിദ്ധനായ ഒരു കവിയാൽ രചിക്കപ്പെട്ട അനേകം സുഭാഷിതങ്ങൾ ഇന്നും സഹൃദയന്മാരുടെ കണ്ഠാഭരണമായി വിളങ്ങുന്നുണ്ടു്. ചമൽകാരചാരുക്കളായ അനേകം അലങ്കാരപ്രയോഗങ്ങളടങ്ങിയ ബൌദ്ധസംഗതി എന്ന ഗ്രന്ഥത്തെപ്പററി വാസവദത്താപ്രണേതാവായ സുബന്ധു "ബൌദ്ധസംഗതിമിവ അലങ്കാരഭൂഷിതാം" എന്നു ശ്ലേഷഭംഗ്യാ പ്രസ്താവിച്ചിട്ടുള്ളതിന്റെ അൎത്ഥം വിവരിക്കുന്ന സന്ദൎഭത്തിൽ ഒരു വ്യാഖ്യാതാവു പറഞ്ഞിട്ടുള്ളതു "ബൌദ്ധസംഗതിൎന്നാമ ധൎമ്മകീൎത്തികൃതോ ഗ്രന്ഥവിശേഷഃ" എന്നാണു്. ഇവയെല്ലാം സൎവ്വതോമുഖമായ വാഗ്വിലാസത്തോടുകൂടിയ രൂപാവതാരകൎത്താവിന്റെ കൃതികളാണെന്നുതന്നെയാണു വിദ്വജ്ജനങ്ങൾ വിശ്വസിച്ചുവരുന്നതു്.

ആനന്ദവൎദ്ധനാചാൎയ്യൻ ധൎമ്മകീൎത്തിയെ സഗൌരവം സ്മരിക്കുന്നു; മാധവാചാൎയ്യപ്രഭൃതികൾ അദ്ദേഹത്തിന്റെ മതത്തെ ശ്രദ്ധാപൂൎവ്വം ഖണ്ഡിക്കുന്നു; തീൎത്ഥയാത്രയായി ഭാരതവൎഷത്തിൽ സഞ്ചരിച്ചിരുന്ന ഇത്സിംഗ് എന്ന ചൈനക്കാരനായ ബുദ്ധഭക്തൻ അദ്ദേഹത്തെപ്പററി ബഹുമാനപൂൎവ്വം പ്രസ്താവിക്കുന്നു; സുബന്ധു അദ്ദേഹത്തിന്റെ കൃതിയെ സ്തുതിക്കുന്നു; ഇങ്ങനെ പല വിഷയങ്ങളിൽ പ്രശംസാൎഹമായ പാണ്ഡിത്യവും പൂജ്യതയും സമ്പാദിച്ചിട്ടുള്ള ഒരു ബൌദ്ധാചാൎയ്യനായിരുന്നു ധൎമ്മകീൎത്തി.

"ദാക്ഷീപുത്രനായ പാണിനിയുടെ" ദുൎഗ്രഹമായ ശബ്ദശാസ്ത്രത്തെ സുഗമമാക്കിത്തീൎക്കുവാനായി നിൎമ്മിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ രണ്ടുവിധത്തിലുള്ളവയാണു് — സൂത്രപാഠക്രമത്തെ അനുസരിച്ചുംകൊണ്ടുള്ള ലഘുവൃത്തികളും, വിഷയങ്ങളെ വേർതിരിച്ചു പ്രക്രിയ പ്രദൎശിപ്പിച്ചു രൂപനിഷ്പാദനം ചെയ്യുന്ന ലളിതവ്യാഖ്യാനങ്ങളും. ജയാദിത്യൻ എഴുതിത്തുടങ്ങിയതും വാമനൻ മുഴമിച്ചതുമായ കാശിക, അന്നംഭട്ടന്റെ മിതാക്ഷര മുതലായവ ആദ്യത്തെ ഇനത്തിലുൾപ്പെടുന്നു; രൂപാവതാരം, പ്രക്രിയാകൌമുദി, സിദ്ധാന്തകൌമുദി, പ്രക്രിയാസൎവ്വസ്വം മുതലായവ രണ്ടാമത്തെ വിഭാഗത്തിലുമന്തൎഭവിക്കുന്നു. രണ്ടാമത്തെ ഇനത്തിലുൾപ്പെട്ട ഗ്രന്ഥങ്ങളിൽ രൂ

പാവതാരമാണ ആദ്യം ഉണ്ടായിട്ടുള്ളതെന്നറിയുമ്പോൾ അതിൻെറ പ്രണേതാവു എത്രത്തോളം മനോധർമ്മമുള്ളവനായിരുന്നുവെന്നു അനുമാനിക്കുവാൻ അഭിജ്ഞന്മാക്ക കഴിയുന്നതാണല്ലൊ.

പ്രക്രിയാസർവ്വസ്വകാരനായ നാരായണഭട്ടപാദർ (മേപ്പത്തൂർ ഭട്ടതിരിപ്പാട്ട) രൂപാവതാരത്തിന്നുള്ള ഒരു ന്യൂനതയായി എടുത്തുപറഞ്ഞിട്ടുള്ളതു അതിൽ പാണിനിയുടെ സൂത്രങ്ങൾ മുഴുവനും എടുത്തു വ്യാഖ്യാനിച്ചിട്ടില്ലെന്നുള്ളതു മാത്രമാണ്. "പോതങ്ങൾക്കൊരു പോതമെന്നവണ്ണം" രചിച്ചിട്ടുള്ള ആ ഗ്രന്ഥത്തിന്നു അതൊരു ന്യൂനതയല്ലെങ്കിലും പാണിനിപ്രോക്തമായ ശാസ്ത്രത്തെ പൂർണ്ണമായി പ്രതിപാദിക്കുവാൻ അതു പര്യാപ്തമല്ലെന്നു മാത്രമേ അദ്ദേഹം വിവക്ഷിച്ചിട്ടുണ്ടായിരിക്കയുള്ളു. എന്നാൽ, തനിക്കു മാർഗ്ഗദർശകമായ്തീൎന്ന ആ ഗ്രന്ഥത്തെപ്പററി ഭട്ടോജിദീക്ഷിതർ ഒരക്ഷരംപോലും ഉരിയാടാതിരുന്നതു ആധമർണ്ണ്യം സമ്മതിപ്പാനുള്ള മടികൊണ്ടല്ലെങ്കിൽ മറെറന്തുകൊണ്ടാണെന്നാണ വിചാരിക്കേണ്ടതു്? സ്വതസ്സിദ്ധമായ മതസ്പൎദ്ധകൊണ്ടായിരിക്കാമെന്നു തീരുമാനിക്കുന്നതു ആ കർമ്മത്തിന്നു അതിലുമധികം അപകർഷകമായ്തീരുകയില്ലെങ്കിൽ അങ്ങനെ വിചാരിപ്പാനും തീരെ വഴിയില്ലെന്നില്ല. എന്തെന്നാൽ, അകാരാന്താദിസുബന്തപദങ്ങളുടെ പ്രക്രിയ ഉദാഹരിച്ചു കാണിപ്പാനായി ധർമ്മകീർത്തി വൃക്ഷഃ. കവിഃ, കാരുഃ ഇത്യാദി ശബ്ദങ്ങളെ ലക്ഷ്യങ്ങളായി എടുക്കുമ്പോൾ ദീക്ഷിതർ രാമഃ, ഹരിഃ, ശംഭുഃ എന്നു നാമം ജപിക്കുകയാണ ചെയ്യുന്നതു്. ഏതായാലും ഒരുകാര്യം തടസ്ഥന്മാക്ക തീർച്ചപ്പെടുത്താവുന്നതാണ്—ദീക്ഷിതർ ശബ്ദശാസ്ത്രത്തോടുകൂടി ഹിന്ദുമതവും ഉപദേശിക്കുന്നതായി അഭിമാനിക്കുന്നുണ്ടെങ്കിൽ, ശബ്ദശുദ്ധിയെ മതസ്പർദ്ധ തീണ്ടരുതെന്നു അകലെനിന്നു വിളിച്ചുപറഞ്ഞതായി വിചാരിച്ചു ധർമ്മകീർത്തിക്കു ചാരിതാർത്ഥ്യമനുഭവിക്കാവുന്നതുമാണ്. ഇതിൻെറ പരമാർത്ഥം ഏതുവിധത്തിലായിരുന്നാലും കേരളീയക്ക അവരുടെ ഗുണഗ്രാഹിത്വത്തെപ്പററിയും ധർമ്മകീർത്തിയുമായി പണ്ടേക്കുപണ്ടേയുള്ള പരിചയത്തെപ്പററിയും വേണ്ടുവോളം അഭിമാനിക്കുവാൻ അവകാശമുണ്ട്. എന്തെന്നാൽ അവർ, ആദ്യത്തിൽ "മരാ, മരാ" എന്നു ചൊല്ലിക്കൊണ്ടിരുന്നു, ഒടുവിൽ രാമനാമജപത്തിൽ ചെന്നെത്തിയ വാത്മീകിയെപ്പോലെ, ദീക്ഷിതരുപദേശിച്ചു രാമശബ്ദം ചൊല്ലിപ്പഠിക്കുന്നതിന്നുമുമ്പായി ധർമ്മകീർത്തി ചൊല്ലിക്കൊടുത്ത വൃക്ഷശബ്ദമാണ തോന്നിച്ചിട്ടുള്ളതെന്നു അവരുടെയിടയിൽ പണ്ടുതന്നെ പ്രചാരം സിദ്ധിച്ചിട്ടുള്ള പഴയ സിദ്ധരൂപവും ബാലപ്രബോധനവും വേണ്ടതിലധികം വെളിപ്പെടുത്തുന്നുണ്ട്.

B. V. PRESS, TRICHUR.

ബാഹ്യശൂന്യവാദം

(സി. അന്തപ്പായി, ബി. എ.)

പാശ്ചാത്യതത്വജ്ഞാനികളുടെ വർഗ്ഗത്തിൽ ബാഹ്യം ശൂന്യമാണു എന്ന മതമുള്ളവർ പലരുമുണ്ടായിരുന്നു. അവരുടെ അഭിപ്രായങ്ങൾ തമ്മിൽ ഈഷൽ ഭേദങ്ങളും കാണ്മാനുണ്ടു്. അവയെ സകലവും വിസ്തരിച്ചെഴുതുവാൻ ഈ പ്രബന്ധത്തിൽ സാധിക്കുന്നതല്ല. ജോൺലോക്ക് (1632-1704), ജോർജ്ജ്ബെർക്ക്ലി (1684-1753), ഡേവിഡ്ഹ്യൂം 1711-1776)— ഈ മൂന്നാളുകൾ ആ വർഗ്ഗത്തിലെ പ്രധാനന്മാരിൽ പെട്ടവരാണു്. അവരുടെ കാലത്തിനുമുമ്പു, വിശ്വത്തിൽ മൂലവസ്തു (Noumenon) എന്ന ഒരു വസ്തുഉണ്ടോ? ഉണ്ടെങ്കിൽ അതുനമുക്കു ഇന്ദ്രിയഗോചരമോ? സഹജഭാവനകൾ (innate ideas), അഥവാ ജന്മസിദ്ധമായ പ്രതീതികൾ, മനുഷ്യർക്കുണ്ടോ?—ഇത്യാദി സാരവത്തുക്കളായ ചിലപ്രശ്നങ്ങൾ ദർശനജ്ഞന്മാർ ചെയ്യുകയും തങ്ങളുടെ യുക്തികളേ അനുസരിച്ചു ഉത്തരങ്ങൾ നൽകുകയും ചെയ്തിരുന്നു. എന്നാൽ ജോൺലോക്ക് ആകട്ടെ അയാളുടെ പൂർവ്വഗന്മാരുടെ മതങ്ങളെ ആശ്രയിക്കാതെ മേൽപറഞ്ഞ വിഷയങ്ങളെക്കുറിച്ചു സ്വയംവിചിന്തനം ചെയ്വാൻ തുടങ്ങി. നമ്മുടെ പ്രതീതികളുടെ ഉൽപത്തി എന്തു? അവയിൽ ഏതാനും സഹജങ്ങളും ഏതാനും ആർജിതങ്ങളും ആകുന്നുവോ? അതോ സമസ്തവും ആർജിതങ്ങളോ?—എന്ന പ്രശ്നങ്ങൾക്കു ലോക്കിന്റെ ഉത്തരം നമ്മുടെ സർവ്വപ്രതീതികളുടെയും ഉൽപത്തി ഇന്ദ്രിയങ്ങളും ചിന്തയും (Reflection) ആകുന്നു എന്നായിരുന്നു. ഇന്ദ്രിയങ്ങളുടെ സംവേദനങ്ങളാൽ ബാഹ്യത്തിന്റെ പ്രതീതികൾ നമ്മുടെ ചിത്തത്തിൽ സംഭരിക്കപ്പെട്ടതിനു ശേഷം ചിന്തയാൽ, അഥവാ ധ്യാനത്താൽ, അവയെ നാം കൂട്ടി ഇണക്കുന്നു. ഇങ്ങനെ രണ്ടുമാർഗ്ഗങ്ങളാലാണു നമ്മുടെ ജ്ഞാനംമുഴുവനും ലഭിക്കപ്പെടുന്നതു എന്നായിരുന്നു ലോക്കിന്റെ സിദ്ധാന്തം. സഹജഭാവനകൾ മനുഷ്യനുണ്ടെന്നുള്ള പൂർവ്വഗന്മാരുടെ അഭിപ്രായത്തെ ഇപ്രകാരം അദ്ദേഹം പ്രത്യാദേശിച്ചു.

എന്നാൽ ശാന്തമായും ഗംഭീരമായും നാം ആലോചിക്കുന്നതായാൽ ഈ സിദ്ധാന്തം കുറെ അയുക്തമാണെന്നു വിചാരിക്കുവാൻ ന്യായമുണ്ടു്. എന്തുകൊണ്ടെന്നാൽ ഇന്ദ്രിയസ്പർശങ്ങൾകൊണ്ടു മാത്രം നമുക്കു ഭാവനകൾ സിദ്ധിക്കുന്നില്ല. അവ കേവലം സ്പർശങ്ങൾ മാത്രമായിരിക്കും. ദർശനം, ശ്രവണം, സ്പർശനം ആദിയായ ഫലങ്ങളെ ഇന്ദ്രിയങ്ങളുടെ വിനയന

ത്താൽ, അല്ലെങ്കിൽ ശിക്ഷണത്താൽ, അല്ലാതെ പ്രാപിക്കുവാൻ കഴികയില്ല. പ്രകാശം നമ്മുടെ കൃഷ്ണമണിമേൽ തട്ടുന്നു; വാതതരംഗങ്ങൾ കർണ്ണോദരത്തിൽ വന്നുമുട്ടുന്നു; എങ്കിലും ഈ ചലനങ്ങൾ യഥാക്രമം ദർശനമൊ ശ്രവണമൊ ആയിരിക്കയില്ല; കിന്തു ദർശനത്തിന്റെയും ശ്രവണത്തിന്റെയും പ്രാരംഭാവസ്ഥകളും സജ്ജീകരണങ്ങളും മാത്രമായിരിക്കും. ഭാവനകൾക്കു പരിപൂർത്തിവരണമെങ്കിൽ പ്രസ്തുത ചലനങ്ങളുടെ അനേകശതം ആവർത്തനങ്ങൾ ആവശ്യമാകുന്നു. ഈ സത്യത്തെ ലോക്കു മതിയായ സ്ഫുടതയോടെ ഗ്രഹിക്കേണ്ടതായിരുന്നു.

മുൻപറഞ്ഞ പ്രകാരം സംഗ്രഹിക്കപ്പെടുന്ന ഇന്ദ്രിയസംവേദനസമുച്ചയത്തിൽനിന്നു നമുക്കു മറ്റൊരുതരം അറിവുകൾ ധ്യാനമാർഗ്ഗേണ ലഭിക്കുന്നു. നമ്മുടെ ജ്ഞാനം എത്രതന്നെ സങ്കീർണ്ണമൊ ഗുരുതരമൊ ആയിരുന്നാലും അതു ലഭിക്കപ്പെടുന്നതു ഈ ഇരുമാർഗ്ഗങ്ങളാലാണ് — ഇപ്രകാരമായിരുന്നു ലോക്കിന്റെ അഭിപ്രായം. മനുഷ്യജ്ഞാനത്തിന്റെ ഉൽപത്തിയെ നിർണ്ണയിക്കുവാൻ ചെയ്ത ഉദ്യമങ്ങൾ നിമിത്തം ലോക്കു ആധുനികതത്വജ്ഞാനത്തിന്റെ ജനയിതാവു, അല്ലെങ്കിൽ ഉൽപാദകൻ, എന്നു സാധാരണയായി വിളിക്കപ്പെടുന്നു.

സ്ഥൂലലോകം മിഥ്യയാണെന്നു അഭിപ്രായപ്പെട്ട ഒരു തത്വജ്ഞനാണു ലോക്കിനുശേഷം പ്രത്യക്ഷനായ ജൊർജ്ജ് ബെർക്ക്‌ലി എന്നു പലരും ധരിച്ചുവെച്ചിട്ടുണ്ട്. എന്നാൽ അവരുടെ ഈ ധാരണ കുറെ അബദ്ധമാണ്. ബാഹ്യവസ്തുക്കളുടെ ഇന്ദ്രിയഗോചരങ്ങളായ ഗുണങ്ങളെ (Qualities) ഓരോന്നോരോന്നായി നീക്കിയാൽ അവയുടെ അടിയിൽ മൂലവസ്തു ഒന്നുണ്ടെന്നു അനുമാനത്താൽ നാം ഗ്രഹിക്കുന്നു എന്നായിരുന്നു ലോക്കിന്റെ അഭിപ്രായം. ബെർക്ക്‌ലിയാകട്ടെ ഈ ഗുണങ്ങളുള്ളതും ഒരു കാലത്തും നമുക്കു കണ്ടെത്തുവാൻ സാധിക്കാത്തതുമായ ആ മൂലവസ്തുവിനെ നിഷേധിച്ചു. നമ്മുടെ കാഴ്ചക്കും സ്പർശനത്തിനും കേൾവിക്കും മറ്റും ഗോചരമാകുന്നതെന്തോ അതൊഴികെ അന്തർഗ്ഗതമായി എന്നും അജ്ഞേയമായിരിക്കുന്ന ഒരു മൂലവസ്തുവിൽ ബെർക്ക്‌ലിക്കു വിശ്വാസമുണ്ടായിരുന്നില്ല. ഇന്ദ്രിയഗോചരങ്ങളായ ബാഹ്യവസ്തുക്കളെ സാധാരണന്മാർ വിളിക്കുന്നതുപോലെ ബെർക്ക്‌ലിയും നാമകരണം ചെയ്തു. അവയുടെ പുറമെ കാണുന്ന നാനാവിശേഷണങ്ങൾകൊണ്ടു നാം അവയെ ഗ്രഹിക്കുന്നുണ്ടെങ്കിലും ആ ഗുണങ്ങളെല്ലാം അദൃശ്യമായി, ഗുപ്തമായിരിക്കുന്ന ഒരു വസ്തുവിന്റെയായിരിക്കണം എന്ന അനുമാനം കേവലം മാനസികമായ ഒരു പ്ര

കല്പനമാണെന്നും മൂലവസ്തുവിനെ യുക്തികൊണ്ടു സാധിക്കുവാൻ കഴികയില്ലെന്നും ബെക്ക്‌ലി അഭിപ്രായപ്പെട്ടു.

ഏതെങ്കിലും ഒരു വസ്തു സ്ഥിതിചെയ്യുന്നു എന്നു പറഞ്ഞാൽ അതിന്റെ അൎത്ഥം ഇന്ദ്രിയസംവേദനങ്ങളാൽ അതു ഒരു സത്തയായി അറിയപ്പെടുന്നു എന്നാണ്. ചിത്തസമേതരായ ജീവികൾ അവരുടെ ഇന്ദ്രിയപ്രവൎത്തനങ്ങളാൽ ആ വസ്തുവിന്റെ അസ്തിത്വം അറിയുന്നു. അത്തരം ജീവികൾ ഇല്ലെങ്കിൽ അസ്തിഅല്ലെങ്കിൽ സ്ഥിതിചെയ്യുന്നു എന്നു പറയുന്നതിനു അൎത്ഥമുണ്ടായിരിക്കയില്ല. ഈ സിദ്ധാന്തത്തെബെക്ക്‌ലി The esse is percipi എന്നു ഹ്രസ്വമായി നിൎവ്വചിച്ചിരിക്കുന്നു. ഗ്രഹിക്കുവാൻ ഒരു കൎത്താവു ഇല്ലെന്നു വന്നാൽ ഗ്രഹണത്തിനു വിഷയമായി യാതൊന്നും ഉണ്ടാകയില്ല. എന്നാൽ ഈ വിധം ഗ്രഹിക്കപ്പെടുന്നതു നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരമായി ഭവിക്കുന്ന പ്രതീതികളൊ ഭാവനകളൊ അല്ലാതെ മററൊന്നുമല്ലാത്തതിനാൽ നമ്മുടെ ജ്ഞാനത്തിന്റെ വിഷയങ്ങളാകുന്ന സകല കാൎയ്യങ്ങളും പ്രതീതികളൊ ഭാവനകളൊ ആയിരിക്കണമെന്നു ബെക്ക്‌ലി സമൎത്ഥിച്ചു.

ഈ പ്രതീതികൾ നമ്മളിൽ ഉത്ഭവിക്കുന്നതു ഏതുമാൎഗ്ഗത്താലാണെന്നു ചോദിച്ചാൽ പ്രകൃതിയുടെ നിയമങ്ങളാലാണെന്നും ആ നിയമങ്ങൾ ഈശ്വരസൃഷ്ടങ്ങളാണെന്നും ആയിരുന്നു അദ്ദേഹത്തിന്റെ ഉത്തരം. എങ്കിലും സൂക്ഷ്മമായ നിരീക്ഷണം ചെയ്താൽ ഈ യുക്തിയിൽ അല്പം അതിരേകം എന്ന ദോഷമുണ്ടെന്നുകാണാം. എന്തുകൊണ്ടെന്നാൽ നിൎബ്ബന്ധമായ ആവശ്യകത നേരിടുമ്പോൾ അല്ലാതെ സത്വങ്ങളെ കാരണഭൂതങ്ങളെന്നു സങ്കല്പിച്ചുകൂടാ എന്നു താത്വികന്മാരുടെ ഇടയിൽ ഒരു വ്യവസ്ഥയുണ്ട്. അതിന്റെ നിൎവ്വചനം ഇപ്രകാരമാണ—**entia non sunt multiplicanda praeter necessitatem.** ഒരു സത്വത്തിന്റെ സങ്കല്പത്താൽ ഒരു കാൎയ്യം സാധിക്കാമെങ്കിൽ ബഹുസത്വങ്ങളുടെ സങ്കല്പം പാടില്ലെന്നാണ ഇതിന്റെ സാരം. (ന്യായശാസ്ത്രത്തിന്റെയും പ്രായേണ മററെല്ലാപാശ്ചാത്യശാസ്ത്രങ്ങളുടേയും പ്രതിപാദനത്തിൽ ലാററിൻപദങ്ങളും ശൈലികളും വാക്യങ്ങൾതന്നെയും ഉപയോഗിക്കപ്പെട്ടുകാണുന്നു. ആ ഭാഷ പഠിച്ചിട്ടില്ലാത്തവരും അവയെ അറിഞ്ഞിരിക്കണം.) ഈശ്വരൻ എന്ന സത്തയുടെ സങ്കല്പത്താൽ മനുഷ്യരുടെ ഇന്ദ്രിയദത്തങ്ങളായ ഭാവനകൾ ഉത്ഭവിക്കുന്നു എന്നു സ്ഥാപിച്ചാൽ തൽസൃഷ്ടങ്ങളായ നിയമങ്ങളെയും ബെക്ക്‌ലി സങ്കല്പിച്ചതു മുൻപറഞ്ഞ വ്യവസ്ഥയ്ക്കു വിപ

രീതമാണ്. ബാഹ്യം നമുക്കു ഗോചരമാകുന്നതു ബാഹ്യവും മനുഷ്യചിത്തവും തമ്മിലുള്ള സംബന്ധത്തിൻെറ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. ഇതേമാതിരി സംബന്ധസ്വഭാവം ഉള്ളവരല്ലാത്ത സത്തകൾ ഉണ്ടായിക്കൂടെ? അഹം അല്ലെങ്കിൽ ഞാൻഎന്നും അന്യം എന്നും രണ്ടു കാര്യങ്ങളുണ്ട്. അവയുടെ ഐക്യം ഉണ്ടാകുന്നതാണു ജ്ഞാനം. എന്നാൽ ഈ അവസ്ഥ മാനുഷചിത്തത്തിൻേറതാണ്. ഇപ്രകാരം വിഷയിയും വിഷയവും യോജിക്കുമ്പോൾ tertium quid, അത്ഥാൽ മൂന്നാമതൊന്നു, സംഭവിക്കുന്നു. ഈ സംബന്ധം ഇല്ലാത്ത സത്തകൾ ഉണ്ടെന്നുവന്നാൽ സകല കാര്യങ്ങളുടെയും മാനദണ്ഡം മനുഷ്യനാണെന്നു വിചാരിക്കുന്നതു ഭ്രാന്തിയായിരിക്കും എന്നു നിസ്സംശയം വിധിക്കാമല്ലോ.

സ്ഥൂലലോകത്തെ നിരാകരിച്ചു അദ്വൈതത്തെ സ്വീകരിച്ച ബെക്ക്ലിയുടെ അനന്തരാഗാമിയായി വന്നതു ഡേവിഡ് ഹ്യൂം എന്നുപേരായ മറെറാരു താത്വികൻ ആയിരുന്നു. അദ്ദേഹം ബെക്ക്ലിയുടെ സിദ്ധാന്തത്തെ കുന്നുകൂടി പരീക്ഷണംചെയ്തു. അപ്പോൾ ലഭിച്ച അനുമാനം അത്ഭുതാവഹമാണ്. ബെക്ക്ലി മാനുഷചിത്തത്തെ സമ്മതിച്ചിരുന്നു. അതിൻെറ അസ്തിത്വത്താൽ അല്ലാതെ ബാഹ്യത്തിനു അസ്തിത്വം ഉണ്ടെന്നു പറയുന്നതു നിരത്ഥകമാണെന്നായിരുന്നുവല്ലോ ആ താത്വികൻെറ മതം. എന്നാൽ ബാഹ്യം ഇപ്രകാരം മിത്ഥ്യയാകുന്നുവെങ്കിൽ മാനുഷചിത്തവും തത്തുല്യമായ മിത്ഥ്യയാണെന്നു ഹ്യൂം അഭിപ്രായപ്പെട്ടു. അതിൻെറ ന്യായങ്ങൾ ഈ വിധമായിരുന്നു:— ചിത്തമെന്നു പറയുന്നതു പ്രതിക്ഷണം ഭേദപ്പെട്ടുകൊണ്ടിരിക്കുന്ന ഭാവനകളുടെ ഒരു ശൃംഖല അല്ലാതെ സ്ഥായിയായ ഒരു സത്ത്വമല്ല. അഹം അല്ലെങ്കിൽ ഞാൻ എന്ന സത്ത്വത്തിൽ ആജീവനാന്തം ഐകരൂപ്യമുള്ള യാതൊന്നുമില്ല. പരിസരങ്ങളുടെ സ്വഭാവങ്ങളെ അനുസരിച്ചു അഹം എന്നതിൽ അടങ്ങുന്ന ഭാവനകൾ സദാ മാറിമാറിക്കൊണ്ടിരിക്കുന്നു. ഈ അവസ്ഥയിൽ സ്ഥൂലലോകമെന്നും മാനുഷചിത്തമെന്നും പറയപ്പെടുന്ന സത്ത്വങ്ങൾ രണ്ടും കേവലം മിത്ഥ്യയാണ്. ഇത്തരം യുക്തിവാദത്താൽ, യാതൊന്നും അരുത് എന്ന അത്ഥമുള്ള മായാശബ്ദത്തെ ഹ്യൂം അന്വത്ഥമാക്കുകയും സ്മരണശക്തി, കൃത്യബോധം, ആത്മജ്ഞാനം ഇത്യാദി സവ്വസമ്മതങ്ങളായ വരങ്ങളെ തൻെറ തത്ത്വസംഹിതയിൽനിന്നു ബഹിഷ്കരിക്കുകയുംചെയ്തു!! ഇതു സംപൂണ്ണമായ ശൂന്യവാദം (nihilism) ആകുന്നു.

പ്രളയം ഉണ്ടായെന്നു്—

(ജോസഫ് മുണ്ടശ്ശേരി, ബി. എ.)

അതേ, പ്രളയം ഉണ്ടായെന്നു ചില വിദ്വാന്മാർ പറയുന്നു. 'ഛേ, പ്രളയമോ? 'സംഭവിക്കാത്ത കാൎയ്യങ്ങളോൎക്കാനോ മതിവൈഭവം?' എന്നു ശകാരിക്കുന്നു ശാസ്ത്രജ്ഞനെന്നഭിമാനിക്കുന്ന ഒരു സ്നേഹിതൻ. ഈയുള്ളവൻ ഒന്നും ശബ്ദിച്ചില്ല. കുറെനാൾക്കഴിഞ്ഞപ്പോൾ ഭൂഗൎഭപരിശോധകന്മാരിൽ മുമ്പന്മാരായ ചിലർ ഒന്നിച്ചുകൂടി നടത്തിയ ഗവേഷണങ്ങൾകൊണ്ടു, പുരാണപ്രായമായ പ്രളയം ഒരു യഥാൎത്ഥസംഭവം തന്നെയെന്നനുമാനിക്കാമെന്നു ഒരു കിംവദന്തിയുണ്ടായി. പിറ്റെ ദിവസം തന്നെയാണെന്നുതോന്നുന്നു, മേല്പറഞ്ഞ സ്നേഹിതൻ എനിക്കൊരു ഇംഗ്ലീഷു മാസിക തന്നിട്ടു അതിലെ പ്രഥമലേഖനം പാരായണാൎഹമാണെന്നു പറഞ്ഞു. ഞാൻ അതു എന്തിനെക്കുറിച്ചാണെന്നു ചോദിച്ചപ്പോൾ 'പ്രളയം ഉണ്ടായെന്നു' എന്നുമാത്രം അദ്ദേഹം മറുവടിനല്കി. ആ ലേഖനത്തിലെ വിഷയം എന്തെന്നു വിശദീകരിക്കുകയേ ഇവിടെ ചെയ്യുന്നുള്ളു.

ബ്രിട്ടീഷു മ്യൂസിയത്തിന്റെ മേൽനോട്ടത്തിൽ ഈയിടെ ഒരു ഗവേഷകസംഘം മെസോപ്പൊട്ടോമിയായിലെത്തി 'ഉർ' (Ur) എന്ന സ്ഥലത്തു ഏതാനും ഭൂഗൎഭപരിശോധനങ്ങൾ നടത്തുകയുണ്ടായി. വ്യത്യസ്ത സ്വഭാവങ്ങളായ മൂന്നു മണ്ണട്ടികൾ അവൎക്കു പ്രത്യക്ഷപ്പെട്ടു. ഏററവും അടിയിലേത്തു മനുഷ്യസംസ്കാരത്തിന്റെ അവശേഷങ്ങൾ പലതും അടങ്ങിയതായിരുന്നു. മൺപാത്രങ്ങളാണു അവയിൽ പ്രധാനം. രണ്ടാമത്തെ അട്ടി വെറും മണൽമാത്രമായിരുന്നു. നദിയിൽ വെള്ളംപൊങ്ങി, തീരങ്ങളിൽ വന്നു കുത്തുന്ന മണൽത്തിട്ടകൾ പോലെയാണു അതു കാണപ്പെട്ടതു്. പുളിനപ്രായമായ ആ സികതാസ്തരണത്തിനു ഏകദേശം ഒന്നരയാൾ പൊക്കംകാണുമത്രേ. മൂന്നാമത്തെ മണ്ണട്ടി, മനുഷ്യവാസത്തിന്റെ ചിഹ്നങ്ങളോടുകൂടിയതായിരുന്നു. ആദ്യത്തെ അട്ടിയിൽ പ്രത്യക്ഷപ്പെട്ട സംസ്കാരശേഷങ്ങളിൽ ചിലതു മൂന്നാമത്തേതിലും ഗവേഷകന്മാർ കണ്ടെത്തുകയുണ്ടായി.

പരിശോധനത്തിനു വിഷയീഭവിച്ച 'ഉർ'പ്രദേശം യൂഫ്രെററിസ് നദിയുടെ സമീപത്തിൽ സ്ഥിതിചെയ്യുന്നു. മണ്ണട്ടികളുടെ സ്വഭാവത്തിൽനിന്നും അവയുടെ നദീസാമീപ്യത്തിൽനിന്നും പരിശോധകന്മാർ അനുമിക്കുന്നതു, പണ്ടൊരിക്കൽ നദിയിൽ വെള്ളംപൊങ്ങിയിട്ടോ മററുവല്ല കാരണത്താലോ പ്രസ്തുത പ്രദേശത്തൊരു പ്രളയം ഉണ്ടായിരുന്നിരിക്കണ

മെന്നാണ്. കേവലം വസ്തുവിമുക്തമായ സികതാസ്തരണത്തിന്റെ സാന്നിദ്ധ്യം അവരുടെ അഭ്യൂഹത്തിനു ബലംകൂട്ടുന്നു.

പ്രളയത്തെ സംബന്ധിച്ചുള്ള പുരാവൃത്തങ്ങൾ 'ഉർ'പ്രദേശത്തും വേണ്ടുവോളമുണ്ട്. (ബൈബിളിലും ഹിന്ദുപുരാണത്തിലും പ്രളയസംബന്ധമായുള്ള പ്രസ്താവങ്ങൾ പ്രഖ്യാതങ്ങളാണല്ലോ) കാററില്ലാതെ ഇലയനങ്ങില്ലെന്നുള്ള സാധാരണന്യായം പാരമ്പര്യത്തെ സംബന്ധിച്ചും കുറച്ചൊക്കെ പ്രയോക്തവ്യമാണ്. വസ്തുവിമുക്തമായ മണലട്ടിയുടെ താഴ്ചയും അതിന്റെ മേലും കീഴുമുള്ള സംസ്കാരാവശേഷങ്ങളുടെ സ്വഭാവവും ആധാരമാക്കി പരിശോധകന്മാർ നിർണ്ണയിക്കുന്ന കാലാവധിയും ഐതിഹ്യഭത്തമായ പ്രളയഘട്ടവും ഏകദേശം യോജിച്ചുവരുന്നുണ്ട്. ക്രി. മു. 35 ശതവഷങ്ങൾക്കു പിമ്പായിരിക്കണം പ്രളയം ഉണ്ടായതെന്നാണ് മിസ്റ്റർ വൂളിപ്രഭൃതികളുടെ ഊഹം. (Mr: Woolley) ബൈബിൾ പണ്ഡിതന്മാരുടെ ഗണനഫലവും ആ ഊഹത്തോടു വളരെ അടുത്തു വരുമെന്നു തോന്നുന്നു.

ഇവിടെ പ്രളയത്തിന്റെ വ്യാപ്തിയും വിചാരണീയമാണ്. പുരാവൃത്തങ്ങളെല്ലാം തന്നെ പ്രളയം ലോകമൊട്ടുക്കു വ്യാപിച്ച ഒരു മഹാപത്തായിട്ടാകുന്നു വർണ്ണിക്കുന്നത്. അതു ആലങ്കാരികത്വേന ചെയ്യപ്പെട്ട ഒരതിവർണ്ണനമാണെന്നു പലരും എണ്ണിവരുന്നു. മേല്പറഞ്ഞ ഭൂഗർഭശാസ്ത്രജ്ഞന്മാരാകട്ടെ, അതു അക്കാലത്തു യൂഫ്രററീസ് തീരത്തിലെ പ്രധാനജനപദങ്ങളെയെല്ലാം ബാധിച്ച വമ്പിച്ച ജലപ്രവാഹത്തിന്റെ വിവരണത്തിൽ കവിഞ്ഞതല്ലെന്നഭിപ്രായപ്പെടുന്നു. വിദ്വാന്മാരിൽ പലരും അവരുടെ മതത്തോടു യോജിക്കുന്നുണ്ട്.

പാരമ്പര്യമനുസരിച്ച്, പ്രളയാവസരത്തിൽ ജീവജാലങ്ങളിലൊരുഭാഗം ഒരു യാനപാത്രത്തിൽ അവലംബം തേടിയെന്നുള്ള സംഗതിയും ഉക്തനിരീക്ഷകന്മാരുടെ ശ്രദ്ധയ്ക്കു വിഷയമായിട്ടുണ്ടെന്നു കാണുന്നു. പണ്ടത്തെ 'ഉർ'നിവാസികളുടെ പാർപ്പിടങ്ങളും ജീവിതസമ്പ്രദായങ്ങളും മററും ആ വിഷയത്തിൽ അവക്കു മാർഗ്ഗദർശകങ്ങളായിരിക്കുന്നു. അവരുടെ ദീർഘമായ സാക്ഷ്യനിരൂപണം ഇവിടെ പകർത്തുന്നില്ല. *

---

* ക്രിസ്തുമത സിദ്ധാന്തപ്രകാരവും സാർവ്വത്രികമായ പ്രളയം. (Universal Deluge) എന്നതിനു ഭൂഗോളമെല്ലാം വ്യാപിച്ചതു— എന്ന അത്ഥം ഉണ്ടാവണമെന്നില്ല. അന്നു ജീവിച്ചിരുന്ന എല്ലാ മനുഷ്യരേയും ബാധിച്ചതായാൽ മതി. പ്രളയകാലത്തു മെസ്സപൊട്ടേമിയായിൽ മാത്രമെ മനുഷ്യർ അധിവസിച്ചിരുന്നുള്ളു എന്നു ഊഹിക്കുന്നതിൽ അസാംഗത്യം ഒന്നുമില്ല. (കേ. പ.)

ഇതേവരെ കണ്ടതിൽ നിന്നു, പ്രളയപദോച്ചാരണം പാപമല്ലെന്നു തീച്ചയായും പറയാം. ഇന്നത്തെ ഒരു ശാസ്ത്രകാരനു പ്രളയം 'ശുദ്ധകമ്പ'മെന്നു പ്രഖ്യാപനം ചെയ്യാൻ പാട്ടുണ്ടെങ്കിൽ, അദ്ദേഹത്തിൻെറ സന്നിധിയിൽ വെച്ചുതന്നെ പ്രളയം ഒരു പച്ചപ്പരമാത്ഥമാണെന്നു വീരവാദം മുഴക്കുവാൻ ഒരു മൂഢനുപോലും പേടിക്കേണമെന്നില്ല. ന്യായമുണ്ടെങ്കിൽ അതു മൂഢൻെറ ഭാഗത്തായിരിക്കുമധികം.

സാങ്കേതികശബ്ദപംക്തി.

Novel=നോവൽ.

നോവൽ പാശ്ചാത്യസാഹിത്യങ്ങളെ അനുകരിച്ചുണ്ടായ ഒരു സാഹിത്യവിഭാഗമാണല്ലോ. അതിനാൽ തൽസംബന്ധമായ വ്യവഹാരങ്ങളിൽ അനേകം സാങ്കേതികശബ്ദങ്ങൾ ഉപയോഗിക്കേണ്ടതായി വരുന്നു. അവയോരോന്നായി വിവത്തനം ചെയ്യാം. Novel എന്ന പദത്തിനു തജ്ജിമ വേണമെന്നു തോന്നുന്നില്ല. അതു ഇപ്പോൾ അത്രകണ്ടു ലബ്ധപ്രതിഷ്ഠമായിക്കഴിഞ്ഞിരിക്കുന്നു.

നോവൽ അനേകം തരത്തിലുണ്ടു്. Realistic, Romantic, Historical, Sensational, Sentimental, Didactic, Detective, Satirical, Psychological എന്നിങ്ങനെയാണു ആ വിഭാഗങ്ങൾക്കുള്ള പേരുകൾ. അവയെ ക്രമത്തിൽ, വാസ്തവികം, വിസ്മാപകം, ചാരിത്രികം, ഉദ്ദീപകം, വൈകാരികം, ഔപദേശികം, അപസപ്പകം, ഔപഹാസികം, സാമുദായികം, വൈചാരികം എന്നു വിവത്തനംചെയ്യാം. Novel of Manners, Novel of Morals, Novel of Adventures എന്നു മൂന്നുവകുപ്പുകൾ കൂടി വേറെയുണ്ടു്. അവക്കു, മായ്യാദികം, ധാമ്മികം, സാഹസികം എന്നീതജ്ജിമകൾ യോജിക്കുന്നതാണ്. സഹസ്ശബ്ദത്തിനു ശക്തിദ്യോതകത്വം ഉള്ളതിനാൽ Adventure എന്ന പദത്തിൻെറ അത്ഥം കുറിക്കുവാൻ സാഹസികം പയ്യാപ്തമായിരിക്കും.

ഇനി നോവലിൻെറ ധമ്മങ്ങളാണു പറയുന്നതു്. Plot. ഇതിനു ഇതിവൃത്തം എന്ന തജ്ജിമയാണു അധികം യോജിക്കുക. ഏ. ർ. രാജ രാജവമ്മയുടെ തജ്ജിമയും അതുതന്നെയാണ്. നാട്യശാസ്ത്രത്തിൽ അതിനു ക

ല്പിതമായിരിക്കുന്ന അൎത്ഥം ഇവിടെ ഉപകാരകവുമാകുന്നു. പരിണാമഗുപ്തി, കഥാഗുംഫനം എന്നു തുടങ്ങിയുള്ള പ്രയോഗങ്ങൾ ആദരണീയങ്ങളല്ല. 'ഗുംഫിതാഃ ശിരസി വേണയോ ഭവൻ' ഇത്യാദി പൂൎവ്വകവിപ്രയോഗങ്ങളവലംബിച്ച കഥാഗുംഫനം കല്പിച്ച സ്വീകാൎയ്യമാണെന്നുപറയാം. പക്ഷേ എന്തിനു ഇതിവൃത്തം തള്ളി അതു സ്വീകരിക്കുന്നു? സ്വീകരിച്ചാൽ തന്നെ Plot കഥയുടെ ഗുംഫനമല്ല, ഗുംഫിതമായ കഥയാണെന്നുള്ള കാൎയ്യം പ്രതിബന്ധമായിത്തീരുന്നതുമാണ്. Action=വൃത്തി. Narration=കഥനം, Complication=സങ്കലീകരണം, Crisis-പാരമ്യം, Conflict=വിമത്സരം. ഇതു നായകപ്രതിനായകന്മാർ തമ്മിലുള്ള ഉരസലിനെ കാണിക്കുന്ന പദമാണ്. Unravelling=അപഗ്രഥനം, Outcome=ഫലോദയം, Catastrophe=ഫലാപ്തി, Sub-plot=പ്രാസംഗികം. നാട്യശാസ്ത്രത്തിൽ ആധികാരികം, പ്രാസംഗികം എന്നുള്ള സംജ്ഞകൾ Main Plot; Sub- Plot- എന്നിവയെ സൂചിപ്പിക്കുന്നവയാണ്. അതുകൊണ്ടു 'പ്രാസംഗിക'ത്തിന്റെ സ്വീകാൎയ്യത വിശദീഭവിക്കുന്നു. Episode=പ്രകരി, Situation=ഘട്ടം, Disguise=വേഷാന്തരം, Intrigue=ഉപജാപം, Ver:similitude=താദാത്മ്യം, Probability=സംഭാവ്യത.

പാത്രങ്ങളെ സംബന്ധിക്കുന്നവയാകുന്നു ശേഷമുള്ള പദങ്ങൾ. നാടകത്തിനും നോവലിനുമുള്ള സാദൃശ്യം അവയിൽ പ്രകടമായി പ്രകാശിക്കുന്നുണ്ട്. Hero=നായകൻ, Heroine=നായിക, Villain=പ്രതിനായകൻ, Villain എന്നു കേൾക്കുമ്പോൾ ആൎക്കും വലിയൊരു നീചതപ്രതീതിയുണ്ടാകാം. എന്നാൽ നാടകത്തിലെ പ്രതിനായകനിൽനിന്നു കട്ടും വ്യത്യസ്തനല്ല നോവലിലെ വില്ലൻ. Ideal characters=മാതൃകാപാത്രങ്ങൾ. Characters from life=സജീവപാത്രങ്ങൾ. Colourless Characters=നിൎവ്വിശേഷപാത്രങ്ങൾ.Conventional Charactors=ഔപചാരികപാത്രങ്ങൾ നാടകത്തിലെ സൂത്രധാരൻ, കഞ്ചുകി, പ്രതീഹാരി മുതലായ പാത്രങ്ങൾ തന്നെ ഇവിടേയും വിവക്ഷിതം. Abstract charactors=താത്വികപാത്രങ്ങൾ. Caricature=ഉപഹാസ്യപാത്രങ്ങൾ. Characterisation=പാത്രസംവിധാനം.Development of charactere=പാത്ര (സ്വഭാവ) വികാസനം. Type=പ്രകാരം. Individual=വ്യക്തി. Exaggeration=അതിശയം. Motive of action=വൃത്തിപ്രചോദകം, Emotion=ഉൽഭാവം, Thought=ചിന്ത.

നദീഘട്ടം. (ടാഗോർ)

(വി. രാമനുണ്ണി മേനോൻ.)

ആ കഴിഞ്ഞുപോയ കാലങ്ങളെക്കുറിച്ച നിങ്ങൾക്കു കേൾക്കണമോ? ഈനദീഘട്ടത്തിൻെറ പടവിലിരിക്കു! നരച്ച പതച്ചൊഴുകുന്ന നദിയുടെ മർമ്മരങ്ങൾക്കു സശ്രദ്ധം ചെവികൊടുക്കു.

അശ്വനിമാസം ആരംഭിക്കാറായി. നദി നിറഞ്ഞൊഴുകുകയായിരുന്നു. രണ്ടുനാലു കല്പടകൾ മാത്രമേ ജലത്തിൻെറമീതെ എത്തിനോക്കിയിരുന്നുള്ളു. മാന്തോപ്പിൻെറ ശാഖകൾക്കുകീഴിൽ ചെടികളാൽ നിബിഡമായ തടം കവിഞ്ഞൊഴുകുന്നുണ്ടായിരുന്നു നദീജലം. പുഴയുടെ ആ തിരിവിൽജീർണ്ണപ്രായമായ രണ്ടുമൂന്നു ഇഷ്ടികക്കുന്നുകൾ ജലപ്പരപ്പിൻമീതെ പൊങ്ങിക്കാണാമായിരുന്നു. പുഴക്കരയിലെ വൃക്ഷങ്ങളിൽ ബന്ധിച്ചിരുന്ന മുക്കുവത്തോണികൾ പ്രഭാതത്തിൽ നദിയിലെ കല്ലോലമാലകളിൽ ആടിക്കൊണ്ടിരുന്നു. ആ സൈകതഭൂമിയിലുള്ള സസ്യലതാവിതാനിതമായ മാർഗ്ഗത്തിൽ പ്രഭാതസൂര്യൻെറ ചെങ്കതിരുകൾ പരന്നുതുടങ്ങി. പുഷ്പകാലം ആരംഭിച്ചിരുന്നതേയുള്ളു. ആ ചെടികൾ പുഷ്പനിബിഡങ്ങളായിരുന്നില്ല.

സൂര്യപ്രഭയാൽ പ്രകാശമാനമായ തരംഗിണീഹൃദയത്തിൽ ചെറുതോണികൾ തങ്ങളുടെ കാററുപായകൾ വിടത്തിനിന്നു. പുരോഹിതൻ സ്നാനാർത്ഥം പൂജാപാത്രവുമായി നദീതീരത്തിൽ എത്തിക്കഴിഞ്ഞു. ജലകുംഭങ്ങളോടുകൂടി സ്ത്രീജനങ്ങൾ രണ്ടുംമൂന്നും പേർ ചേർന്നു കൂട്ടമായി വന്നുകൊണ്ടിരുന്നു. എനിക്കറിയാം നദീഘട്ടത്തിലേക്കു കുസുമ സ്നാനത്തിന്നായി വരാറുള്ള സമയമിതാണെന്ന്.

പക്ഷേ, അന്നു രാവിലെ ഞാൻ അവളെക്കണ്ടില്ല. ഭുവനയും സുവർണ്ണയും സ്നാനഘട്ടത്തിൽ വിലപിക്കുന്നുണ്ടായിരുന്നു. അപരിചിതരായ ജനങ്ങൾ, അപരിചിതമായ ഗൃഹങ്ങൾ, അപരിചിതമായ പാതകൾ ഇവയോടുകൂടിയതും നദീതീരത്തിൽനിന്നു വളരെ വിദൂരവുമായ ഒരു സ്ഥലത്തുള്ള ഭർത്തൃഗൃഹത്തിലേയ്ക്കു ആ സഖി പോയിക്കഴിഞ്ഞുവെന്നു അവർ പറഞ്ഞു.

കാലക്രമത്തിൽ എൻെറ ഹൃദയത്തിൽനിന്നു അവളുടെ സ്മരണതീരെ മാഞ്ഞതുപോലെ തോന്നി. വർഷം ഒന്നുകഴിഞ്ഞു. നദീഘട്ടത്തിലെ സ്ത്രീകൾ വളരെ ദുർല്ലഭമായേ കുസുമയേപ്പററി സംസാരിച്ചിരുന്നുള്ളു. മനോഹരമായ ഒരു സാന്ധ്യവേളയിൽ ചിരപരിചിതമായ ആ പാദസ്പർശത്താൽ എൻെറ ശരീരം കമ്പിതമായി. ആ പാദങ്ങളിൽ ഇപ്പോൾ നൂപുരമുണ്ടായിരുന്നില്ല! ഹാ! അവയുടെ ആ പഴയ സംഗീതം അവസാനിച്ചിരുന്നു.

കുസുമ ഇപ്പോൾ ഒരു വിധവയാണ്, അവർ പറഞ്ഞിരുന്നു, വിദൂരമായ ഒരു ദിക്കിൽ പ്രവൃത്തി നോക്കിയിരുന്ന അവളുടെ ഭർത്താവു ഒന്നോ രണ്ടോതവണ മാത്രമേ അവളെക്കണ്ടിട്ടുള്ളുവെന്ന്. ഭർത്താവിൻെറ അകാലനിര്യാണകഥ പേറിക്കൊണ്ടു അതിനിടയ്ക്കു ഒരു കത്തു്. എട്ടാമത്തെ വയസ്സിൽ ഒരു വിധവ! അവൾ തൻെറ നെററിത്തടത്തിൽനിന്നു മംഗലസൂചകമായ ശോണതിലകം മാച്ചു കഴിഞ്ഞു. വളകളും നൂപുരങ്ങളും ത്യജിച്ചു. ഗംഗാതീരത്തിലുള്ള പൂർവ്വഭവനത്തിലേക്കു അവൾ തിരിച്ചെത്തി. പക്ഷേ, തൻെറ ആപ്തമിത്രങ്ങളിൽ ദുർല്ലഭംപേരേ മാത്രമേ അവൾക്കു അവിടെ കാണുവാൻ കഴിഞ്ഞുള്ളു. അവരിൽത്തന്നെ ഭുവന, സുവർണ്ണ, അമല ഇവർ വരിണീതകളായിക്കഴിഞ്ഞിരുന്നു. ശാരദ മാത്രമാണു അപ്പോൾ ശേഷിച്ചിരുന്നതു്. അടുത്തമാസത്തിലോ മറേറാ അവളും സുമംഗലയായിത്തീരുമെന്നായിരുന്നു സംസാരം.

വാർഷാരംഭത്തോടുകൂടി ഗംഗയിലെ ജലംപോലേ പ്രതിദിനം കുസമയുടെ സൌന്ദര്യവും താരുണ്യവും പരിപുഷ്ടമായിത്തുടങ്ങി. വൈധവ്യസൂചകമായ വസ്ത്രം, ദുഃഖത്താൽ മ്ലാനമായ മുഖം, ശാന്തമായ വൃത്തി ഇവ അവളുടെ നവയൗവനത്തിൻെറ മീതെ ഒരു മൂടുപടമിടുകയും, ധൂമികയെന്നപോലെ പുരുഷ ദൃഷ്ടിയിൽനിന്നു അവളെ മറയ്ക്കുകയുംചെയ്തു. പത്തുവർഷങ്ങൾ വഴുതിപ്പോയി. കുസുമ പരിപൂർണ്ണയൗവനയായതു ആരും ശ്രദ്ധിച്ചതേയില്ല.

അശ്വനിമാസത്തിലെ താദൃശമായൊരു പ്രഭാതത്തിൽ നാതിദീർഘനും സുന്ദരനുമായ ഒരുയുവയോഗി, എവിടെ നിന്നാണെന്നറിഞ്ഞില്ല, മുമ്പിലുള്ള ശിവക്ഷേത്രത്തിൽ എത്തിച്ചേർന്നു. അദ്ദേഹത്തിൻെറ ആവിർഭാവവാർത്ത ഗ്രാമമെങ്ങും പരന്നു. ജലകുംഭങ്ങൾ ഒരിടത്തുവെച്ചു ആ ദിവ്യൻെറ പൂജ്യപാദങ്ങളെ വന്ദിക്കുവാനായി സ്ത്രീകൾ ക്ഷേത്രസന്നിധിയിൽ തിക്കിക്കൂടി.

ദിനംപ്രതി ഭക്തന്മാർ വർദ്ധിച്ചുകൊണ്ടുതന്നെ വന്നു. സ്ത്രീകളുടെ ഇടയിൽ സന്യാസിയുടെ പ്രശസ്തി ക്ഷണത്തിൽ വ്യാപിച്ചു. ഒരു ദിവസം അദ്ദേഹം ഭാഗവതപാരായണം ചെയ്യും; ഗീതോപദേശമോ, അല്ലെങ്കിൽ, വേദാന്തപരമായ പ്രസംഗമോ ആയിരിക്കും മററൊരു ദിവസം. പലരും അദ്ദേഹത്തിൻെറ ചുററും കൂടുകപതിവായി, ചിലർ ഉപദേശത്തിനുവേണ്ടി,മററുചിലർ മന്ത്രങ്ങൾക്കു; വേറെ ചിലർ രോഗശമനത്തിനു്.

ഇങ്ങനെ ചില മാസങ്ങൾകഴിഞ്ഞു. ഏപ്രിൽമാസത്തിൽ സൂര്യോപരാഗാവസരത്തിൽ ഗംഗാസ്നാനത്തിന്നായി അനവധി ജനങ്ങൾ അവിടെ എത്തിച്ചേർന്നു. തീർത്ഥചാരികളിൽ അസംഖ്യംപേർ സന്യാസിയെ സ

ദർശിക്കുവാൻപോയി. കുസുമയുടെ ഭർത്തൃഗൃഹം സ്ഥിതിചെയ്തിരുന്ന ഗ്രാമത്തിലെ ഒരുകൂട്ടം സ്ത്രീകളും അതിൽ ഉൾപ്പെട്ടിരുന്നു.

അതു ഒരു പ്രഭാതത്തിലായിരുന്നു. സന്ന്യാസി സോപാനാന്തത്തിലിരുന്നു നാമം ജപിക്കുകയാണ്. പെട്ടെന്നു തീർത്ഥചാരിണികളിൽ ഒരു സ്ത്രീ സഖിയെ നോക്കിക്കൊണ്ടു പറഞ്ഞു: "എന്തു! നമ്മുടെ കുസുമയുടെ ഭർത്താവല്ലേ അദ്ദേഹം!" അംഗുലികളാൽ മൂടുപടം നീക്കിനോക്കിയ മറെറാരുവൾക്കു സംശയമുണ്ടായില്ല. "ഓ! ശരി, അദ്ദേഹംതന്നെ!" "നമ്മുടെ ഗ്രാമത്തിലെ ചാററർജി കുടുംബത്തിലെ കനിഷ്ഠപുത്രനാണദ്ദേഹം," മൂടുപടത്തിൽക്കൂടെനോക്കി ക്കൊണ്ടു അന്ന്യ പറഞ്ഞു, "ഹാ! അതേ വിശാലമായനെററി, അതേനാസ, അതേമോഹന നയനങ്ങൾ!"

മറെറാരു സ്ത്രീ സന്ന്യാസിയുടെ നേരേ തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ കുടത്തിൽ ജലത്തെ ഇളക്കിക്കൊണ്ടു ഒന്നു നെടുവീർപ്പിട്ടു ഇങ്ങനെ ദുഃഖിച്ചു:- "ഹാ, കഷ്ടം! ആ യുവാവു ഒരിക്കലും ഇനി പിൻതിരിയുകയില്ല. എന്നെന്നേയ്ക്കുമായി നഷ്ടമായ്പ്പോയി! കുസുമയുടെ നിർഭാഗ്യം."

"പക്ഷേ" ഒരുവൾ തടുത്തുപറഞ്ഞു "അദ്ദേഹത്തിന്നു ഇത്രവളരെ മീശയുണ്ടായിരുന്നില്ല." "ഇത്ര മെലിഞ്ഞിട്ടുമല്ലായിരുന്നു അദ്ദേഹം, ഇത്ര പൊക്കവും ഉണ്ടായിരുന്നില്ലെന്നാണുതോന്നുന്നതു്," എന്നായി മറെറാരുവൾ. ആ സംഭാഷണം ഇങ്ങനെ കലാശിച്ചുവെന്നല്ലാതെ ഗ്രാമത്തിൽപ്പരക്കുകയുണ്ടായില്ല.

ഒരു സന്ധ്യാസമയത്തിൽ ചന്ദ്രൻ ആകാശഗംഗയിൽ വികസിച്ചതോടുകൂടി കുസുമ വെള്ളത്തിന്നു നേരേമീതെയുള്ള പടവിൽ വന്നിരുന്നു. അവളുടെ നിഴൽ എന്റെ ദേഹത്തിൽപ്പതിച്ചു.

നദീഘട്ടം അപ്പോൾ വിജനമായിട്ടാണു കാണപ്പെട്ടതു്. എനിക്കു ചുററുമായി മണ്ണട്ടകൾ ചിലച്ചുകൊണ്ടിരുന്നു. ക്ഷേത്രത്തിലെ മണിനാദം കേൾക്കാതായിത്തുടങ്ങി. പ്രക്ഷീയമാണമായ ആ അവസാന ശംബ്ദതരംഗവും മറുതീരത്തിലെ മങ്ങിയ മാന്തോപ്പിൽ, നാദത്തിന്റെ നിഴൽപോലെ നിലീനമായി. ഗംഗയിലെ നീലജലം തൂനിലാവേററ ഝളഝളായമാനമായിക്കാണപ്പെട്ടു. തീരപ്രദേശത്തു, ചെടിപ്പടപ്പുകളിലും, ലതാനികുഞ്ജങ്ങളിലും, ക്ഷേത്രഗോപുരത്തിൻ കീഴിലും, ജീർണ്ണഗൃഹങ്ങളിലും വാപീതീരത്തിലും, പനന്തോട്ടങ്ങളിലും വികൃതച്ഛായകൾ തിക്കിത്തിരക്കിത്തുടങ്ങി. കടവാതിലുകൾ വൃക്ഷശാഖകളിൽ അങ്ങോട്ടും ഇങ്ങോട്ടും പറക്കുന്നുണ്ടായിരുന്നു. ഗൃഹങ്ങളുടെ പരിസരങ്ങളിൽനിന്നു ഭീകരമായ ഭേകാരവം പൊങ്ങി നിശ്ശബ്ദതയിൽ ലയിച്ചിരുന്നു.

സന്ന്യാസി സാവധാനം ക്ഷേത്രസന്നിധി വിട്ടിറങ്ങി. ഘട്ടത്തിലെ ഒന്നുരണ്ടു സോപാനങ്ങൾ ഇറങ്ങിയപ്പോൾ അവിടെ ഒരു സ്ത്രീ ഏകാകിനിയായിരിക്കുന്നതു കാണുകയാൽ തിരിച്ചുപോകാൻ യതി ഭാവിക്കുമ്പോഴേയ്ക്കു കുസുമ പെട്ടെന്നു തലപൊക്കി തിരിഞ്ഞുനോക്കി. മൂടുപടം അവളുടെ പുറത്തുനിന്നു ഊൎന്നുവീണു. മേല്പോട്ടുനോക്കുകയാൽ അവളുടെ മുഖത്തു ചന്ദ്രകിരണങ്ങൾ പതിച്ചു.

പരിഹസിച്ചുകൊണ്ടു മൂങ്ങകൾഅവരുടെ തലയ്ക്കുമീതെ പറന്നുപോയി. ആ ശബ്ദം ശ്രവിക്കുകയാൽ സംഭ്രാന്തയായ കുസുമയ്ക്കു ബോധമുദിച്ചു. അവൾ മൂടുപടത്താൽ മുഖംവീണ്ടും ആഛാദിതമാക്കി.

അവളെ അനുഗ്രഹിച്ചുകൊണ്ടു സന്ന്യാസി ചോദിച്ചു, നീ ആരാണ്?

"കുസുമയെന്നാണു എന്നെ വിളിക്കാറ്" എന്നു മാത്രമായിരുന്നു കുസുമയുടെ സമാധാനം. രണ്ടുപേരും ആ രാത്രിയിൽ പിന്നെ ഒരക്ഷരംപോലും സംസാരിച്ചില്ല. അനതിദൂരമായ തന്റെ ഗൃഹത്തിലേക്കു അവൾ മന്ദംമന്ദം നടന്നു. സന്ന്യാസിയാകട്ടെ ആസോപാനാവലിയിൽത്തന്നെ ആലോചനാനിമഗ്നനായി വളരെ നേരം ഇരുന്നു. ചന്ദ്രൻ പൂൎവ്വദിക്കു വിട്ടു പശ്ചിമദിങ്മുഖത്തേക്കു ആഞ്ഞടുത്തപ്പോൾ സന്ന്യാസിയുടെ നിഴൽ പിൻപിൽനിന്നു മുൻപിലേക്കു തിരിഞ്ഞു. അദ്ദേഹം എഴുന്നേറ്റു ക്ഷേത്രത്തിലേക്കു യാത്രയായി. അന്നുമുതൽ അദ്ദേഹത്തിന്റെ പാദങ്ങളെ വന്ദിക്കുന്നതിന്നു കുസുമ നിത്യവും വരുന്നതു ഞാൻ കാണാറുണ്ട്. ദിവ്യഗ്രന്ഥങ്ങൾ അദ്ദേഹം പാരായണം ചെയ്യുമ്പോൾ അവൾ ഒരു മൂലയിലിരുന്നു സശ്രദ്ധം ശ്രവിക്കും. പ്രഭാതവന്ദനാനന്തരം അവളെ പ്രത്യേകം വിളിച്ചു മതതത്വങ്ങളെ ഉപദേശിക്കുക ആയുവയോഗിയുടെ പതിവായി. ആ ഉപദേശങ്ങൾ മുഴുവനും അവൾക്കു മനസ്സിലായിരിക്കയില്ല. അത്രമാത്രം ഗഹനങ്ങളായിരുന്നു അദ്ദേഹത്തിന്റെ ഉപദേശ വിഷയങ്ങൾ. എങ്കിലും നിശ്ശബ്ദമായും ഏകാഗ്രമായും ശ്രദ്ധിച്ചു അവ മനസ്സിലാക്കുവാൻ അവൾ ശ്രമിച്ചു. ആ സന്ന്യാസിയുടെ ഉപദേശം അവൾ അക്ഷരം പ്രതി അനുഷ്ഠിച്ചുവന്നു. ദിനംപ്രതി ക്ഷേത്രത്തിലേക്കു പൂജാപുഷ്പങ്ങൾ സംഭരിച്ചുകൊണ്ടു ദേവാൎച്ചനത്തിൽ അവൾ ബദ്ധശ്രദ്ധയായിരുന്നു. ക്ഷേത്രത്തിലെ ആവശ്യാൎത്ഥം ഗംഗയിൽനിന്നു ജലം കോരിക്കൊണ്ടുവന്നും അവൾ ക്ഷേത്രവേല ചെയ്തുകൊണ്ടിരുന്നു.

വൎഷക്കാലം അവസാനിക്കാറായി. കാററു ശീതളമായി വീശിക്കൊണ്ടിരുന്നു. എന്നാൽ ഇടക്കിടെ സന്ധ്യാസമയത്തിൽ മന്ദോഷ്ണമായ തെന്നൽ അപ്രതീക്ഷിതമായി അടിക്കാതിരുന്നില്ല. അന്തരീക്ഷത്തിന്റെ ശീത

ളുതപം നശിക്കാറായി. വളരെക്കാലത്തെ നിശ്ശബ്ദതയ്ക്കുശേഷം ഗ്രാമങ്ങളിൽനിന്നു ഓടക്കുഴലിന്റെ മധുരനിസ്വനവും സംഗീതകലവികളും കേട്ടുതുടങ്ങി. തോണിക്കാർ തങ്ങളുടെ ഓടികളെ ഒഴുക്കിൽവിട്ടു തുഴയാതെ ശ്രീകൃഷ്ണനെക്കുറിച്ചുള്ള മധുരസംഗീതം പാടുകയായി. അങ്ങിനെയായിരുന്നുകാലം.

പെട്ടെന്നു എനിക്കു കുസുമയേക്കാണ്മാൻ സാധിക്കാതെയായി. കുറച്ചുദിവസങ്ങളായി ക്ഷേത്രത്തലേക്കോ, നദീഘട്ടത്തിലേക്കോ, ആ യുവയോഗിയുടെ സന്നിധിയിലേക്കോ അവൾ വരാറുണ്ടായിരുന്നില്ല.

പിന്നീടു സംഭവിച്ചതെന്താണെന്നു ഞാൻ അറിഞ്ഞില്ല. പക്ഷെ, അല്പദിവസങ്ങൾക്കു ശേഷം ഒരു സായാഹ്നത്തിൽ നദീഘട്ടത്തിൽ വെച്ചു അവർ കണ്ടുമുട്ടി.

ആനതമുഖിയായി കുസുമ ചോദിച്ചു. "ഗുരോ, എന്നെ അന്വേഷിക്കയുണ്ടായോ?"

"ഉവ്വ്, എന്താണു ഈയിടെ കാണാത്തത്? കുറച്ചുനാളായി ഈശ്വരഭജനത്തിൽ നീ നിരവധാനയായിക്കാണപ്പെടുന്നതിന്നു കാരണമെന്തായിരിക്കാം?"

അവൾ മൌനമവലംബിച്ചതേയുള്ളു!

"നിന്റെ വിചാരങ്ങൾ ഹൃദയം തുറന്നു പറയുക"

നമ്രമായ മുഖം അല്പമൊന്നു ഉയൎത്തിയിട്ടു: "ഞാനൊരപരാധിനി. ദേവപൂജയിൽ തിരുൽസുകയായതു മറെറാന്നു കൊണ്ടുമല്ല."

"കുസുമേ" സന്യാസിപറഞ്ഞു, "നിന്റെ ഹൃദയത്തിൽ അസ്വാസ്ഥ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നു."

അവൾ അല്പമായൊന്നു ഞെട്ടി. സാരിയുടെ അററത്തിൽ മുഖം മറച്ചുകൊണ്ടു ആ കല്പടയിൽ, സന്യാസിയുടെ കാല്ക്കൽ ഇരുന്നുകൊണ്ടു അവൾ കരഞ്ഞുതുടങ്ങി.

അല്പമൊന്നു മാറിനിന്നുകൊണ്ടു സന്യാസി ആശ്വസിപ്പിച്ചു: "നിന്റെ ഹൃദയാന്തർഭാഗത്തിലുള്ളതെന്താണെന്നു എന്നോടു പറയുക. ഞാൻ കാണിച്ചുതരാം സമാധാനത്തിനുള്ള മാർഗ്ഗം."

അചഞ്ചലമായ വിശ്വാസം തുളുമ്പുന്ന സ്വരത്തിൽ, സഗൽഗദം അവൾ പറഞ്ഞു: "അങ്ങു കല്പിക്കുകയാണെങ്കിൽ ഞാൻ പറയാം. പക്ഷെ— എന്നാൽ— എനിക്കു അതു സ്പഷ്ടമായിപ്പറവാൻ സാധിക്കയില്ല. ഗുരോ, അങ്ങു സർവ്വവും ഊഹിച്ചിരിക്കും. ദൈവത്തെപ്പോലെ ഒരാളെ ഞാൻ ആരാധിച്ചു; പൂജിച്ചു. ആ ഭക്തിയിൽ നിന്നുല്പന്നമായ ആനന്ദത്താ

ൽ ഹൃദയം നിറഞ്ഞൊഴുകി. പക്ഷെ, ഒരു രാത്രിയിൽ ഏതോ ഒരു ഉദ്യാനത്തിലിരുന്നുകൊണ്ടു എന്റെ മനോരഥനായകൻ എന്റെ ദക്ഷിണഹസ്തത്തെ അദ്ദേഹത്തിന്റെ വാമഹസ്തത്തിൽ ഗ്രഹിച്ചുകൊണ്ടു എന്നോടു സല്ലപിച്ചതായി ഞാൻ സ്വപ്നം കണ്ടു. എനിക്കു ലേശംപോലും അപരിചിതമായിത്തോന്നിയില്ല ആ കാഴ്ച. ആ സ്വപ്നം മാഞ്ഞുപോയി, എന്നാൽ അതിന്നു എന്റെ ഹൃദയത്തിലുള്ള അധികാരം ഇപ്പോഴും മാഞ്ഞിട്ടില്ല. പിറ്റെ ദിവസവും ഞാൻ അദ്ദേഹത്തെ മനസാ ദർശിച്ചു. ഇപ്പോഴും എന്റെ മനസ്സിനെ അസ്വാസ്ഥ്യമാക്കുന്നു ആ സ്വപ്നചിത്രം. ഭയാകുലയായ ഞാൻ അദ്ദേഹത്തെ വിട്ടോടിപ്പോയി; എങ്കിലും ആ ചിത്രം എന്നെപ്പിടികൂടി. അന്നുമുതൽ സ്വാസ്ഥ്യം എന്റെ ഹൃദയം അറിഞ്ഞിട്ടില്ല. അന്ധകാരാവൃതമാണു എന്റെ ചുറ്റുമുള്ള അന്തരീക്ഷം."

അശ്രുകണങ്ങൾ തുടച്ചുകൊണ്ടു അവൾ തന്റെ വ്യഥയെ അറിയിക്കുമ്പോൾ ആ കല്പടവിനെ തന്റെ ഇടത്തുകാലിനാൽ സന്ന്യാസി ബലത്തിൽ അമർത്തുന്നതായി ഞാൻ കണ്ടു.

അവൾ സംസാരം നിറുത്തിയതോടുകൂടി സന്ന്യാസി പറഞ്ഞു. "ആ സ്വപ്നത്തിൽ നീ ആരെയാണു ദർശിച്ചതു്? പറയുക."

കൈകൾ തിരുമ്മിക്കൊണ്ടു അവൾ ചോദിച്ചു. "ഞാൻ പറയണമെന്നു നിർബ്ബന്ധമാണോ?"

"അതെ പറയണം"

"ഗുരോ, അവിടുന്നു തന്നെയാണതു്." ബോധരഹിതയായി അവൾ ആശിലാപാദത്തിൽ പതിച്ചു ഏങ്ങി ഏങ്ങിക്കരഞ്ഞുതുടങ്ങി.

ബോധം തിരിച്ചെത്തിയപ്പോൾ അവൾ എഴുന്നേററിരുന്നു. സന്ന്യാസി പിറുപിറുത്തു: "ഞാൻ ഇന്നുരാത്രി ഈ സ്ഥലം വിട്ടുകയാണു്. നീ എന്നെ ഇനിയും കാണാതിരിക്കുകയാണല്ലൊ നല്ലതു്. നിനക്കു അറിഞ്ഞുകൂടേ ഞാൻ ഒരു സന്ന്യാസിയാണെന്നു്. ഞാൻ ഈ ലോകത്തിന്റേതല്ല. നീ എന്നെ വിസ്മരിക്കണം."

മൃദുലസ്വരത്തിൽ അവൾ പിറുപിറുത്തു: "ഗുരോ, അങ്ങിനെത്തന്നെ."

"ഞാൻ പോകട്ടെ"

കുസുമ ഒന്നും സംസാരിച്ചില്ല. അദ്ദേഹത്തിന്റെ കാൽക്കൽ കുമ്പിട്ടു ആപാദപാംസുക്കളെ അവൾ ശിരസ്സിൽചൂടി. പിന്നെ സന്ന്യാസി അവിടെ നിന്നില്ല.

ചന്ദ്രൻ മറഞ്ഞു; രാത്രി അന്ധകാരത്തിൽ ആണ്ടുപോയി. ആകാശത്തിലെ അനേകായിരം നക്ഷത്രങ്ങളെ ഊതിക്കെടുത്തുവാനെന്നപോലെ അന്ധകാരത്തിൽ കാററു അലച്ചുതുടങ്ങി.

ചലച്ചിത്രം.

(എം. പി. പോൾ, എം. എ.)

'സിനീമ' (കിന്മ) എന്ന ഗ്രീക്ക്ശബ്ദത്തിനു ഇളകുന്നചിത്രം എന്നാണർത്ഥം. 'ചലച്ചിത്രം' എന്ന പദം മൂലത്തിന്റെ നേർതർജ്ജിമയാണ്. സ്ത്രീലിംഗപ്രസക്തികൊണ്ടു മലയാളികൾ 'ചലനചിത്രപ്രദർശിനി' എന്നും വ്യവഹരിച്ചുവരാറുണ്ടു്. എന്നാൽ ചിത്രം ചലിക്കുന്നതുകൊണ്ടു ചലനം ചിത്രീകരിക്കപ്പെടുന്നുണ്ടെന്നു വിചാരിക്കുന്നതു അബദ്ധമായിരിക്കും. ആളുകൾ നടക്കുന്നതായും വണ്ടികൾ ഓടുന്നതായും കുതിര വേലി എടുത്തു ചാടുന്നതായും മറെറാരോവിധത്തിൽ ചലനം സംഭവിക്കുന്നതായും തിരസ്കരിണിയിൽ നിഴലിക്കുന്നുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷെ വാസ്തവത്തിൽ ചലനത്തെ പ്രതിബിംബിക്കുന്ന ചിത്രങ്ങളല്ല നാം കാണുന്നതു്. അനേക ചിത്രങ്ങൾ തുടരെ ലക്ഷീഭവിക്കുമ്പോൾ ചലനം സംഭവിക്കുന്നുണ്ടെന്നുള്ള ഒരു വ്യാമോഹം നമ്മുടെ കണ്ണുകളെ ബാധിക്കുന്നുവെന്നേയുള്ളു. കുതിരയുടെ ചാട്ടംതന്നെ ദൃഷ്ടാന്തമായി എടുക്കുക. ഈ ഒരു ചാട്ടത്തിൽ പലേ അവാന്തര വിഭാഗങ്ങളുണ്ടു്. നിലത്തുനിന്നു പൊങ്ങുവാൻ ഭാവിക്കുന്നതാണു ആദ്യത്തെ ചിത്രം. രണ്ടാമത്തേതിൽ കുതിര ഒരംഗുലം ഉയന്നിരിക്കുന്നു. മൂന്നാമത്തേതിൽ രണ്ടംഗുലവും, നാലാമത്തേതിൽ മൂന്നും, ഈ ക്രമത്തിൽ ചാട്ടത്തിന്റെ അനന്തരവിഭാഗങ്ങൾക്കു ഓരോ അംഗുലം വീതവും. കുതിര അടിക്കടി ഉയരുന്നതായി കാണിക്കുന്ന ഭിന്നഭിന്ന ചിത്രങ്ങളുണ്ടു്. ഇവ ഓരോന്നും നിശ്ചലാവസ്ഥയെയാണു പ്രതിഫലിപ്പിക്കുന്നതു്. ഒരു ചിത്രംമാത്രം എടുത്തുനോക്കിയാൽ കുതിര ഭൂമിയിൽനിന്നു രണ്ടടി ഉയരത്തിലോ വേലിയുടെ മുകളിലോ നിശ്ചലമായി നില്ക്കുന്നതു കാണാം. ഈ ചിത്രങ്ങളെല്ലാം ക്രമപ്രകാരം ചാലനം ചെയ്യപ്പെടുമ്പോൾ, കുതിര ചാടിയതിന്റെ ചിത്രമാണു നാം കണ്ടതെന്നു നമ്മുടെ നേത്രങ്ങൾ വ്യാമോഹിക്കുന്നു. കണ്ണിന്റെ ഘടനതന്നെ ഈ വ്യാമോഹത്തിനു ഉതകുന്ന വിധത്തിലാണ്. ഒരു വസ്തുവിന്റെ ഛായ നമ്മുടെ നയനേന്ദ്രിയത്തിൽ പതിയുവാൻ ഏകദേശം ഒരു സെക്കൻഡിന്റെ നാല്പത്തഞ്ചിൽ രണ്ടംശം ($\frac{2}{45}$) വേണം. എന്നാൽ സെക്കൻഡിൽ മുപ്പതിൽ ചില്വാനം ചിത്രങ്ങളാണു നാം സിനിമയിൽ കാണുന്നതു്. ഒരു ചിത്രത്തിലേ വസ്തു നിശ്ചലമാണെന്നു നമ്മുടെ നേത്രങ്ങൾ അവധാരണം ചെയ്യുന്നതിനു മുമ്പു മറെറാരു ചിത്രം അതിനെ അനുഗമിക്കുന്നതുകൊണ്ടു, ആ വസ്തു ചലിച്ചു കൊണ്ടിരിക്കുന്നതായിട്ടാണു കാണികൾക്കു തോന്നുക. പക്ഷെ

പരമാൎത്ഥത്തിൽ വസ്തു യാഥാസ്ഥിതികമാണെന്നു മേല്പറഞ്ഞതിൽനിന്നു അനുമന്തവ്യമാണല്ലോ.

അത്ഭുതകരമായ ഈ പ്രദൎശനത്തിൽ ഉപയോഗിയ്ക്കപ്പെടുന്ന ഛായാഗ്രാഹി, ഒരു തപാൽ സ്റ്റാമ്പിനോളം മാത്രം വലിപ്പമുള്ള ചിത്രത്തെ അനേകം മടങ്ങു ബൃഹൽകരിയ്ക്കുന്ന യാന്ത്രികവിദ്യ, എന്നിതുകളേയും ഇവയുടെ നിൎമ്മാതാവായ എഡിസണേയും ശാസ്ത്രജ്ഞന്മാർ യഥാൎഹം പ്രകീൎത്തിക്കട്ടെ. ഇവിടെ ലേഖകൻ ഉദ്ദേശിയ്ക്കുന്നതു സിനിമയിൽ അന്തൎഭവിച്ചിരിയ്ക്കുന്ന കലാത്മകമായ ചില സംഗതികൾ പ്രതിപാദിയ്ക്കുവാൻ മാത്രമാണ്.

നിശ്ശബ്ദമായ നാടകമാണല്ലോ സിനിമയിൽ കാണപ്പെടുന്നത്. നാടകത്തിലെന്നപോലെ സിനിമയിലും ഏതെങ്കിലുമൊരു കഥകൂടാതെ കഴികയില്ല. ഈ കഥയാകട്ടെ അഭിനയത്തിനു പറ്റുന്നതുമായിരിയ്ക്കണം. നമ്മുടെ നാട്ടിൽ കണ്ടുവരാറുള്ള ചിത്രങ്ങൾ മിക്കതും അമ്മേരിയ്ക്കയിൽ നിൎമ്മിയ്ക്കപ്പെട്ടവയാകയാൽ, കഥാരംഗം പ്രായേണ ഐക്യരാജ്യങ്ങളിലൊന്നായ കാലിഫോൎണിയ അത്രെ. തദ്ദേശവാസികളുടെ രുചിയ്ക്കു ചേൎന്നവിധത്തിലാണു കഥാഘടനയും സാധിച്ചിരിയ്ക്കുന്നത്. എളുപ്പത്തിൽ പണമുണ്ടാക്കുവാനുള്ള ഒരു വിദ്യയായിരിയ്ക്കും കഥാമൎമ്മം. മോട്ടോർ വണ്ടിയുടെ ടയർ ഉണ്ടാക്കുവാൻ ഒരു പുതിയ സൂത്രം ഒരാൾ കണ്ടുപിടിച്ചുവെന്നു വിചാരിക്കുക. ആയാളുടെ ആലോചനകൾ എത്രയും ഗോപ്യമായിരുന്നിട്ടും ചില ശത്രുക്കൾ എങ്ങിനേയോ ഈ വൃത്താന്തം അറിയുന്നു. പുതിയ സൂത്രം കൈക്കലാക്കുവാൻ എന്താണു ഉപായം എന്നു അവർ ആലോചിയ്ക്കയായി. അവർ അതിന്നായി ഓരോ തന്ത്രപ്രയോഗം തുടങ്ങുന്നു. സൂത്രം കണ്ടുപിടിച്ച ആൾക്കു തന്റെ സ്വത്തുക്കളുടെ ഏകാവകാശിനിയായി സുന്ദരിയായ ഒരു പുത്രിയുണ്ടെന്നും വിചാരിയ്ക്കുക. ശത്രുക്കൾ ചതിപ്രയോഗിച്ചു അവളെ പിതാവിൽനിന്നു വേർപെടുത്തി ബന്ധനത്തിൽ പാൎപ്പിയ്ക്കുകയും സൂത്രം പറഞ്ഞുകൊടുത്തില്ലെങ്കിൽ മകളെ ഇനി കണികാണുവാൻ സാധിയ്ക്കയില്ലെന്നു ആയാളെ ഭീഷണിപ്പെടുത്തുകയും, പുത്രിയെ പലേ പ്രകാരത്തിൽ പീഡിപ്പിയ്ക്കുകയുംചെയ്യുന്നു. ഈ അത്യാഹിതത്തിലായിരിക്കും കഥാനായകന്റെ രംഗപ്രവേശം. അപകടം എവിടെയുണ്ടോ, അവിടെയെല്ലാം ആയാളുമുണ്ട്. ചത്താലും ചാവാത്ത ഒരാളുണ്ടെങ്കിൽ അതു സിനിമയിലെ കഥാനായകനാണ്. ആയാൾക്കു ലക്ഷക്കണക്കിനു കിട്ടുന്ന പ്രഹരങ്ങളിൽ ഒന്നെങ്കിലും നമ്മേപ്പോലുള്ള അല്പപ്രാണന്മാൎക്കു കിട്ടുന്നതായാൽ നമ്മുടെ കഥ അതോടെ കഴിയും. പക്ഷെ ആയാൾക്കു അതെല്ലാം പുല്ലുവിലയാണ്. ആയാൾ ശത്രുക്കളുടെ മദ്ധ്യേ ചാടിവീഴുന്നു; ശ

ത്രുക്കൾ ആയാളെ പിടിച്ചുകെട്ടുന്നു; ആയാൾ കെട്ടുപൊട്ടിച്ചു രക്ഷപ്പെടുന്നു; ഘാതകന്മാരോടു് എതിരിടുന്നു; നൂറും ഇരുനൂറും മുന്നൂറും ശത്രുക്കൾ മുഷ്ടിപാതത്താൽ നിലം പതിക്കുന്നു. ഒരു രംഗത്തിൽ കുതിരപ്പുറത്തും, വേറൊന്നിൽ മോട്ടോർവണ്ടിയിലും, മൂന്നാമതൊന്നിൽ വിമാനത്തിലും, നാലാം രംഗത്തിൽ കപ്പലിലും, അഞ്ചാമത്തേതിൽ സമുദ്രത്തിന്നടിയിലും, നായകൻ ആവിർഭവിച്ചു്, അതിമാനുഷസാഹസങ്ങളാൽ പ്രേക്ഷകന്മാരെ വിഭ്രമിപ്പിക്കുന്നു. ഇടി, അടി, വെടി, ഗുസ്തി, മുതലായവ ഇല്ലാത്ത രംഗമേ ഇല്ല. ഒടുവിൽ നായകൻ ശത്രുക്കളെയെല്ലാം സംഹരിച്ചു, നായികാന്തികം പ്രാപിക്കുന്നു. അനന്തരം 'ഗുഡ് നൈററ്'—കഥ അവസാനിച്ചു. വൈദ്യുതദീപങ്ങൾ പെട്ടെന്നുകൊളുത്തപ്പെടുകയും ഒരു മഹാനാടകം അഭിനയിക്കപ്പെട്ട ദിക്കിൽ ഒരുവെള്ളവിരി മാത്രം അവശേഷിക്കുകയും ചെയ്യുന്നു. ഇത്തരം കഥകളാണു അമ്മേരിക്കയിലുള്ളവർക്കു പത്ഥ്യമായി കാണപ്പെടുന്നതു്. സംഭവങ്ങൾ ധാരാളമുണ്ടായിരിക്കണം; പാത്രങ്ങൾ അനവധി വേണം; പരിണാമം ശുഭമായിരിക്കണം; രംഗവൈചിത്ര്യം കൂടിയേ കഴിയൂ. ആകെക്കൂടി ബഹളം തന്നെ!

ചലച്ചിത്രനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ആദ്യംതന്നെ സാഹിത്യകാരന്മാർക്കു നല്ലൊരു തുക പ്രതിഫലം കൊടുത്തു മേൽവിവരിച്ചതുപോലെയുള്ള കഥകൾ എഴുതിക്കുന്നു. കഥാരചന കഴിഞ്ഞാൽ പിന്നെ നടന്മാരെ തേടുകയായി. ഓരോ സിനിമാക്കമ്പനിക്കും സ്വന്തം നടന്മാർ തന്നെ വേണ്ടുവോളമുണ്ടു്. അവർ പോരാതെവന്നാൽ നിർവ്വാഹകൻ എവിടെ നിന്നെങ്കിലും നടന്മാരെ തേടിപ്പിടിച്ചുകൊണ്ടുവന്നു ഓരോരുത്തർക്കു ഓരോപാട്ടു് (ഭാഗം) വീതിച്ചുകൊടുക്കുകയും, അവരവരുടെ പാട്ടു് വശമായിക്കഴിഞ്ഞശേഷം നിശ്ചിതദിവസം അവരെല്ലാവരും ഒന്നിച്ചുകൂടണമെന്നു ചട്ടംകെട്ടുകയും ചെയ്യുന്നു. ക്ലിപ്തദിവസം നടന്മാരെല്ലാവരും ഹാജരായി കൂട്ടത്തോടെയുള്ള അഭിനയം പരിശീലിക്കുന്നു. നിർവ്വാഹകനു ഏററം ക്ലേശാവഹമായ ഒരു ദിവസമാണു ഇതു്. നടന്മാരുടെ മുമ്പിൽ നിന്നു ആയാൾ അവരുടെനാട്യം പരിശോധിക്കുകയും, ന്യൂനതകൾ കാണുമ്പോൾ അവരെ ഉപദേശിക്കുകയും ശാസിക്കുകയും, താൻതന്നെ ചിലപ്പോൾ അഭിനയത്തിൻെറ മാതൃകകാണിച്ചുകൊടുക്കുകയുംചെയ്യുന്നു. "അങ്ങനെ ഇളിച്ചുകാട്ടിയാൽ പോരാ. ചിരിച്ചുചിരിച്ചു മണ്ണുകപ്പണം" എന്നു ഒരു നടനോടു പറഞ്ഞുകഴിയുമ്പോഴേക്കു, മറെറാരു നടൻ തലകുത്തി വീഴുന്നതിനു പകരം മേലനങ്ങാതെ നിലത്തോട്ടു ഇഴുകുന്നതുകണ്ടു, "എന്താ? നിലത്തിനു വേദന പററുമെന്നു ശങ്കയുണ്ടോ? നല്ലവണ്ണംഒന്നുവീണുകാണ

ട്ടെ"എന്നു നിർവ്വാഹകൻ കണ്ഠക്ഷോഭം ചെയ്യുന്നു. നടി ദുഃഖം അഭിനയിക്കുന്നതിൽ പോരായ്ക വല്ലതും കാണിച്ചാൽ, ആയാൾ, "എഹേ!എന്തു ചിങ്ങലാണു ഇതു്? രണ്ടു തുള്ളി കണ്ണീർവീഴട്ടെ. ഇതാ! ഈ ഉള്ളി ഒന്നു കണ്ണിലെഴുതിയാൽ തരക്കേടില്ല" എന്നുപറഞ്ഞു ചെപ്പിൽനിന്നു ഉള്ളിയെടുത്തു നീട്ടുന്നു. ഇങ്ങിനെ ശാസിച്ചും പ്രോത്സാഹിപ്പിച്ചും കഴിയുമ്പോഴെക്കു അഭിനയത്തിൽ വലിയതരക്കേടൊന്നുമില്ലെന്നു നിർവ്വാഹകനു തോന്നിയാൽ ആയാൾ 'ക്യാമെറാ!' എന്നുവിളിച്ചുപറകയും തൽക്ഷണം ഛായഗ്രാഹിയുംകൊണ്ടുചിലർ ബദ്ധപ്പെട്ടു ഓടിവരികയും ചെയ്യുന്നു. അനന്തരം ഛായാഗ്രഹണംമുറയ്ക്കു നടക്കുകയായി.

സിനീമാനടന്മാരെല്ലാം വിഡ്ഢികളാണെന്നോ അവൎക്കു അഭിനയപാടവം കുറവാണെന്നോ പൂർവ്വ ഖണ്ഡികയിൽനിന്നു വായനക്കാർ ധരിച്ചിട്ടുണ്ടെങ്കിൽ അതിനു ലേഖകൻ ക്ഷമാപണം ചെയ്യേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ ഇന്നു ലോകത്തിലുള്ള സമൎത്ഥന്മാരായ നടന്മാരെല്ലാം ചലച്ഛായാഗ്രാഹിയുടെ മുമ്പിൽ നടനം ചെയ്തിട്ടുണ്ടു്. ഡഗ്ലസ് ഫെയർബാങ്ക്സ്, മേറി പിക്ഫൊർഡ്, ടോംമിക്സ്, കോൺസ്റ്റാൻസ് ടാൽമാഡ്ജ്, ചാർല്ലിചാപ്ലൻ, ഹാറൊൾഡ് ലോയിഡ്, മുതലായവരെ നാം സാധാരണ സിനീമയിൽ കാണുന്നില്ലേ? അവരുടെ അഭിനയചാതുൎയ്യം ചില്ലറയാണോ? കൈകാലുകൾകൊണ്ടു ഗോഷ്ടിയൊന്നും കാണിക്കാതെ മുഖത്തുള്ള മാംസപേശികൾ സംയമനം ചെയ്തു ഉദ്ദിഷ്ടസ്തോഭം പ്രകാശിപ്പിക്കുന്നതിൽ അവൎക്കുള്ള പാടവം ആശ്ചൎയ്യകരമാണു്. ഒരു മരമണ്ടൻ ചിന്താധീനനായിരിക്കുന്ന ഭാഗം അഭിനയിച്ചപ്പോൾ, നടൻെറ നെററിയുടെ ഒരു കോണിൽനിന്നു ലഘുമാത്രമായ ഒരു വിചാരതരംഗം പുറപ്പെട്ടുകയും അതു വളരെ പണിപ്പെട്ടു മേല്പോട്ടു ഉരുണ്ടുകയറി ലലാടമദ്ധ്യത്തിൽ എത്തിയപ്പോൾ പെട്ടെന്നു അന്തൎദ്ധാനം ചെയ്യുകയും ഇങ്ങിനെ വീണ്ടും വീണ്ടും ഓരോ ചിന്ത ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നതു ലേഖകൻ കണ്ടിട്ടുണ്ടു്. അതുപോലെതന്നെ, ഭയം അഭിനയിക്കേണ്ട ഘട്ടത്തിൽ നടൻെറ തലയിലുള്ള രോമങ്ങളെല്ലാം മുള്ളൻ പന്നിയുടെ ശലംപോലെ എഴുന്നു നില്ക്കുന്നതും ചെവി മുയലിൻേറതുപോലെ പിന്നാക്കം മടങ്ങുന്നതും കണ്ണിൻെറ കൃഷ്ണമണി എവിടേയോ പോയി മറഞ്ഞു നിശ്ശേഷം അദൃശ്യമായിത്തീരുന്നതുംമററും കാണികൾക്കു ഐന്ദ്രികജാലംപോലെ തോന്നുമെങ്കിലും, നല്ല നടന്മാൎക്കു ഈദൃശവിദ്യകൾ കേവലം ബാലലീലയാണു്.

പക്ഷെ നല്ല നടന്മാരെ എവിടേയും ദുർല്ലഭമായിട്ടേ കണ്ടുവരാറുള്ളു. അവൎക്കു കിട്ടുന്ന വേതനത്തിൻെറ ആകത്തുക കണക്കാക്കിയാൽ അസ്മാദൃ

ശന്മാർ മൂക്കിന്മേൽ വിരൽവെച്ചുപോകും. ലോകത്തിലെ പ്രധാനമന്ത്രിമാക്കാകട്ടെ മററു ഉദ്യോഗസ്ഥപ്രധാനന്മാക്കാകട്ടെ ഒരു പ്രസിദ്ധനടനു ലഭിക്കുന്ന തുകയുടെ നാലിലൊന്നുപോലും ശമ്പളമായി കിട്ടുന്നില്ല. ടോംമിക്സ് എന്ന നടനു ആഴ്ചയിൽ 2000 പവനാണു ശമ്പളം. മേറി പിക്ഫോർഡു എന്ന നടിക്കു 1500 പവൻ പ്രതിവാരം കിട്ടുന്നുണ്ട്. അവരുടെ ഭർത്താവായ ഡഗ്ലസ്സു ഫെയർബാങ്ക്സിനും ഏകദേശം അത്രതന്നെയാണു ശമ്പളം. പ്രതിവർഷം 50,000 പവൻ ശമ്പളപ്രകാരം മൂന്നുകൊല്ലത്തേക്കു ഒരു സിനിമാക്കമ്പനിയുടെ സ്വന്തം നടിയായി അഭിനയിക്കണമെന്നു പ്രസിദ്ധഫ്രഞ്ചു നടിയായ സാറാ ബേൺഹാട്ടിനോടു ആ കമ്പനിക്കാർ അപേക്ഷിച്ചപ്പോൾ അവർ അതു സ്വീകരിച്ചില്ലത്രെ! ആഴ്ചയിൽ എണ്ണൂറും ആയിരവും ശമ്പളം വാങ്ങിക്കുന്ന നടീനടന്മാർ അനേകമുണ്ട്.

ഈ തുകകൾ കേട്ടു വിസ്മയിക്കുന്നവർ നടവൃത്തി പലപ്പോഴും ആപൽക്കരമാണെന്നുള്ള സംഗതിയും ഓക്കേണ്ടതാണ്. അഭിനയമദ്ധ്യെ അപമൃത്യു പ്രാപിച്ചിട്ടുള്ള നടന്മാർ ഒന്നുരണ്ടല്ല. ഒരു നടൻ കാരാഗൃഹം ഭേദിച്ചു പുറത്തു ചാടിയപ്പോൾ കൈയൊടികയും (ഒടിഞ്ഞതു അഭിനയത്തിൽ പെട്ടതല്ല; കഥയിലില്ലാത്ത ഒരു സംഭവമായിരുന്നു അതു്) കഥയുടെ അനന്തരഭാഗങ്ങളിൽ ആയാൾ കൈമടക്കിവെച്ചുകെട്ടി അഭിനയം തുടൻകൊണ്ടു പോകയുംചെയ്യുന്നതു ഒരിക്കൽ ലേഖകൻ കാണുകയുണ്ടായി. യുവാവും കായികാഭ്യാസ കുശലനുമായ 'ലൂഷ്യാനോ ആൽബെർട്ടിനി' എന്നൊരു നടൻ മൂന്നുകൊല്ലങ്ങൾക്കു മുമ്പു അഭിനയമദ്ധ്യെ പ്രവത്തിച്ച ഒരു സാഹസം നിമിത്തം അകാലവിയോഗം പ്രാപിച്ചു.

ഇങ്ങനെയുള്ള അപായങ്ങൾ ഉണ്ടാകാതിരിപ്പാൻ ചിത്രനിമ്മാതാക്കൾ പലേ തന്ത്രങ്ങളും പ്രയോഗിക്കുന്നുണ്ട്. ഉന്നതമായ മലയുടെ മുകളിൽനിന്നു താഴ്വരയിലേക്കും വിമാനത്തിൽനിന്നു സമുദ്രത്തിലേക്കും കഥാപാത്രങ്ങൾ വീഴുന്നതു നാം കാണുന്നു. എന്നിട്ടും നടന്മാക്കു സാധാരണയാതൊരു അംഗഭംഗവും ഉണ്ടാകുന്നില്ല. ഇതിന്റെ രഹസ്യം എന്താണ്? കുന്നിൻമുകളിൽനിന്നു വീഴുവാൻ തുടങ്ങുന്നതു നടൻതന്നെ ആയിരിക്കും. പക്ഷെ കീഴ്പോട്ടു ഉരുളുന്നതു നടനല്ല; പ്രത്യുത, ആയാളുടെ ഛായയിൽ ഉണ്ടാക്കപ്പെട്ട റബ്ബർ പാവയാണ്. പ്രതിമ താഴ്വരയിൽ വീണുകഴിയുമ്പോൾ നടനെത്തന്നെയാണു പിന്നെയും നാം കാണുന്നതു്. കഥാനായകൻ ചുവരിന്മേൽ പൊത്തിപ്പിടിച്ചു പതിനഞ്ചും ഇരുപതും നിലകളുള്ള മാളികയുടെ മുകളിൽ കയറുന്നതു വായനക്കാർ കണ്ടിട്ടുണ്ടായിരിക്കാം. ഇതു സാ

ധിക്കുന്നതു എങ്ങിനെയെന്നാൽ:— കെട്ടിടത്തിനു എത്രമാത്രം ഉയരമുണ്ടോ അത്രക്കു നീളമുള്ള കാൻവാസിൽ ചിത്രകാരൻ ആ മാളികയുടെ പടം വരക്കുന്നു. ചിത്രരചനകഴിഞ്ഞശേഷം തുണി തറയിൽ വിരിക്കുകയും, ഫോട്ടോ എടുക്കുന്ന ആൾ തട്ടിൻമുകളിൽകയറി മേൽത്തട്ടിലുള്ള ഒരു ദ്വാരത്തിലൂടെ ഛായാഗ്രാഹിയുടെ മുഖം കീഴ്പോട്ടു തിരിച്ചുപിടിക്കുകയും ചെയ്യുന്നു. അനന്തരം നടൻ കാൻവസിന്റെ ഒരററത്തു കമിഴന്നുകിടന്നു മറേറ അററത്തേക്കു ഇഴയുവാൻ തുടങ്ങുന്നു. മേൽത്തട്ടിലുള്ള ഛായാഗ്രാഹിയിൽകൂടി നോക്കിയാൽ തുണിയിൽ എഴുതപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ മുകളിലേക്കു നടൻ കയറുന്നതായിട്ടാണു തോന്നുക.

ഛായാഗ്രഹണത്തിൽ ഇനിയുംപല തന്ത്രങ്ങളുണ്ട്. 'ബാഗ്ദാദിലെ കള്ളൻ' എന്ന ചലച്ചിത്രത്തിൽ ഡഗ്ലസ്ഫെയർബാങ്ക്സ് ഒരു കംബളത്തിൽ ഇരുന്നുകൊണ്ടു ആകാശത്തിലൂടെ സവാരിചെയ്യുന്നതു കാണാം. അതു പോലെതന്നെ; ഒരു നടൻ രണ്ടു പാത്രങ്ങളുടെ വേഷം അഭിനയിച്ചു ഒരേചിത്രത്തിൽ ഏക സമയത്തുതന്നെ പ്രത്യക്ഷപ്പെടുകയും ഈ പാത്രങ്ങൾപരസ്പരം ആലിംഗനം ചെയ്യുകയും സംഭാഷണം ചെയ്യുകയും മററും ചെയ്യുന്നതു അപൂർവ്വമല്ല. വാമനനെ പ്രാംശുവാക്കുന്നതിന്നും കൃശഗാത്രനെ സ്ഥൂലകായനാക്കുന്നതിനും കാമെറക്കുശക്തിയുണ്ട്. 'ഡഗ്ലസ്ഫെയർബാങ്ക്സ്' പൊക്കംകുറഞ്ഞ ഒരാളാണ്. എന്നാൽ സിനിമയിൽ ആയാൾ സാമാന്യം ഉയരമുള്ള ഒരു യുവാവത്രെ. ഈ വകതന്ത്രങ്ങൾ വളരെ ഗൂഢമായിട്ടാണു ഓരോ കമ്പനിയും വെച്ചുകൊണ്ടിരിക്കുന്നത്.

ഇത്രയും പറഞ്ഞതിൽ നിന്നു ഒരു ചലച്ചിത്രം നിർമ്മിക്കുവാൻ എത്രമാത്രം പ്രയാസമുണ്ടെന്നു ഏതാണ്ടു ഊഹിക്കാവുന്നതാണല്ലൊ. ചിത്രത്തിനു താദാത്മ്യമുണ്ടാക്കുവാൻ സിനിമാക്കമ്പനിക്കാർ സഹിക്കുന്ന ക്ലേശത്തിനും ചെലവുകൾക്കും അതിരില്ല. കഥാരംഗം യൂറോപ്പൊ ആഫ്രിക്കയോ ആണെങ്കിൽ നടന്മാരെ അതതു രാജ്യങ്ങളിലേക്കയച്ചു അഭിനയം നടത്തുകയാണു പതിവ്. കഥയിൽ ഒരു കപ്പൽ കത്തിപ്പോകുന്ന ഘട്ടമുണ്ടെങ്കിൽ വല്ല പഴയകപ്പലും കമ്പനിക്കാർ വിലകൊടുത്തു വാങ്ങിച്ചു, ഛായാഗ്രഹണത്തിനു ഉതകുന്ന വിധത്തിൽ കത്തിച്ചു കളയാറുണ്ട്. ഒരു കഥ അഭിനയിച്ചുതീരുമ്പോഴെക്കു, നശിച്ചുപോകുന്ന സാമാനങ്ങൾക്കും കീറിപ്പോകുന്ന വസ്ത്രങ്ങൾക്കും ചെലവഴിക്കപ്പെടുന്ന പണത്തിനും കണക്കില്ല.

ചിത്ര നിർമ്മാണത്തിലുള്ള വൈചിത്ര്യം ഉപര്യുപരി വർദ്ധിച്ചുകൊണ്ടു തന്നെയാണിരിക്കുന്നത്. അഭിനയം കാണുന്നതോടെ സംഭാഷണം കേൾക്കുന്നതിന്നും സ്വനഗ്രാഹിയുടെ സഹായത്താൽ ഇപ്പോൾ സൌക

ര്യം ഉണ്ടായിത്തീൎന്നിട്ടുണ്ട്. സ്വനോപേതചിത്ര (Talkie) മാണു ഇപ്പോൾ ക്രമേണ പ്രചാരത്തിൽ വന്നുകൊണ്ടിരിയ്ക്കുന്നതു്. ഈ നിലയ്ക്കു സിനീമയുടെഭാവി ഇനിയും ശോഭായമാനമായിരിയ്ക്കുവാനേ വഴികാണുന്നുള്ളു. വിദ്യാഭ്യാസം, വാൎത്താവിതരണം ഇത്യാദി കാൎയ്യങ്ങളിൽ അതിനു ഒട്ടേറെ പ്രാബല്യം സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. ജനതയുടെ സാഹിത്യാഭിരുചിയെ നയിക്കുന്നതിൽ അതിനുള്ള ശക്തി കുറച്ചൊന്നുമല്ല. നാടകത്തിൻെറ സ്ഥാനം അതു അപഹരിച്ചേക്കുമോ എന്നു സാഹിത്യഭടന്മാർ ഭയന്നുതുടങ്ങിയിരിക്കുന്നു.

അലങ്കാരസാമാന്യ സ്വരൂപനിരൂപണം.

(ശിരോമണി പി. കൃഷ്ണൻനായർ, മദ്രാസ്)

അലങ്കാരം സാമാന്യമായി, ശബ്ദാലങ്കാരമെന്നും അൎത്ഥാലങ്കാരമെന്നും രണ്ടു തരത്തിലാകുന്നു. ഈ രണ്ടു വകയിലുള്ള അലങ്കാരങ്ങൾക്കൊക്കെ യോജിക്കുന്നതും അലങ്കാരമല്ലാത്ത ധ്വനി, ഗുണം, എന്നിവയ്ക്കു യോജിക്കാത്തതുമായ ലക്ഷണമാകുന്നു അലങ്കാരസാമാന്യലക്ഷണം. ഇത്തരം ലക്ഷണജ്ഞാനം കൂടാതെ, സാമാന്യമായി അലങ്കാരസ്വരൂപ പരിജ്ഞാനം സുകരമല്ല. വിശേഷിച്ച്, വിശേഷജ്ഞാന സമ്പാദനത്തിന്നു, നിൎവ്വിഷ്ടമായ സാമാന്യജ്ഞാനം ഒരു വിധത്തിലും ഒഴിച്ചു കൂടാവുന്നതുമല്ല. ആകയാൽ അതിലേക്കാണു ജിജ്ഞാസുക്കൾ ആദ്യമായി യതിക്കേണ്ടതു്. പക്ഷെ ഭാഷാഭൂഷണത്തിലും സാഹിതീസൎവ്വസ്വത്തിലും അലങ്കാരസാമാന്യത്തിന്നോരോ ലക്ഷണം നിൎദ്ദേശിച്ചിരിക്കയാൽ അവയിലേതെങ്കിലുമൊന്നു യഥാരുചി ഗ്രഹിച്ചാൽപോരേ എന്നൊരു ആശങ്കക്കു അവകാശമില്ലെന്നില്ല. എന്നാൽ,പണ്ഡിതാഗ്രേസരനായ കോയിത്തമ്പുരാൻ അവർകളും വടക്കുംകൂർ രാജരാജവൎമ്മ അവർകളും പ്രവിവക്ഷുക്കളായ വിദ്യാൎത്ഥികൾക്കു ആകപ്പാടെ അലങ്കാരത്തിൻെറ സ്വരൂപം മനസ്സിലാക്കുവാൻ മാത്രം ഉപകരിക്കുമാറു നിൎമ്മിച്ച ആ ലക്ഷണങ്ങൾ, പ്രവേശം സിദ്ധിച്ചവൎക്കു, വിചാരക്ഷമമായ നിഷ്കൃഷ്ടലക്ഷണങ്ങളാവണമെന്നു അവർ ഉദ്ദേശിട്ടില്ലെന്നുള്ള വാസ്തവം ധരിക്കുന്നതോടുകൂടി താദൃശശങ്ക തിരോധാനം ചെയ്യുന്നതുമാണു്. ആ വസ്തുത ഗ്രഹിക്കുന്നതിലേക്കായി ആ ലക്ഷണങ്ങളെത്തന്നെ നമുക്കു ഒന്നു പരിശോധിച്ചു നോക്കാം.

"ശബ്ദാത്ഥങ്ങളിൽവെച്ചൊന്നിൽ വാച്യമായിട്ടിരുന്നിട്ടും
അലങ്കാരംചമക്കുന്ന മട്ടലങ്കാരമായിട്ടും"

എന്ന ഭാഷാഭൂഷണലക്ഷണപ്രകാരം "വാച്യവും ചമൽകാരജനകവുമായ ശബ്ദരചനയോ അത്ഥരചനയോ അലങ്കാരം" എന്നാണു സിദ്ധിക്കുന്നതു്. പക്ഷെ, ശബ്ദരചന വാച്യമാവുന്നതെങ്ങിനെ? സാങ്കേതികമായ അത്ഥമല്ലേ വാച്യം. എന്നാൽ, വാച്യത്തിലല്ലാതെ വാച്യരചനയിൽ സങ്കേതമില്ലെങ്കിലും, വാച്യരചന വാച്യരൂപം തന്നെയെന്നു വെച്ച് അത്ഥാലങ്കാരം വാച്യമെന്നു പറയാറുള്ളതുപോലെ ശബ്ദാലങ്കാരവിഷയത്തിലും പറഞ്ഞുകൂടേ എന്നു ശങ്കിക്കുന്നതും ശരിയല്ല; ശബ്ദം വാചകമാകയാൽ ശബ്ദരചനയും വാചകരൂപമാണെന്നല്ലാതെ വാച്യമാണെന്നു പറവാൻ അപ്പോഴും വഴിയില്ല. അതെങ്ങിനെയെങ്കിലുമാകട്ടെ. വാച്യമേ അലങ്കാരമാവു എങ്കിൽ അപ്രസ്തുതപ്രശംസ, സമാസോക്തി, വ്യാജസ്തുതി മുതലായവയൊന്നും അലങ്കാരമല്ലെന്നു പറയേണ്ടതായ്വരും. ആ വകയിലൊക്കെയും വ്യംഗ്യത്തിനാണല്ലൊ അലങ്കാരത്വം. എന്നുമാത്രമല്ല; രസവദാദ്യലങ്കാരങ്ങൾ അലങ്കാരങ്ങളല്ലെന്നാവും. രസഭാവാദികൾ എവിടെയെങ്കിലും എപ്പോഴെങ്കിലും വ്യംഗ്യമല്ലാതെ വാച്യമാവുമോ? ആകയാൽ പ്രകൃതലക്ഷണം നിഷ്കൃഷ്ടമാണെന്നു വിചാരിക്കാവതല്ലല്ലോ.

ഇനി, "ശബ്ദാത്ഥങ്ങൾക്കു സാരസ്യമുണ്ടാക്കുവതലംകൃതി" എന്നു സാഹിതീസവ്വസ്വത്തിൽ പറഞ്ഞലക്ഷണം എടുത്തുനോക്കാം. ഇതിൽനിന്നു സിദ്ധിക്കുന്നതു—'ശബ്ദം അത്ഥം എന്നീ രണ്ടുകൂട്ടത്തിന്നും സാരസ്യമുണ്ടാക്കുന്നതു ഏതൊ അതാകുന്നു അലങ്കാരം' എന്നാണു്. അല്ലാതെ ശബ്ദങ്ങൾക്കോ, അത്ഥങ്ങൾക്കോ, സാരസ്യമുണ്ടാക്കുന്നതു എന്നല്ല. "ശബ്ദത്തിന്നും, അത്ഥത്തിന്നും സാരസ്യമുണ്ടാക്കുന്നതു അലങ്കാരം" എന്ന വിവരണവാക്യവും ഈ അഭിപ്രായത്തിന്നു ഉപോദ്ബലകമായിരിക്കുന്നു. ഈ സ്ഥിതിക്കു കേവല ശബ്ദാലങ്കാരത്തിലോ കേവലാത്ഥാലങ്കാരത്തിലോ പ്രകൃതലക്ഷണം സമന്വയിക്കായ്കയാൽ അവ്യാപ്തിദോഷത്തിടയുണ്ടു്. അതിരിക്കട്ടെ. 'സാരസ്യ'മെന്നതിന്നു ഇവിടെ വിവക്ഷിച്ചിരിക്കുന്ന അത്ഥമെന്തു്? 'വിശിഷ്ടാൽ ഭാവപ്രത്യയഃ വിശേഷണമഭിസന്ധത്തേ' (വിശിഷ്ടശബ്ദത്തിൽ നിന്നു പരമായ ഭാവപ്രത്യയം വിശേഷണശബ്ദാത്ഥത്തെ ബോധിപ്പിക്കുന്നു) എന്ന ന്യായപ്രകാരം രസമെന്നത്ഥം പറയുന്നതായാൽ ചിത്തവൃത്തി വിശേഷമായ രസഭാവാദി ഒരിക്കലും ശബ്ദാത്ഥനിഷ്ഠമല്ലാത്തതുകൊണ്ടു ലക്ഷണം അസംഭവദോഷഗ്രസ്തമായിത്തീരുന്നു. അഥവാ, സാരസ്യം=രസവത്വം അതായതു രസവ്യംജകത്വം എന്നുതന്നെ പറയുന്നതായാ

ലും ശരിയാവുന്നതല്ല. വിഭാവാനുഭാവ വ്യഭിചാരി ഭാവങ്ങളെക്കൊണ്ടാണ ല്ലോ രസപ്രതീതിയുണ്ടാവുന്നത്. അവയിൽ അതിവ്യാപ്തി വരില്ലേ? കൂടാതെ, അലങ്കാരം മാത്രമെ രസവ്യംജകമാവൂ എന്നോ അലങ്കാരമൊക്കയും രസവ്യംജകമാണെന്നോ പറയാമെങ്കിലല്ലേ രസവ്യംജകതയെ ആശ്രയിച്ച അലങ്കാരലക്ഷണം നിൎമ്മിക്കുന്നതിന്നു കാരണമെങ്കിലും ന്യായമുള്ളു. നിരലങ്കാരശബ്ദാൎത്ഥങ്ങൾക്കു രസവ്യംജകത്വവും ലക്ഷ്യങ്ങളിൽ കാണുന്നുണ്ടല്ലൊ. ഇതിനെപ്പററി ധ്വന്യാലോകത്തിൽ "അംഗിഭൂതമായ രസാദിയെആശ്രയിച്ച കാവ്യം നിൎമ്മിക്കുന്നതായാൽ നവം നവമായ അൎത്ഥലാഭവും ഉൽകൃഷ്ടമായ ബന്ധച്ഛായയും സംഭവിക്കുന്നു. അതുകൊണ്ടാണു, അലങ്കാരമില്ലെങ്കിലും രസാനുഗുണമായ അൎത്ഥവിശേഷങ്ങളുടെ ഉപനിബന്ധനം ഛായാതിശയയോഗിയായി ലക്ഷ്യങ്ങളിൽ കാണപ്പെടുന്നത്. എങ്ങിനെയെന്നാൽ—

"അദ്രിവ്യമാം മത്സ്യവുമാമയേയും
ദൎശിച്ചിതൊററച്ചുളകത്തിലേവൻ
മുനീശ്വരൻ യോഗിമഹാനുഭാവ-
നക്കുംഭജന്മാവു ജയിച്ചിടുന്നു."

ഇവിടെ അത്ഭുതരസത്തിന്നു അനുഗുണമാകുംവണ്ണം ഒരേ ചുളകത്തിൽ മത്സ്യത്തേയും ആമയേയും കണ്ടുവെന്നുള്ളതു, ശോഭാതിശയത്തെ പരിപോഷിപ്പിക്കുന്നു. വിശേഷിച്ച, ജലനിധിയുടെ സാന്നിദ്ധ്യമൂലകമായ മത്സ്യകച്ഛപദൎശനം അക്ഷുണ്ണമാകയാൽ അത്ഭുതരസത്തിന്നു അത്യന്തമനുഗുണവുമാകുന്നു." എന്നു പറഞ്ഞിരിക്കുന്നതു നോക്കുക. എന്തിനു—

"കാണാമെന്തിവൾകാട്ടുമെന്നഹമുറപ്പുകൾ കൊണ്ടുവാണേനിതെ-
ന്താണിദ്ധൂൎത്തനുമൌനമെന്നുകരുതിപ്പെണ്ണും പിണങ്ങീടിനാൾ
പിന്നെദൃഷ്ടികൾ തമ്മിലൊത്തൊരളവിൽസ്സവ്യാജമായിച്ചിരി-
ച്ചേനീ ഞാനവളെന്നുറപ്പുകളുമാറശ്രുക്കൾ വാൎത്തീടിനാൾ"

(അമരുകം)

ഏതാദൃശമായ പദ്യങ്ങളിൽ വിശേഷിച്ചെന്തലങ്കാരമാണുള്ളത്? എങ്കിലും ഇവിടെ രസപ്രതീതിയുണ്ടാവുന്നില്ലെന്നു ശങ്കിക്കാമോ? നേരേമറിച്ച

സുരഭിലനവഗുച്ഛശ്രീ വിരാജിച്ചിടുന്നോർ
* * * ഏററമുല്ലാസമേല്പോർ
വരലതികകളെപ്പോൽ സ്ത്രീകളും സ്ത്രീകളെപ്പോൽ
പ്പരമലതകളും നൽക്കാന്തികൈക്കൊണ്ടിടുന്നു.

ഇതിലെ അലങ്കാരമായ ഉപമേയോപമ ശൃംഗാരാദിരസങ്ങളിൽ ഒന്നിനും വ്യംജകമാവുന്നില്ല. സ്ത്രീകൾ ലതകളെപ്പോലെയും ലതകൾ സ്ത്രീകളെപ്പോലെയുമാണെന്നിങ്ങിനെ സ്ത്രീ സാമാന്യത്തെ പൊതുവായ്പറഞ്ഞിരിക്കയാൽ രതിരൂപമായ സ്ഥായിഭാവത്തിന്നുതന്നെ പ്രസക്തിയില്ലാത്തതുകൊണ്ടു ശൃംഗാരത്തിന്നവകാശമില്ല. അപ്രകാരം വിസ്മയത്തിന്നിടയില്ലായ്കയാൽ അത്ഭുതത്തിൻെറ കഥയും മേപ്പടിതന്നെ. സ്ത്രീസാമാന്യത്തിന്നും ലതാസാമാന്യത്തിന്നും പരസ്പരം സാമ്യമുണ്ടെന്നുപറഞ്ഞാൽ വിസ്മയത്തിന്നു പ്രതീതിയുണ്ടാവുമോ? അങ്ങിനെയാണെങ്കിൽ 'കുതിര കാട്ടുന്നു' 'പശു മേയുന്നു' എന്നുള്ളവപോലും വിസ്മയജനകമാവുന്നതാണ്. മററുള്ള വീരം, കരുണം, ഹാസ്യം, ഭയാനകം, രൗദ്രം, ബീഭത്സം, ശാന്തമെന്നീരസങ്ങളുടേയോ ഭാവാദികളുടേയോ സ്ഥിതിയെപ്പററി പറയാനുമില്ല. ആകയാൽ പ്രകൃതപദ്യത്തിൽ അലങ്കാരകൃതമായ ചമൽക്കാരം മാത്രമല്ലാതെ രസപ്രതീതിയില്ലെന്നു സ്പഷ്ടമായല്ലോ.

പാരിച്ചമന്ഥഗിരിതന്നുടെ പാറകൊണ്ടു
കീറിച്ചമഞ്ഞ വടു കാണ്മിതുവെൺമതിക്കു
ചൊല്ലാവതോ നിഴൽ മൃഗം മുയലെന്നതെല്ലാം
ചെല്ലാനവയ്ക്കുവഴിയെന്തിഹചന്ദ്രബിംബേ

(ഭാഷാഭൂഷണം.)

"കമലശ്രീഹരിപ്പാനോ കരം നീട്ടുന്നുവെൺമതി
സുധാംശുവല്ലിതോൽത്തീടിൽ വ്യോമഗംഗാസരോരുഹം"

(സാഹിതീസർവ്വസ്വം.)

ഇതഇത വാതുവരുന്നു
വെററില തിന്നാഞ്ഞെനിക്കു വാ തുവരുന്നു.
കൊടിയിത പയ്യായിനിമേൽ
പകപം തിന്നിട്ടെനിക്കു പയ്യായിനിമേൽ"

(വാസുനമ്പൂതിരി.)

ഇവയിലൊക്കയും അലങ്കാരകൃതമായ ചമൽക്കാരമല്ലാതെ വല്ല രസപ്രതീതിയുമുണ്ടോ? ഇങ്ങനെ നിരലങ്കാരകാവ്യത്തിന്നു രസവ്യംജകത്വവും സാലങ്കാരകാവ്യത്തിന്നു രസാവ്യംജകത്വവും കാണുന്നതുകൊണ്ടു രസവ്യക്തിക്കു കാരണമലങ്കാരമല്ലെന്നു സ്പഷ്ടമാവുന്നു.

പക്ഷെ സാരസ്യമെന്നതു ചമൽകാരജനകത്വമാണെന്നു പറയുന്നതുകൊണ്ടും കാൎയ്യമില്ല. രാമവൎമ്മ കോയിത്തമ്പുരാൻെറ "കാണിക്കുന്നതബദ്ധമത്രയും"എന്നു തുടങ്ങുന്ന പദ്യത്തിലും"കാണാമെന്തിവരും കാട്ടുമെന്ന

ഹം"—ഇത്യാദിയിലും എന്തലങ്കാരമാണുള്ളത്. വിശേഷിച്ച അലങ്കാരമൊന്നുമില്ലെന്ന വെച്ച ഇവ ചമൽകാരകാരിയല്ലെന്ന വല്ല സഹൃദയന്മാരും പറയുമോ? ആദ്യത്തേതിൽ 'ഉഗ്രത'യെന്ന സഞ്ചാരിഭാവത്തേയും രണ്ടാമത്തേതിൽ പ്രണയകോപത്തിൻെറ ശാമ്യദവസ്ഥയേയും എത്ര ഹൃദയംഗമമായി വ്യംജിപ്പിച്ചിരിക്കുന്നുവെന്ന നോക്കുക. താദൃശഭാവവ്യംജനം അലങ്കാരമാണോ? അതു ചമൽക്കാരകാരിതന്നെയല്ലേ? ഈ സ്ഥിതിക്കു അതിൽ അതിവ്യാപ്തി അപരിഹാൎയ്യമാണല്ലോ.

ഇനി 'സാരസ്യ'മെന്നതിന്നു ചാരുത്വമെന്നു തന്നെ അൎത്ഥം പറയുന്നതായാലും വിശേഷിച്ച ഗുണമൊന്നുമുള്ളതായറിയുന്നില്ല. "ചാരുത്വഹേതവോഗുണാസ്സദതിശയഹേതവസ്ത്വലങ്കാരാഃ" എന്നല്ലേ ആലങ്കാരികമതം, ചാരുത്വഹേതുവായ ഗുണത്തിൽ അതിവ്യാപ്തി വരുമല്ലോ. എന്നു മാത്രമല്ല, അലങ്കാരം കേവലം ശബ്ദാൎത്ഥങ്ങൾക്കല്ല ചാരുത്വമുണ്ടാക്കുന്നതു; വാച്യമോവ്യംഗ്യമോ ആയ വാക്യാൎത്ഥത്തിന്നുതന്നെയാണ്. ഇതിനെപ്പററി മറെറാരിടത്തു പ്രസ്താവിക്കാൻ പോകുന്നതുകൊണ്ടു ഇവിടെ വിവരിക്കുന്നില്ല. ഈ വക സംഗതികളാൽ പ്രകൃതലക്ഷണവും ദിദ്ദോഷമല്ലെന്നുവരുന്നു. എല്ലാംകൊണ്ടും നിഷ്കൃഷ്ടലക്ഷണത്തിൻെറ സ്വരൂപം വേറെതന്നെ ആലോചിക്കേണ്ടതായിരിക്കുന്നു. ആയതു എത്രയും പ്രയാസമുള്ള ഒരു കാൎയ്യവുമാണ്. സംസ്കൃതശാസ്ത്രങ്ങളിൽപോലും സൎവ്വാത്മനാ നിർദോഷവും നിഷ്കൃഷ്ടവുമായ അലങ്കാരസാമാന്യലക്ഷണം കണ്ടതായി ഞാൻ ഓൎമ്മിക്കുന്നില്ല. വിഷയത്തിൻെറ വൈവിദ്ധ്യവും വ്യാപ്തിയും അത്ര ദുൎഘടമായിട്ടാണിരിക്കുന്നത്. എങ്കിലും പണ്ഡിതാഗ്രേസരന്മാരുടെ ശ്രദ്ധയെ ഈ വിഷയത്തിലേക്കു ആകൎഷിക്കുവാൻമാത്രം തല്ക്കാലമൊരു ലക്ഷണം നിൎദ്ദേശിക്കാം. (തുടരും)

അസീസിയിലെ സന്ന്യാസി.

(ഫാദർ, ജി. എഫ്. ചൂണ്ടൽ.)

നിൎമ്മാനമോഹാ ജിതസംഗദോഷാ
അദ്ധ്യാത്മനിത്യാ വിനിവൃത്തകാമാഃ
ദ്വന്ദൈൎവ്വിമുക്താഃ സുഖദുഃഖസംജ്ഞൈ
ൎഗ്ഗച്ഛന്ത്യമൂഢാഃ പദമവ്യയംതത്.

ഇപ്രകാരമുള്ള ഒരു ജീവിതം വഴിയായി മുക്തിയടഞ്ഞിട്ടുള്ളവരിൽ അഗ്രഗണ്യനാണു 'അസീസിയിലെ സന്ന്യാസി'. ദാരിദ്ര്യത്തെ സേവിച്ചും മി

ക്ഷുവെപ്പോലെ യാചിച്ചും, കേവലം നിസ്സാരനെപ്പോലെ ജീവിച്ചും ഉദ്ദേശം 700 വത്സരങ്ങൾക്കു മുമ്പു ഭൂമുഖത്തു നിന്നു അന്തർദ്ധാനം ചെയ്ത ആ ത്യാഗിവര്യൻ പരിഷ്കാരത്തിൻെറ പാരമ്യത്തിൽ എത്തിയിരിക്കുന്ന അദ്യതന ലോകത്തെപ്പോലും ബലാദാകർഷിക്കുന്നു. ലക്ഷോപലക്ഷം ജനങ്ങൾ ഇന്നും അദ്ദേഹത്തിൻെറ ആദർശങ്ങൾ അനുവർത്തിച്ചു കൊണ്ടിരിക്കുന്നു. പാശ്ചാത്യസാഹിത്യകാരന്മാരിൽ പ്രമുഖന്മാരെല്ലാവരും ഇക്കാലത്തുപോലും അദ്ദേഹത്തിൻെറ അപദാനങ്ങൾ കീർത്തിക്കുകയും മാതൃകാജീവിതത്തെ ലോകത്തിന്നു അറിയിച്ചുകൊടുക്കുകയും ചെയ്യുന്നു. അദ്ദേഹത്തിൻെറ 7-ാം ശതാബ്ദപൂർത്തി പ്രമാണിച്ചു ലോകൈക വിശ്രുതനായ സിഞ്ഞോർ ബനീറെറാ മുസ്സലോനി അവർകൾ സുദീർഘമായ ഒരു ഔദ്യോഗികലേഖനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. കൂടാതെ ആ സിദ്ധൻെറ നിര്യാണദിനമായ ഒക്ടോബർ 4-ാംനു- ഇററലിയിൽ ഒരു ജാതീയദിനമായി പരിഗണിക്കണമെന്നു ആജ്ഞാപിക്കുകയും അദ്ദേഹത്തിൻെറ ഛായാപടത്തോടുകൂടിയ ഒരുതരം പുതിയ സ്റ്റാമ്പുകൾ അടിച്ചിറക്കുകയും ചെയ്തു. റോം, മിലാൻ, നേപ്പിൾസ് മുതലായ പട്ടണങ്ങളിൽ നേതാക്കന്മാരും ജനങ്ങളും ഒത്തൊരുമിച്ചു അദ്ദേഹത്തിൻെറ സ്മാരകങ്ങൾ സ്ഥാപിക്കുന്നു. ആറേഴു ശതാബ്ദങ്ങൾ കഴിഞ്ഞിട്ടും ഇത്രയധികം ബഹുമാനവും പ്രശംസയും അർഹിക്കുന്ന ഒരു മഹാനെക്കുറിച്ചു ചില വിവരങ്ങൾ അറിയുന്നതു അനുവാചകന്മാൎക്കു രസാവഹമായിരിക്കുമല്ലൊ.

കഥാനായകൻ കുലീനരും ധനാഢ്യരുമായ മാതാപിതാക്കന്മാരിൽനിന്നു ക്രിസ്ത്വബ്ദം 1182-ൽ ഇററലിയിൽ അസീസിയെന്ന പട്ടണത്തിൽ ജാതനായി. വിശ്രുതനായ ഒരു യോദ്ധാവാകണമെന്നായിരുന്നു ബാല്യം മുതല്ക്കു അദ്ദേഹത്തിന്നുണ്ടായിരുന്ന ആഗ്രഹം. ഈ ആഗ്രഹം സഫലീകരിക്കുന്നതിന്നു പര്യാപ്തങ്ങളായ സാഹചര്യങ്ങളിൽ തന്നെയായിരുന്നു അദ്ദേഹം വളൎന്നു വന്നതും.

യൌവ്വനം തികഞ്ഞതോടുകൂടി അദ്ദേഹത്തിൻെറ വിചാരഗതിയാകെ ഒന്നുമാറി. അതുവരെ സുഖലോലുപനും ധനപ്രിയനും പ്രതാപേച്ഛുവും ആയിരുന്നവൻ ക്രമേണ വൈരാഗ്യം പ്രദർശിപ്പിച്ചു തുടങ്ങി. ഐഹികസുഖങ്ങൾ ബുദ്ബുദപ്രായങ്ങളും ജന്മസാഫല്യം വരുത്തുവാൻ അശക്തങ്ങളുമാണെന്നു ഫ്രാൻസീസ് മനസ്സിലാക്കി. രോഗിശുശ്രൂഷണത്തിലും ദാരിദ്ര്യാരാധനത്തിലുമാണു സാക്ഷാൽ ആനന്ദമെന്നു അദ്ദേഹം വിചാരിച്ചു. ദാരിദ്ര്യത്തിന്നു ത്രിവിധകരണങ്ങൾ കൊണ്ടും സ്വാഗതമരുളുന്നവർ ഭാഗ്യവാന്മാർ എന്നുള്ള ആചാൎയ്യസൂക്തം പ്രത്യക്ഷരം അനുവൎത്തി

ക്കവാൻ അദ്ദേഹം സന്നദ്ധനായി. ദാനവും ദീനരക്ഷണവും രോഗിശുശ്രൂഷണവുമായിരുന്നു അദ്ദേഹത്തിൻെറ കൎത്തവ്യങ്ങൾ.

പുത്രൻെറ പുതിയ പ്രകൃതികണ്ടു ക്ഷുബ്ധചിത്തനായ പിതാവു ഫ്രാൻസീസിൻെറ ആശയഗതി മാററുന്നതിന്നു ബഹുധായത്നിച്ചു: അവനെകാരാഗൃഹത്തിൽ സൂക്ഷിക്കുവാനും നിരവധിദണ്ഡനങ്ങൾ അനുഭവിപ്പിക്കുവാനുംകൂടി പിതാവൊരുങ്ങി. ഒടുവിൽ എല്ലാം വിഫലമാണെന്നു കണ്ടപ്പോൾ പിതൃസ്വത്തിലുള്ള അവകാശം പരിത്യജിക്കണമെന്നുഅവനോടു അദ്ദേഹം ആവശ്യപ്പെട്ടു. ഫ്രാൻസീസാകട്ടെ അതു സന്തോഷസമേതം സമ്മതിക്കുകയും അസീസിയിലെ ബിഷപ്പ് തിരുമനസ്സിലെ സന്നിധിയിൽ വെച്ചു പിതൃസ്വത്ത്യാഗം നിൎവ്വഹിക്കുന്നതാണെന്നു വാഗ്ദാനം ചെയ്കയുംചെയ്തു. നിശ്ചിതദിവസം കാലെ കൂട്ടി തന്നെ ഫ്രാൻസീസിൻെറ പിതാവും ബന്ധുമിത്രാദികളും മററനേകം ജനങ്ങളും ബിഷപ്പിൻെറ അരമനയിൽ സന്നിഹിതരായി. വിചാരനിമഗ്നനായി, നമ്രമുഖനായി, ഏകാകിയായി ഒരു ഭാഗത്തു കഥാനായകനും നിലകൊണ്ടു. അവിടെ നടക്കുവാൻ പോകുന്ന സംഭവങ്ങളെക്കുറിച്ചു ശക്തിമത്തായ വിമൎശനങ്ങൾ ഉണ്ടായി. ഫ്രാൻസീസിൻെറ കൃത്യം കേവലം സാഹസവും ബുദ്ധിശൂന്യവുമായിരിക്കുമെന്നു ഏവനും വിധിച്ചു. ഒരു ഭാഗത്തു പ്രപഞ്ചവും അതിൻെറ ഐശ്വൎയ്യവും മറുഭാഗത്തു ദാരിദ്ര്യവും കഷ്ടതയും. അതിഘോരമായ ഒരു സമരത്തിന്നു ശേഷം ദാരിദ്ര്യവും തജ്ജന്യമായ കഷ്ടതയും വിജയം പ്രാപിച്ചു. ഫ്രാൻസിസ് തൻെറ ഭാവിമുഴവനും നിൎണ്ണയിച്ചു കഴിഞ്ഞു. ദാരിദ്ര്യത്തെതന്നെ കൈവരിക്കുന്നതിന്നു നിശ്ചയിച്ചു നിലയായി.

ബിഷപ്പുതിരുമേനി രംഗത്തിൽ പ്രവേശിച്ചു, ഉപവിഷ്ടനായി. എല്ലാവരും നിശ്ശബ്ദരായി ഫ്രാൻസീസിനെ ഉററുനോക്കിക്കൊണ്ടു നിന്നു. ബിഷപ്പു അവൎകളുടെ ചോദ്യങ്ങൾക്കെല്ലാം നമ്മുടെ യുവാവു നിസ്സംശയം മറുപടിനൽകി. പ്രശ്നോത്തരങ്ങൾ അവസാനിച്ചപ്പോൾ യുവാവു മുമ്പോട്ടു ചെന്നു, ധരിച്ചിരുന്ന മഞ്ജുളമായ പട്ടുവസ്ത്രങ്ങളും രത്നഖചിതമായ അരവാറും ഊരി പിതാവിൻെറ പാദമൂലങ്ങളിൽ വെച്ചു പകരം കീറിപ്പറിഞ്ഞ ഒരു തുണിയും ഒരുകയറും സ്വീകരിച്ചു "ഞാൻ എല്ലാം ഉപേക്ഷിച്ചിരിക്കുന്നു" എന്ന ചെറിയ വാക്യം കൊണ്ടു ആ ധീരോദാത്തൻ തൻെറ ത്യാഗത്തിനു മുദ്രവെച്ചു, അവിടെനിന്നു വിപുലമായ ലോകത്തിലേക്കിറങ്ങി. പ്രേക്ഷകന്മാർ വിസ്മയസ്തബ്ധരായി. സുപ്രസിദ്ധ ചിത്രകാരന്മാരായ ജിയോത്തൊ പ്രഭൃതികളുടേയും, ഡാൻടി തുടങ്ങിയ കവിശ്രേഷ്ഠന്മാരുടേയും തൂലികക്കുവിശേഷതഃ വിഷയീഭവിച്ചിട്ടുള്ളതാണു ഉക്തസംഭവം. അതിൽവെച്ചു

കഥാനായകൻ പ്രദശിപ്പിച്ച മനോഭാവത്തിന്നു ജഗത്രയത്തേയും കമ്പിതമാക്കത്തക്ക ഒരസാധാരണശക്തിയുണ്ടെന്നാണു ലണ്ടൻടൈംസ് അഭിപ്രായപ്പെട്ടിട്ടുള്ളതു്.

ലൌകികസുഖങ്ങളോടു യാത്രപറഞ്ഞതോടുകൂടി ഫ്രാൻസീസുഅസാധാരണമായ ഹൃദയശാന്തിയനുഭവിച്ചുതുടങ്ങി. ദാരിദ്ര്യമാണു തൻെറ പ്രേഷ്ഠവധൂരത്നമെന്നു അക്കാലത്തു അദ്ദേഹം ഫലിതം പറഞ്ഞുവന്നിരുന്നു. യഥാത്ഥത്തിൽ വധൂവരന്മാർ തമ്മിലുള്ള പ്രണയത്തോടുകൂടെത്തന്നെയാണു അദ്ദേഹം മരണംവരെ ദാരിദ്ര്യത്തെ സേവിച്ചിട്ടുള്ളതു്. വസ്തുക്കളുടെ മേലുള്ള ആധിപത്യം മനുഷ്യരെ ലോകത്തോടു ബന്ധിക്കുന്നുവെന്നും ഏതന്മൂലം മനുഷ്യർ പ്രപഞ്ചത്തെ വിട്ടുയന്നു ഈശ്വരാന്തികം പ്രാപിക്കുവാൻ അസമത്ഥരായി ഭവിക്കുന്നു എന്നുമായിരുന്നു അദ്ദേഹത്തിൻെറ അഭിമതം. സെൻറ് ഫ്രാൻസീസിൻെറ ദാരിദ്ര്യത്തിന്നും ദീനാനുകമ്പയ്ക്കും അദൃഷ്ടപൂവമായ ഒരു ഉച്ഛൃംഖലത്വവും അഭിനവത്വവും ഉണ്ടെന്നാണു വിമശകന്മാരുടെ അഭിപ്രായം. അദ്ദേഹത്തിൻെറ പ്രവൃത്തികൾ ആ മതത്തെ അനുവത്ഥികരിക്കുന്നു. മരണനിമിഷംവരെ അചഞ്ചലമായി നൈഷ്കിഞ്ച്യത്തിൻെറ പാരമ്യത്തിൽനിന്നു, ഭിക്ഷാടനത്തിൻെറ ഫലംപോലും സഹോദരന്മാരുടെ രക്ഷയ്ക്കുപയോഗിച്ച രോഗാദിപീഡിതന്മാരുടെ നിത്യപരിചാരകനായി ജീവിച്ച ഒരു ധനികപുത്രൻെറ മനോഭാവത്തിൽ എങ്ങനെ സീമാതീതമായൊരു നവീനത്വം ദൃഷ്ടവ്യമല്ലാതെവരുന്നു!

ഫ്രാൻസീസിൻെറ സഹോദരസ്നേഹത്തിനുമുണ്ടു ഒരു അസാധാരണത്വം. പക്ഷിമൃഗാദികളോടുപോലും തികഞ്ഞ സാഹോദയ്യത്തോടുകൂടി പെരുമാറുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. തൻെറ ആപ്തമിത്രങ്ങളെന്നപോലെ പക്ഷികളെ സ്നേഹിക്കുവാനും അവയുമായി സ്വൈരസല്ലാപം ചെയ്യുവാനും ആ സിദ്ധവയ്യൻ സമത്ഥനായിട്ടുണ്ടു്. അദ്ദേഹത്തിൻെറ പ്രസംഗമാധുയ്യമാസ്വദിച്ച അസീസിയിലെ വൃക്ഷശിലാദികൾ ഇപ്പോഴും അദ്ദേഹത്തെ നിശ്ശബ്ദമായി അഭിനന്ദിക്കുന്നുണ്ടാകാമെന്നു ഒരാംഗലസാഹിത്യകാരൻ പറഞ്ഞിട്ടുള്ളതിൽ അത്ഥമുണ്ടെന്നുതന്നെവേണം വിചാരിക്കുവാൻ. ചെസ്റ്റർട്ടൻ, ഫ്രാൻസീസിൻെറ ജീവിതം സ്നേഹത്തിൻെറ ദിവ്യമകരന്ദം തുളുമ്പുന്ന ഒരു വിശിഷ്ട കവിതയാണെന്നു പ്രസ്താവിച്ചിട്ടുള്ളതും ഇവിടെ സ്മരണീയമാണു്. ശത്രുക്കളെപ്പോലും സമത്വത്തോടുകൂടി ദശിക്കണമെന്നുപദേശിച്ച ഗുരുപാദരുടെ ശിഷ്യനാകാൻ സെൻറ് ഫ്രാൻസീസിനെപ്പോലെ അധികംപേക്കു കഴിഞ്ഞിട്ടില്ല, നിശ്ചയം.

കാലവിളംബമെന്യേ ഫ്രാൻസീസിൻെറ ഖ്യാതി യൂറോപ്പുമുഴുവനും വ്യാപിച്ചു. അദ്ദേഹത്തെ കാണുന്നതിന്നും അദ്ദേഹത്തിൻെറ പരി

പാവനോപദേശം ശ്രവിക്കുന്നതിന്നും അനുഗ്രഹമൎത്ഥിക്കുന്നതിന്നുമായി അനേകമാളുകൾ അസ്സീസിയിലേയ്ക്കു ഓടിക്കൂടി. പലരും അദ്ദേഹത്തിൻെറ ഉപദേശാനുസരണം അവരുടെ വസ്തുക്കളെല്ലാം വിററു സാധുക്കൾക്കു ദാനംചെയ്യശേഷമാണു അദ്ദേഹത്തിൻെറ ശിഷ്യന്മാരായതു്. ശിഷ്യന്മാരുടെ സംഖ്യ വൎദ്ധിച്ചുവന്നപ്പോൾ, അവരെല്ലാവരും ഒരേരീതിയിലുള്ളവസ്ത്രം ധരിക്കണമെന്നും ചില പൊതുനിയമങ്ങൾക്കു വിധേയരായിരിക്കണമെന്നും ഫ്രാൻസീസു നിശ്ചയിച്ചു. കണ്ഠംമുതൽ പാദംവരെ 'നെട്ടനീള'ത്തിൽ പരുപരുത്ത കാവിവസ്ത്രവും അരയിൽ അരഞാറിന്നുപകരം ഒരു കയറുമായിരുന്നു അവരുടെ വസ്ത്രം. ജീവിതം കേവലം അനാഡംബരവും സൎവ്വഥാ ദാരിദ്ര്യത്തെ സൂചിപ്പിക്കുന്നതുമായിരിക്കണമെന്നായിരുന്നു നിയമം.

പരോപകാരാൎത്ഥംചെയ്യ ദീൎഘകാലത്തെ പ്രയത്നംകൊണ്ടും കഠിനമായ തപസ്സുകൊണ്ടും കഥാനായകൻ അതിമാത്രം ക്ഷീണിച്ചു. എങ്കിലും തൻെറ പരിശ്രമങ്ങൾ ലേശംപോലും കുറഞ്ഞില്ല. 45 വയസ്സു പ്രായമായപ്പോൾ അദ്ദേഹം കേവലം രോഗബാധിതനായി. കണ്ണിന്നു കാഴ്ച വല്ലാതെ കുറഞ്ഞു. 1226-ാം ആണ്ടിൽ അത്യന്തം പ്രസന്നവദനനായി ഈശ്വരസ്തോത്രങ്ങൾ ഉച്ചരിച്ചുകൊണ്ടിരിക്കയിൽ നമ്മുടെ ത്യാഗിവൎയ്യൻ എന്നെന്നേയ്ക്കുമായി ലോകംവെടിഞ്ഞു. അദ്ദേഹത്തിൻെറ ശവകുടീരം യൂറോപ്പിൽ ഇന്നും ഒരു പ്രസിദ്ധ തീൎത്ഥസ്ഥലമായി പരിലസിക്കുന്നു. ലോകത്തിൻെറ നാനാഭാഗത്തുനിന്നും ആളുകൾ സദാ അവിടേയ്ക്കു പോയ്ക്കൊണ്ടിരിക്കുന്നു. അവിടേക്കു തീൎത്ഥാടനം കഴിച്ചവർ ഇന്നുകേരളത്തിൽതന്നെ പലരുമുണ്ടു്.

അസമത്വത്തിലും ആഡംബരഭ്രമത്തിലും അമിതമായ ദ്രവ്യകാംക്ഷയിലും ആണ്ടുകിടന്നിരുന്ന യൂറോപ്പിൽ അസ്സീസിയിലെ സന്ന്യാസി ഒരു നവമായ പദ്ധതിയാണു തുറന്നതു്. അതിനാൽ അദ്ദേഹം സാക്ഷാത്തായ പരിഷ്കാരത്തിൻെറ ഉദ്ധാരകന്മാരിൽ അഗ്രഗണ്യനായി വിചാരിക്കപ്പെട്ടുന്നു. അദ്ദേഹത്തിൻെറ ജീവിതകാലത്തുതന്നെ തച്ഛിഷ്യന്മാരായി 5000 പേരോളം ഉണ്ടായി. ഇപ്പോൾ അവരുടെ സംഖ്യ ഇരുപതിനായിരത്തിൽ പരമായി വൎദ്ധിച്ചിട്ടുണ്ടു്. ദാരിദ്ര്യത്തെ സ്വയം സ്വീകരിച്ചു ജീവിക്കുന്ന പ്രസ്തുത സന്ന്യാസിസമൂഹത്തെ ഫ്രാൻസിസ്കൻസ് എന്നു വിളിക്കപ്പെട്ടുന്നു. അവരിൽ ചിലർ ഭാരതത്തിൻെറ ഉത്തരഭാഗത്തുവന്നു പരോപകാരാൎത്ഥം ജീവിതം വിനിയോഗിക്കുന്നുണ്ടെന്നുള്ളതും ഇത്തരുണത്തിൽ സ്മൎത്തവ്യമാണു്.

മനുഷ്യോല്പത്തി.

(ഫാദർ സി. കെ. മററം, എം. ആർ. ഏ. എസ്സ്; എഫ്. ആർ. എസ്സ്. ഏ)

ഞാൻ ഇവിടെ എങ്ങനെ ആഗതനായി? സ്വയംഭൂവല്ലെന്നു നിർവ്വി
വാദമാണ്. എൻെറ ആഗ്രഹമോ അനുമതിയോ പ്രകാരമല്ല ഞാ
നിവിടെ വന്നുചേൎന്നതു്. എൻെറ മാതാപിതാക്കന്മാർ വെറും ഉപകര
ണങ്ങൾ മാത്രം. അവർ ഏതദ്വിഷയത്തിൽ അന്ധപരായുധങ്ങളാണ്.
എൻെറ ശരീരത്തിൻെറ വിസ്മയനീയമായ ഘടനാപ്രകൃതിപോലും അവ
ൎക്കു വിദിതമല്ല. എൻെറ ശരീരത്തിലേ ഓരോ അവയവവും, മാംസപേ
ശിയും അസ്ഥിപഞ്ജരവും അസ്ഥിബന്ധനവും എല്ലാംകൂടി ഒരു ജീവൽസ
ത്വമായി പരിണമിച്ചിരിക്കുന്നു. ഇതാണു സൃഷ്ടികൎമ്മം. ഇതുതന്നേ ദി
വ്യമായ പ്രവൃത്തി. ഈദൃശമായ ഒരു കൈവേലചെയ്യുവാൻ മനുഷ്യനു
സാധിക്കുമെന്നു ആത്മവിശ്വാസത്തോടുകൂടി പറയുവാൻ ആൎക്കു ധൈൎയ്യമു
ണ്ടാകും? മണ്ണിൽകൂടി ഇഴഞ്ഞുനടക്കുന്ന നിസ്സാരസത്വമായ കൃമിയേയോ
കാററിൽ ചാഞ്ചാടിക്കളിക്കുന്ന ഞാങ്ങണയേയോ പോലും നിൎമ്മിക്കുവാൻ
കഴിയാത്ത മനുഷ്യകീടമാണോ മനുഷ്യജീവിയേ ഉണ്ടാക്കുന്നതു്? സസ്യ
ശാസ്ത്രപടുക്കളും, ജന്തുവിജ്ഞാനവിദഗ്ദ്ധരും പരിണാമവാദവിചക്ഷണരും
ഒത്തുചേരട്ടെ. ഭൂലോകാരംഭംമുതൽ നാളതുവരേയുള്ള സൎവ്വവിദ്യാശാസ്ത്രസം
ഹിതയും ശാസ്ത്രജ്ഞസമിതിയും ഏകോപിച്ചു പ്രയത്നിക്കട്ടെ. നോക്കുന്നി
ടത്തെല്ലാമുള്ളതും ചെററക്കുന്നുമ്പുറത്തുപോലും കുരുക്കുന്നതുമായ കൊങ്ങി
ണിയോ നിസ്സാരവും ആൎക്കും വേണ്ടാത്തതുമായ തകരയിലയോ അതുംവേ
ണ്ടാ ഒന്നിനും കൊള്ളാത്ത ഒരു കൊന്തൻ പുല്ലെങ്കിലുമോ സൃഷ്ടിക്കുന്നതി
നു നാസ്തികവാദികളും പരിണാമവാദികളും ശ്രമിക്കട്ടെ. അസാദ്ധ്യം.
വെറും മൌഢ്യം. പിന്നെയല്ലേ സകല ലോകസന്തോഷസന്ദായകനായ സൂ
ൎയ്യനേയും രാത്രിഞ്ചരന്മാരായ അദ്ധ്വനീനന്മാൎക്കു സന്തോഷാശ്വാസങ്ങളേ
പ്രദാനംചെയ്യുന്ന ചന്ദ്രനേയും തമോധ്വംസകങ്ങളായ മററു ആകാശഗോ
ളങ്ങളേയും ഉണ്ടാക്കുക!

പിന്നെ എങ്ങനെയാണു എൻെറ ആവിർഭാവം? മനുഷ്യനേക്കാൾ
ശ്രേഷ്ഠസ്ഥാനിയായ ഒരാളായിരിക്കണം തൽകൎത്താവു്. മനുഷ്യൻെറ
ബുദ്ധിയേയും മനസ്സിനേയും അതിലംഘിക്കുന്ന ഒരു ബുദ്ധിയും മനസ്സുമാ
ണു എന്നെ ഉല്പാദിപ്പിച്ചതു എന്നുള്ളതിനു സംശയമില്ല. ആ ശ്രേഷ്ഠമാ
യ പ്രജ്ഞാവിശേഷത്താലും ആജ്ഞാശക്തിയാലും നിഷേവിതമായ സത്വ
ത്തേയാണു നാം ഈശ്വരൻഎന്നു അഭിസംബോധനം ചെയ്യുന്നതു്. അ

തേ, പ്രസ്തുത പ്രശ്നത്തിനു സമാധാനം കണ്ടുകിട്ടി. ദൈവമാണു എന്നെ സൃഷ്ടിച്ചതു്. എന്റെ ആസ്തിക്യഹേതുവും മററാന്നുമല്ല. ദൈവമാണു എന്നെ ഇഹത്തിൽ കൊണ്ടുവന്നുവിട്ടതു്. ദൈവമാണു എന്റെ കർത്താവെങ്കിൽ ഞാൻ അദ്ദേഹത്തിന്റേതാണല്ലോ. എന്നെ സൃഷ്ടിച്ചതു ദൈവമാണെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ സ്വന്തമാണല്ലോ. അദ്ദേഹം എന്റെ നാഥനും രക്ഷാകർത്താവുമാണു്. ചിത്രലേഖകൻ വരയ്ക്കുന്ന ചിത്രങ്ങൾ അയാളുടേതാണെന്നു നാം പറയുന്നു. മാർബിൾ പ്രതിമകളുടെ കർത്തൃത്വം ശില്പികളിൽ ആരോപിക്കപ്പെടുന്നു. എന്നാൽ ഇതിലെല്ലാം കൂടുതൽ ന്യായത്തോടുകൂടി ഞാൻ എന്റെ ദൈവത്തിന്റേതാണെന്നു പറയേണ്ടിയിരിക്കുന്നു. "അതെന്റേതാണു്, ഇതെന്റേതാണു്" എന്നെല്ലാം നാം മിഥ്യാലാപം ചെയ്യുന്നു! ഞാൻ രസസമ്പുഷ്ടമായ ഒരു കവിത എഴുതി, ഒരു മനോഹരചിത്രം വരച്ചു, ഒരു കമനീയമായ ശിലാപ്രതിമ കൊത്തിയുണ്ടാക്കി. ഇവയെല്ലാം എന്റേതാണെന്നു ഞാൻ അഭിമാനിക്കുന്നു. എങ്കിലും ഞാൻ എന്താണു ചെയ്തതു്? മുമ്പേതന്നേ സ്ഥിതിചെയ്തിരുന്ന ഏതാനും ആശയങ്ങളേയും ശിലകളേയും ചായങ്ങളേയും കൂട്ടി ഇണക്കി അവയ്ക്കു ഒരു നവീനവും ആകർഷകവുമായ രൂപംനല്കി; അത്രമാത്രം. ഈശ്വരനോ? എന്നെ നാസ്തിക്യത്തിൽനിന്നും ആസ്തിക്യത്തിലേക്കു അഭിസംബോധനം ചെയ്തു. മുമ്പുഞാൻ ഇല്ലായിരുന്നു, ഇപ്പോൾ ഉണ്ടായി. ആസ്തിക്യവും നാസ്തിക്യവും തമ്മിൽ രൂപത്തിൽ ഒരേ ഒരു ലിപിയുടെ വ്യത്യാസമേയുള്ളു. പക്ഷേ അർത്ഥത്തിൽ എത്രയോ വലിയ അന്തരം. ദൈവത്തിന്റെ സർവ്വവല്ലഭവും പ്രയോഗിച്ചാണു സൃഷ്ടികർമ്മം നടത്തുന്നതു്. ഇതു ഒരു വലിയ അധീനത്വമാണു്. ഈശ്വരനാണു എന്റെ നിർമ്മിതാവെങ്കിൽ അദ്ദേഹത്തിനു ഞാൻ സർവ്വഥാ വിധേയനാണു്. ദൈവത്തെ ആരാധിക്കുവാനും വണങ്ങുവാനും സ്നേഹിക്കുവാനും ഞാൻ നിർബ്ബന്ധിതനാണു്. അദ്ദേഹത്തിന്റെ മനസ്സുപോലെ എന്നോടു പ്രവർത്തിക്കാം. അങ്ങേയുടെ അഭീഷ്ടം എന്താണെന്നു അറിയുന്ന ക്ഷണത്തിൽ തദനുസരണം പ്രവർത്തിക്കുകയാണു എന്റെ ധർമ്മം. എന്തിനാണു അദ്ദേഹം എന്നേ നാസ്തിക്യത്തിൽനിന്നും ആസ്തിക്യത്തിലേക്കു ആനയിച്ചതെന്നുള്ള സ്വാഭാവികപ്രശ്നത്തിനു യഥായോഗ്യമായ സമാധാനം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. എന്റെ ഭാവാവസ്ഥകൊണ്ടു ദൈവത്തിനു എന്തെങ്കിലും കാര്യം സാധിക്കേണമെന്നുണ്ടായിരുന്നുവോ?

അതീതമായ കാലഘട്ടത്തിൽ എന്റെ ആസ്തിക്യം അദ്ദേഹത്തിനു ആവശ്യമില്ലായിരുന്നു, ഇനിയും ആവശ്യമില്ല. സർവ്വവല്ലഭനും അപരിമിത

ണ്ണവാനുമായ അദ്ദേഹത്തിനു എന്നേക്കൊണ്ടു സാധിക്കേണ്ടതായ യാതൊന്നും ഉണ്ടാവാനിടയില്ല. സവ്വസൗഭാഗ്യനിധിയും സവ്വപരിപൂണ്ണതാസമ്പന്നനുമായ ദൈവത്തിനു ആരുടേയും സഹായം ആവശ്യമില്ലതന്നേ. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ജഗത്സവ്വസ്വം തന്നേ എന്താണ്? വെറുംശൂന്യം. ആകാശവും ഭൂമിയും മനുഷ്യനും ദേവദൂതനും സൂൎയ്യനും നക്ഷത്രങ്ങളും എല്ലാം വെറുംമായ. പ്രഭാതവേളയിൽ ദിവാകരകരവിതട്ടി പ്രകാശിക്കുന്ന ഹിമകണം. ആ സ്ഥിതിക്കു എൻെറ ആസ്തിക്യം അദ്ദേഹത്തിൻെറ നിസ്സീമമഹിമാവിനെ വദ്ധിപ്പിക്കുവാനോ നിത്യാനന്ദത്തേ പുഷ്ടിപ്പെടുത്തുവാനോ എങ്ങനെ സമത്ഥമാവും! പിന്നെ സൃഷ്ടിയുടെ കാരണമെന്ത്? ഈശ്വരൻെറ സ്വാഭാവികനന്മയും സഹജസ്നേഹവും മാത്രമാണു അതിൻെറ ഹേതു. പ്രസരണശീലം നന്മയ്ക്കു പ്രകൃതിസ്ഥമാണ്. ദൈവികനന്മ അനുഭവിക്കുവാൻ സത്വവഗ്ഗത്തിൻെറ ആവിർഭാവം അവശ്യകരണീയമാണ്. ഭാസുരനായ സൂൎയ്യൻ സ്വയംദീപ്തിമത്തായിരിക്കുന്നതുപോലെ നിജമയൂഖശ്രേണികളേവഷിച്ചു അതു സവ്വചരാചരങ്ങളേയും ആറാടിക്കുന്നില്ലയോ! ഏതാണ്ടിതുപോലെതന്നേ സ്വയം അനന്തസ്നേഹവും അമേയനന്മയും ആയ ദൈവം സ്വനന്മയേയും സ്നേഹത്തേയും സത്വജാലങ്ങളിലും ഉളവാക്കി അവയെ ആനന്ദിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. തൻനിമിത്തമാണു അദ്ദേഹം എന്നേയും സൃഷ്ടിച്ചത്. അതെ, നിഷ്കാമവും മിശ്രവിഹീനവുമായ സ്നേഹമൊന്നുമാത്രമാണു സൃഷ്ടികമ്മത്തിൻെറ നിമിത്തം. "കണ്ടാലും! അക്ഷയമായി നിന്നേ ഞാൻ സ്നേഹിച്ചതുകൊണ്ടു, ശൂന്യത്തിൽനിന്നു നിന്നേ ഞാൻ ഉരുവാക്കി."

ഭാഷകൾ

ലോകത്തിൽ ഒന്നാകെ 3424 ഭാഷകളുണ്ടത്രെ.

അമേരിക്ക	1624
ഏഷ്യ	937
യൂറോപ്പ്	587
ആഫ്രിക്ക	276

ഇങ്ങനെയാണു അവയുടെ വിഭാഗം. ഇൻഡ്യയിൽ മാത്രം നോക്കിയാൽ 222 വ്യത്യസ്തഭാഷകളുണ്ട്. അവ, പടിഞ്ഞാറൻഹിൻഡി, ബങ്കാളി, തെലുങ്ക്, മറാത്തി, തമിഴ്, പഞ്ചാബി, രാജസ്ഥാനി—എന്നു ഏഴുവകുപ്പുകളായി തിരിക്കപ്പെട്ടിരിക്കുന്നു. കൂടാതെ, ഒറിയാ, കനാറീസ്, ഗുജറാത്തി, ബർമീസ്, മലയാളം എന്നീ ഭാഷകൾ പുറത്തും ഉണ്ട്. നമ്മുടെ നാനാത്വം കുറച്ചാണോ?

സഭ്യതയുടെ അളവുകോൽ

കണ്ണമ്പ്ര കുഞ്ഞുണ്ണി നായർ ബി. എ. ബി. എൽ.

ഭാരതീയരുടെ പാർപ്പിടങ്ങളും നടവടികളും ഉടുപുടയും താണതരമാണെന്നു പലരും പറയുന്നുണ്ട്. ഈ വിശ്വാസം കേവലം വിദേശീയരുടേ ഇടയിൽ മാത്രമല്ല നമ്മുടേ ഇടയിലും വേരൂന്നിയിരിക്കുന്നു എന്നുള്ളതാണു കഷ്ടമായിരിക്കുന്നത്. നമ്മുടെ യുവാക്കന്മാർ—നമ്മുടെ ഭാവിയെ ഉജ്വലമാക്കിത്തീർക്കുമെന്നു നാം ആശിക്കുന്ന യുവാക്കന്മാർ—വിശേഷിച്ച് അർത്ഥനീതിയിൽ വിരുദു ലഭിക്കാൻ ഉത്സാഹിക്കുന്ന യുവാക്കന്മാർ പാശ്ചാത്യവിജ്ഞാനങ്ങളിൽ നൈപുണ്യം സമ്പാദിച്ച ഭാരതീയരുടെ ആചാരവ്യവഹാരങ്ങളെപ്പററി വിദേശീയർ പറയുന്നതു വേദവാക്യമായി കരുതിവരുന്നതിൽ കഷ്ടംതോന്നുന്നുണ്ട്. ഭാരതത്തിൻെറ സഭ്യതയുടെ ഗൂഢരഹസ്യം മനസ്സിലാക്കാൻ കഴിയാത്ത വൈദേശിക അർത്ഥശാസ്ത്രലേഖകന്മാർ ഭാരതത്തെ നിന്ദിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ ഇപ്പോൾ നമ്മുടെ രാജ്യക്കാരായ ചിലരുടേ ഗ്രന്ഥങ്ങളിലും ഈ മാതിരിയിലുള്ള അഭിപ്രായങ്ങൾ പ്രകടിച്ചുകാണുന്നതിൽ വ്യസനം തോന്നുന്നുണ്ട്. ഈ പുസ്തകങ്ങൾ നമ്മുടെ യുവാക്കന്മാരുടെ ഇടയിൽ രാമായണം, മഹാഭാരതം, ബൈബിൾ, കൊറാൻ എന്ന ഗ്രന്ഥങ്ങൾപോലേ ആയിത്തീർന്നിരിക്കുന്നു. അതുകാരണം കോളേജിലെ വിദ്യാർത്ഥികൾ തങ്ങൾ വലിയ പരിഷ്കാരികളാണെന്നു വരുത്തിക്കൂട്ടാൻ കഴിയുന്നത്ര യത്നിക്കുന്നുണ്ട്. "ശുദ്ധനാടന്മാർ" എന്ന വാക്കുകൾ അധികം ഉപയോഗിക്കുന്നതു ഉയർന്തരം വിദ്യാഭ്യാസം ലഭിച്ച ബി. എ ക്കാരും മററുമാണ്.

ഏതെങ്കിലും ഒരു രാജ്യത്തിൻേറ സഭ്യതയെപ്പററി ആലോചിക്കുമ്പോൾ ആ രാജ്യത്തിൽ എത്ര സോപ്പുകളും എത്ര സുഗന്ധദ്രവ്യങ്ങളും എത്ര കണ്ണാടികളും ഉപയോഗിച്ചു വരുന്നുണ്ടെന്നും എത്രനാഴിക തീവണ്ടിപ്പാതയുണ്ടെന്നും മററുമാണു മുഖ്യമായി ഗണിക്കപ്പെടുന്നത്. സഭ്യതയുടെ താണതരമായ ഈ ആദർശത്തെ മുൻനിർത്തിയാണു അദ്ധ്യാപകന്മാർ നമ്മുടേ ബാലികാബാലന്മാരെ പഠിപ്പിക്കുന്നത്. ഈ ആദർശം അവരുടെ സ്വന്തമല്ലതാനും. ധനശാസ്ത്രം അനുസരിച്ചു ഭാരതത്തിൻെറ സഭ്യത താണതരത്തിലാണെന്നു പറയുന്നവർ ജീവിതരീതിയുടെ അളവുകോലുകൊണ്ടാണു സഭ്യതയുടെ സ്ഥാനം നിർദ്ദേശിക്കുന്നത്. വ്യവഹാരിക ജീവിതത്തിൽ അഭാവത്തെ സൃഷ്ടിക്കാഞ്ഞാൽ പണം സമ്പാദിക്കാൻ ആഗ്രഹമുണ്ടാകുന്നതല്ല. (You must create new wants) ഈ യുക്തിയുടെ വില എന്താ

ണെന്നു അല്പം മനസ്സിരുത്തി ആലോചിച്ചാൽ വിവേചനം ചെയ്യാൻ കഴിയുന്നതാണ്. കൃഷിക്കാരുടെ കാൎയ്യം എടുക്കുക. അവരുടെ ശാന്തമായ ഗ്രാമ്യജീവിതത്തിൽ അവർ ചില പുതിയ അഭാവങ്ങൾ സൃഷ്ടിച്ചു എന്നു വിചാരിക്കുക. കൃഷിക്കാർ വയലുകൾ ഉഴുകുന്ന കാൎയ്യത്തിൽ യാതൊരു ഉദാസീനതയും കാണിക്കുന്നില്ലെന്നു നമുക്കു നല്ലപോലെ അറിവുള്ളതാണ്. അവർ നട്ടെല്ലുമുറിയേ പണി എടുക്കുന്നുണ്ട്. പ്രാണൻപൊരിഞ്ഞു പണിഎടുത്തിട്ടും അവരുടെ അഭാവത്തിൽനിന്നു സ്വല്പമെങ്കിലും അവൎക്കു മോചനം ലഭിക്കുന്നില്ല. വൎത്തമാനസഭ്യതയുടെ ഉയൎന്ന നടവടികളുടെ ആദൎശം അവരെ സംബന്ധിച്ചേടത്തോളം എത്രയോ ദൂരകഥയാണ്! അവർ അവസരമുള്ള സമയത്തു ചർവയിൽ നൃപുനൃല്ലാൻ ഏൎപ്പെടുന്നതായാൽ അതുനിമിത്തം നാം ആദിമസ്ഥിതിയിലും അസഭ്യാവസ്ഥയിലും എത്തിച്ചേരുമെന്നു നിങ്ങൾ പറയാനിടയുണ്ട്. അഭാവം ഭോഗം കൊണ്ടു നശിക്കുന്നതല്ല. അതു ദിവസംപ്രതി വൎദ്ധിക്കുകയേ ഉള്ളു. വിദ്യാഭ്യാസം ലഭിച്ചവരുടെ ഇടയിൽ ഈ അഭാവം അതൃപ്തിയും അശാന്തിയും ഉണ്ടാക്കിത്തീൎത്തു, മിക്കവരേയും ഉന്മത്തപ്രായന്മാരാക്കിത്തീൎത്തിരിക്കുന്നു. പാശ്ചാത്യന്മാരുടേ ജീവിതരീതിയനുസരിച്ചു നടക്കുന്നതുകൊണ്ടു ബാഹ്യങ്ങളായ അനേകം ക്ഷുദ്രപദാൎത്ഥങ്ങൾ നമ്മുടേ ജീവിതത്തിൽ ഒഴിച്ചുകൂടാത്ത വസ്തുക്കളായിത്തീൎന്നിരിക്കുന്നു. ഈ പദാൎത്ഥങ്ങൾ നമുക്കു വാസ്തവമായ സുഖം തരുന്നുണ്ടോ? ജീവിതത്തിൽ ഏററവും വിലയേറിയതും യഥാൎത്ഥവുമായ ആത്മപ്രസാദം നല്കുന്നുണ്ടോ? ജീവിതത്തിൻെറ യഥാൎത്ഥമായ ഉന്നതാംശങ്ങളെ വികസിപ്പിക്കുന്നുണ്ടോ? മനുഷ്യനെ സംബന്ധിച്ചു ഏററവും ഉൽകൃഷ്ടമായ വസ്തു എന്താണെന്നതിനെപ്പററി ഉപനിഷത്തിൽ ഇപ്രകാരം നിൎദ്ദേശിച്ചിട്ടുണ്ട്;—"യസ്മിൻവഃഉൽക്രാന്തേ ശരീരം പാവിഷ്ഠതരമിവദൃശ്യതി സവഃശ്രേഷ്ഠഇതി" ഏതൊന്നിൻേറ അഭാവംകൊണ്ടു നിൻേറശരീരം തീരേ പരിത്യക്തമെന്നപോലെ കാണപ്പെടുന്നുവോ ആ പരമപദാൎത്ഥം തന്നേയാണു ഏററവും ശ്രേഷ്ഠമായ വസ്തു. ഇന്ദ്രിയങ്ങളെക്കാൾ ശ്രേഷ്ഠമാണു ആത്മാവു എന്നാണു മേൽപറഞ്ഞ ശ്ലോകത്തിൻേറ താല്പൎയ്യം. എന്നാൽ ഈ വാക്യം സഭ്യതയെ നിൎണ്ണയിക്കുന്നതിലും പ്രയോഗിക്കാവുന്നതാണ്. ആഹാരവിഹാരാദികൾ സമ്പാദിക്കാനുള്ള സാമഗ്രികൾ ഒരു മനുഷ്യൻെറ പക്കൽനിന്നു എടുത്തുകളഞ്ഞാൽ അതിൻേറശേഷം ആ മനുഷ്യനിൽ അവശേഷിക്കുന്നതു ഉപേക്ഷിക്കത്തക്കതല്ലെന്നു കാണുന്നപക്ഷം, ആ മനുഷ്യൻ യഥാൎത്ഥമനുഷ്യനാണെന്നു മനസ്സിലാക്കാവുന്നതാണ്. നിങ്ങളുടെ ഉടുവടയിലും അലങ്കാരങ്ങളിലുമല്ല നിങ്ങളുടേ ജീവിതത്തിൻേറ മാഹാ

ത്ത്യം ഇരിക്കുന്നതു്. നിങ്ങളുടേ ദേഹം മോടികൂട്ടുന്നതു എത്രത്തോളം ചുരുങ്ങുന്നുവോ, നിങ്ങളുടേ ഉന്നതജീവിതത്തിന്നുള്ള മാൎഗ്ഗം അത്രത്തോളം പ്രശസ്തമായിത്തീരുന്നു. നിങ്ങൾ എത്ര വിശേഷപ്പെട്ട ഉടുപ്പുകൾ ധരിച്ചാലും എത്ര സുഗന്ധദ്രവ്യങ്ങൾ ദേഹത്തിൽ പുരട്ടിയാലും അതിന്നടിയിൽ വിയപ്പുണ്ടാകുന്നു. ആ വിയപ്പു നിങ്ങൾക്കു സുഖം തരുന്നുണ്ടോ? പരുപരുത്ത വസ്ത്രം ധരിക്കുന്നതുകൊണ്ടോ ചാലക്കട ഉപയോഗിക്കുന്നതുകൊണ്ടോ നിങ്ങളുടേ യഥാൎത്ഥയോഗ്യതക്കു ഒരു കുറവും വരുന്നില്ല. കൃഷിപ്രവൃത്തിയിലോ യന്ത്രശാലയിലുള്ള ജോലികളിലോ മറേറതെങ്കിലും ഉപജീവനമാൎഗ്ഗങ്ങളിലോ ഏൎപ്പെടുന്നതായാലും പരുപരുത്ത വസ്ത്രം ധരിച്ചും നെടിയരിച്ചോറുണ്ടുംകൊണ്ടു ഒരുവന്നു മഹത്തായ ഭാവങ്ങൾകൊണ്ടു തൻേറ മനസ്സിനേ വികസിപ്പിക്കാൻ കഴിയുന്നു എങ്കിൽ അതുതന്നേയാണു സുഖം. അതുതന്നേയാണു ആത്മപ്രസാദം. ആധുനിക സഭ്യതയുടേ ചമ്മട്ടികൊണ്ടുള്ള അടികൊണ്ടു പാശ്ചാത്യരാജ്യക്കാർ ഇപ്പോൾ കഠിനവേദന അനുഭവിക്കുന്നു. മുക്തിസൈന്യ (Salvation Army) ത്തിൻേറ നേതാക്കന്മാരും പാശ്ചാത്യരും സമുദായഹിതൈഷികളും ചിന്താശീലന്മാരുമായ ബൂത്ത്, ഡിക്കിൻസൻ മുതലായവർ ആദ്ധ്യാത്മികമായും നൈതികമായുമുള്ള ഈ വിപ്ലവത്തിൻേറ കാരണം ആരാഞ്ഞറിഞ്ഞു ദിവസംപ്രതി വൎദ്ധിച്ചുവരുന്ന യന്ത്രശാലകളാണു ഇതിന്നു കാരണം എന്നു തീരുമാനിച്ചിരിക്കുന്നു. നൈതികമായും ദേഹസംബന്ധമായുമുള്ള പല ദോഷങ്ങളെപ്പററി അവർ വൎണ്ണിച്ചിട്ടുണ്ടു്. ആ വൎണ്ണനഭയങ്കരമായിട്ടുള്ളതാണു്. ആ വക ദോഷങ്ങൾ ഭാരതത്തിൽ ഇപ്പോഴും കടന്നുകൂടീട്ടില്ല. യന്ത്രശാലകളും കച്ചവടവുംമററും ഇത്ര ദോഷകരങ്ങളാണോ എന്ന ചോദ്യം സ്വതവേവന്നു ചേരുന്നു. വിജ്ഞാനസേവയുടേ ഫലമായിട്ടു അത്ഭുതമായ പല ആവിഷ്കാരങ്ങളും ഉണ്ടായിട്ടുണ്ടു്. അവയുടേ പ്രയോഗങ്ങൾകൊണ്ടു മനുഷ്യൎക്കു ഉത്തരോത്തരം സുഖമുണ്ടാക്കിത്തീൎക്കാനുള്ള പ്രയത്നം നിന്ദ്യമാണെന്നു പറയാമോ? അനേകം ശതവൎഷങ്ങളായിട്ടു അനേകം ചിന്താശീലന്മാരുടേ ആവിഷ്കാരങ്ങളുടേ ഫലമായിട്ടു ഇപ്പോൾ നിൎമ്മിക്കപ്പെട്ടിട്ടുള്ള ആ വമ്പിച്ച സൌധം തകൎത്തുകളയണമോ? ഈ ചോദ്യത്തിൻേറ ഉത്തരം സാമാന്യമായ ഒരു ഉദാഹരണംകൊണ്ടു മനസ്സിലാക്കാം. ദേഹത്തിൻേറ സൌന്ദൎയ്യത്തിന്നും സൌഷ്ഠവത്തിന്നും എല്ലാ ഇന്ദ്രിയങ്ങളുടേയും അവയവങ്ങളുടേയുംപുഷ്ടി എങ്ങിനേ ആവശ്യമാണോ അങ്ങിനെതന്നേ ഇന്ദ്രിയങ്ങളുടേയും അവയവങ്ങളുടേയും അതിയായ വൃദ്ധി ദോഷത്തിന്നും ക്ലേശത്തിന്നും കാരണമായിത്തീരുന്നു. നിങ്ങളുടേ അവയവത്തിൻേറ

അംഗവിശേഷമായ നഖം അധികം വളൎന്നാൽ ദേഹത്തിൽ മുറിപ്പെടാനും വിഷത്തോടുകൂടിയ വ്രണമുണ്ടാവാനും എടയുണ്ട്. പ്രകൃതിയുടേ ജീവനശക്തിയുടേ രഹസ്യത്തിൻേറ അടിസ്ഥാനമായ ഇന്ദ്രിയങ്ങളുടേ അപവ്യവഹാരം കൊണ്ടാണു ലോകത്തിലുള്ള സകല കഷ്ടപ്പാടുകളും ഉണ്ടായിത്തീരുന്നത്. ജീവിതത്തിലെ ഓരോ കാൎയ്യത്തിന്നും ആവശ്യമായ ഏതൊരു ചിത്തവൃത്തികൾ ഇല്ലാതിരുന്നാൽ മനുഷ്യൻ വംശ്രുവായിത്തീൎന്നില്ലെങ്കിലും വികലേന്ദ്രിയനായിത്തീരുന്നുവോ അതേ ചിത്തവൃത്തികൾതന്നേ അത്യധികം തീഷ്ണമായിത്തീൎന്നു മററുള്ള ഇന്ദ്രിയങ്ങളോടു സമതാവസ്ഥപ്രാപിക്കാൻ കഴിയാഞ്ഞാൽ ആ മനുഷ്യനേ ജനങ്ങൾ ഉന്മത്തനെന്നു പറയുന്നതാണ്. ഈ നിയന്ത്രിതമായ ആത്മോന്നതിയും, ജ്ഞാനത്തിൻേറയും കൎമ്മത്തിൻേറയും സാമ്യവും, യോഗിയുടേയും കൎമ്മിയുടേയും സമാവേശവുമാണു മനുഷ്യജീവിതത്തിൻേറ ശ്രേഷ്ഠമായമാൎഗ്ഗം. പാശ്ചാത്യരാജ്യങ്ങളിൽ ഈ സാമ്യത്തിൻേറ അഭാവമാണു ഇപ്പോൾ കാണപ്പെടുന്ന കഷ്ടപ്പാടുകളുടേയും കുഴപ്പങ്ങളുടേയും മൂലകാരണം. തൊഴിലാളികളും മുതലാളികളും തമ്മിലുള്ള മത്സരം ഇതിൻേറ സ്ഫുരണമല്ലയോ? ഈ അളവുകോൽകൊണ്ടു അളക്കുമ്പോൾ ഭാരതവൎഷം ഒരു രാജ്യത്തേക്കാളും ഹീനമല്ല. അതിൻേറ മരവിരിയിൽ ക്ഷോഭമില്ല, വിദ്യയുടെ ബഹുമാനമുണ്ട്; ദാരിദ്ര്യത്തിൽ നിന്ദയില്ല; സഹൃദയതയുണ്ട്; മരണത്തിൽ ദുഃഖമുണ്ട്; എങ്കിലും നൈരാശ്യമില്ല. ഏതൊരു രാജ്യത്തിൻേറപരമമായ ആദൎശം ആത്മജ്ഞാനവും തത്വജ്ഞാനലാഭവും ആകുന്നുവോ, ഏതൊരു രാജ്യത്തിലേ കൎമ്മികളുടേ ആദൎശം ഗൊൎഡനും ക്ലൈവുമല്ലാതിരിക്കുന്നുവോ, ആ രാജ്യത്തിൻേറ കാമനകളും സാധനകളും ധൎമ്മവും സഭ്യതയും യൂറോപ്യന്മാരുടേ ജ്വാലാമയമായ സഭ്യതയുടെ അളവുകോൽകൊണ്ടു അളക്കുന്നതു ശരിയാവില്ലെന്നു പറയുന്നതിൽ അത്ഭുതപ്പെടാനുണ്ടോ? ഭാരതയുവാക്കന്മാരേ! സൂക്ഷ്മം ആലോചിക്കാതേ നിങ്ങൾ ഈ പാശ്ചാത്യ പ്രവാഹത്തിൽ ഒഴുകിപ്പോകരുത്. നിങ്ങളുടേ സ്വന്തം സ്വത്തിനേ നിങ്ങൾവിസ്മരിച്ചു കളയരുത്.

ഗ്രന്ഥചൎച്ച

1. രാജനന്ദിനി.

ഗ്രന്ഥകൎത്താ: ജി. ശങ്കരക്കുറുപ്പ്.

സംസ്കൃതത്തിലെപ്പഴയ പദ്യകൃതികളായ കാവ്യനാടകങ്ങളിൽ പലതിന്റെയും ഇതിവൃത്തങ്ങൾ മലയാളത്തിൽ പലരും ഗദ്യരൂപേണ വിവൎത്തനം ചെയ്തു ഞങ്ങൾ കണ്ടിട്ടുണ്ട്. എന്നാൽ അഭിനവസ്വതന്ത്രഭാഷാകാവ്യങ്ങൾക്കു അങ്ങിനെയുള്ള പരാവൎത്തനമൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഈ സംഗതിയിൽ മഹാകവി ഉള്ളൂരിന്റെ പ്രൌഢകൃതിയായ ഉമാകേരളത്തിലെ കഥാവസ്തു വിദ്വാൻ, ജി. ശങ്കരക്കുറുപ്പവർകൾ ഗദ്യത്തിൽ ഭംഗിയായി സംഗ്രഹിച്ചെഴുതിയിട്ടുള്ള രാജനന്ദിനിക്കു പ്രാഥമ്യത്തിനു അവകാശമുണ്ട്.

കാവ്യത്തിൽ അതിവിപുലമായ വൎണ്ണനങ്ങളാൽ മറഞ്ഞും അനവധി സൎഗ്ഗങ്ങളാൽ ഇടമുറിഞ്ഞും കിടക്കുന്ന കഥാശകലങ്ങളെ പ്രസ്തുത ആവരണങ്ങൾമാററി ശുഷ്കമാകാതെ സൂക്ഷിച്ചും, ഒമ്പതു ചെറിയ അദ്ധ്യായങ്ങളിൽ അടുക്കിയൊതുക്കിയും വിവൎത്തനം ചെയ്തതിൽ കുറുപ്പവർകൾ സ്വീകരിച്ച ആ സൂത്രണമാൎഗ്ഗം അഭിനന്ദനീയം തന്നെ. ഏതന്മൂലം വായനക്കാർക്കു കഥ അക്ലിഷ്ടമായും വിളംബം കൂടാതെയും ഗ്രഹിക്കാൻ കഴിയുന്നതാണു്.

ശ്രീമാൻ കുറുപ്പിന്റെ പദ്യങ്ങൾക്കുള്ള മാധുൎയ്യം സഹൃദയന്മാർ പണ്ടേ ആസ്വദിച്ചു തൃപ്തിപ്പെട്ടിട്ടുള്ളതാണല്ലോ. അതിനുപയോഗിച്ച മിനുക്കം നേടിയ തൂലികതന്നെയാണു ഈ ഗദ്യകൃതിയിലും പെരുമാറിയിട്ടുള്ളതെന്നു പൊതുവെ സമ്മതിക്കാം. എങ്കിലും "ഗദ്യം കവീനാം നികഷം വദന്തി" എന്ന വാക്യത്തിൽ അന്തൎഭവിച്ചിട്ടുള്ള സാരം മുൻനിറുത്തി പരിശോധിക്കുമ്പോൾ അവിടവിടെ പല വാക്യങ്ങളും വാക്കുകളും സംസ്കാരവിരളമായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഉദാഹരണാൎത്ഥം ചിലതുദ്ധരിക്കാം.

"ഒരു വമ്പിച്ച ജനവിഭാഗം ലഹളക്കു തന്നെ സന്നദ്ധരായി" സന്നദ്ധശബ്ദത്തിനു അലിംഗാരോപം ചെയ്തതു യുക്തമല്ല. "അത്ദ്രഹത്തിന്റെ ദീൎഘായുരാരോഗ്യത്തിനു" ദ്വന്ദ്വസമാസമാകയാൽ ബഹുവചനം പ്രയോഗിക്കേണ്ടതായിരുന്നു. ഇരുന്നിനേക്കാൾ "ബലിഷ്ഠമായകയ്യ്" തോലനത്തിൽ "ഇഷ്ഠമേയസ്സ്" പ്രത്യയങ്ങളിൽ ഒട്ടവിലത്തേതു മാത്രമേ വിഹിതമായിരിക്കുന്നുള്ളു.

"വിജയാലിംഗിതന്മാരും വീരതിലകന്മാരുമായ കേരളവൎമ്മതമ്പുരാനും കല്യാണീസമേതനായ അമാത്യനും." ഈ വാക്യത്തിൽ ആകാംക്ഷശിഥിലിതം.

"നഗരം നിദ്രാദേവിയുടെ കരതലങ്ങളിൽ കിടന്നു സ്വൈരനിദ്ര ചെയ്കയായിരുന്നു" ഇതിലെ അലങ്കാരം വൈരൂപ്യപ്രദം "ആ രാത്രി ആ മാതാവു കാളരാത്രിപോലെ ഒരു വിധത്തിൽ വെളുപ്പിച്ചു" കാളരാത്രി ഒരുവിധം വെളുത്തതാണെന്നു വായനക്കാർ ശങ്കിച്ചേക്കാം.

"<u>ആബാലവൃദ്ധം</u> പൌരന്മാർ തിക്കിത്തിരക്കിക്കൂടി" "<u>രാഗപൂൎണ്ണമായ</u> തമ്പാന്റെ ഹൃദയത്തിനു" ഈ വാക്യങ്ങളിൽ കീഴ്വരയിട്ടപദങ്ങൾ അസ്ഥാനസ്ഥങ്ങളാണു്. "സാധുസ്ത്രീ", "മഹാരാജാവു" "പൌരപ്രധാനികൾ" ഇത്യാദിപലതും ദുഷ്ടരൂപങ്ങളെങ്കിലും ഭാഷയിൽ പ്രചാരമുള്ളവയെന്നു പക്ഷെ സമാധാനിക്കാം.

വിവൎത്തിതഗ്രന്ഥത്തിന്റെ പേരുമാററം സംബന്ധിച്ചും ഞങ്ങൾക്കു അനൌചിത്യശങ്കയുണ്ടു്. "ഉമാകേരള"സംജ്ഞക്കു മൂലകവി അവലംബമാക്കിയ പ്രധാന പാത്രങ്ങ

ളെയല്ല പരിവൎത്തനകൎത്താവു "രാജനന്ദിനി" നാമംകൊണ്ടു വിവക്ഷിക്കുന്നതു്. പ്രസ്തുത കവികല്പിതവും അവ്യാപൃവ്വമായ കല്യാണിയെ കുറപ്പവൎകൾ ഗ്രന്ഥത്തിൻെറ നാമകരണത്തിനു കാതലാക്കിയിരിക്കുന്നു. ഇതു മൂലകാവ്യത്തിൻെറ ചരിത്രപ്രാധാന്യത്തിനു ഒരു അവഗണനം കൂടിയായിത്തീൎന്നിട്ടുണ്ടു്.

ഏതായാലും അദ്ധ്യേതാക്കൾക്കു "രാജനന്ദിനി" ഉപകാരപ്രദമായിരിക്കുമെന്നുള്ളതിനു തൎക്കമില്ല. പുസ്തകത്തിനു വില 12 അണമാത്രം. വിദ്യാവിനോദിനി അച്ചുക്കൂടം, തൃശ്ശിവപേരൂർ.

2. പൂമൊട്ടുകൾ.

കെ. എസ്. കെ, തളിക്കുളം.

എത്രവട്ടം വായിച്ചാലും സാധാരണന്മാൎക്കു—എന്തിനു? നല്ല വിദ്വാന്മാൎക്കുകൂടി—അൎത്ഥാവബോധംവരാത്ത കവിതയാണു ഉത്തമ കവിതയെന്നുള്ള തെററായ അഭിപ്രായം കേരളത്തിൽ അനേകത്ര പ്രബലമായിരിക്കുന്ന ഇക്കാലത്തു 'പൂമൊട്ടുകൾ'പോലെയുള്ള ആപാദമധുരങ്ങളും ആലോചനാമൃതങ്ങളുമായ ഖണ്ഡകൃതികളുടെ ആവിർഭാവം സൎവ്വഥാ ആദരണീയമായിരിക്കുന്നു; 'പൂമൊട്ടുകളുടെ' കൎത്താവു് 'കെ. എസ്. കെ.' എന്ന ത്ര്യക്ഷരിയാൽ ഉടമസ്ഥാവകാശം പാലിക്കുകമാത്രംചെയ്യുന്ന വിനീതനായ ഒരു യുവകവിയാണു്. അദ്ദേഹത്തിൻെറ വിനയാതിരേകം പുസ്തകത്തിൻെറ പേർകൊണ്ടു ഒന്നുകൂടി വിശദമാകുന്നുണ്ടു്. ആദ്യത്തെ കവിതതന്നെ സുന്ദരവും സുരഭിലവുമായ സംഫുല്ലകുസുമങ്ങൾപോലെ ഹൃദയാകൎഷകമാണെന്നുള്ള അഭിമാനം അദ്ദേഹത്തിനില്ലെന്നു തോന്നുന്നു. എന്നാൽ വാസ്തവം നേരേ മറിച്ചാണു്.

കടപ്പുറത്തുന്നത കേരവൃക്ഷം
രക്ഷിച്ചിടും കൂട്ടുകളെത്തുവാനായ്
പറക്കുമിക്കാക്കകളന്ധകാര
വാരാശിനീന്തും കരിമീൻഗണങ്ങൾ
കടുത്തദാരിദ്ര്യനിശാചരൻെറ
തലയ്ക്കുമേടുന്നതിനായ് കരത്തിൽ
ഓരോ 'പനംകൊട്ടടി'യേന്തിടുന്നോർ
മടങ്ങിടുന്നു ചകിരിപ്പണിക്കാർ.
തണുപ്പുതാങ്ങാൻ കഴിയാത്തവൃദ്ധ-
ജനം ജവാൽപെട്ടിയിൽനിന്നുമിപ്പോൾ
ഒപ്പംവയസ്സുള്ള പുതപ്പു, തൊപ്പി,
കുപ്പായ, മിത്യാദിയെടുത്തിടുന്നു.

ഇപ്രകാരം അക്ലിഷ്ടകോമളങ്ങളായ പദ്യങ്ങൾ, യഥാൎത്ഥത്തിൽ ഭാഷാദേവിയുടെ പാദമൂലത്തിൽ സവിനയം വികിരണംചെയ്യപ്പെടുന്ന നല്ല സൌന്ദൎയ്യവും സൌരഭ്യവുമുള്ള പുഷ്പങ്ങൾ തന്നെയെന്നു പറഞ്ഞേതീരു.

പ്രകൃതിയുടെ സൌഭാഗ്യാതിശയത്തേയും മനുഷ്യമനസ്സിൻെറ വ്യാപാരവിശേഷങ്ങളേയും വൎണ്ണിക്കുന്ന 9 കവിതകളാണു 'പൂമൊട്ടുക'ളിലെ അടക്കങ്ങൾ, എല്ലാം മനോഹരമായ കവിതകളാണു്. ഭാഷയുടെ സാരള്യം വിശേഷിച്ചു വക്തവ്യമാകുന്നു. കെ. എസ്. കേയുടെ അനന്തരശ്രമങ്ങൾ ഭാഷയ്ക്കു ഉത്തരോത്തരം ഉൽകൎഷസന്ദായകമായി ഭവിക്കട്ടെ.

Supplement to this issue

"കേരളം" വിശേഷാൽപ്രതി.

ആദ്യവയസ്സുതികയുന്നതു പ്രമാണിച്ച മാസികയുടെ ഈ ലക്കം വിശേഷരീത്യാ വാർഷികഗ്രന്ഥമായി പ്രസിദ്ധപ്പെടുത്തുന്നു.

മഹാമഹിമശ്രീ.

എം. രാജരാജവർമ്മതമ്പുരാൻ എം. എ. ബി. എൽ. എഴുതിത്തുടങ്ങിയിട്ടുള്ള സുദീർഘവും പ്രൌഢസരസവുമായ

"ഭാരതഭരണതന്ത്രം"

ഈ ലക്കംമുതൽ "കേരള"ത്തിൽ ഇടക്കിടെ ഉണ്ടായിരിക്കുന്നതാണ്. പാശ്ചാത്യപൌരസ്ത്യഭരണരീതികളുടെ നിഗൂഢതത്വങ്ങൾ സപ്രമാണം ചർച്ചചെയ്യെഴുതുന്ന ഈ പ്രബന്ധപരമ്പര രാഷ്ട്രീയചിന്തകന്മാർ അവശ്യം വായിച്ചു ഗ്രഹിക്കേണ്ടതുതന്നെ.

കൂടാതെ പ്രശസ്തസാഹിത്യകാരന്മാരായ വടക്കുംകൂർ രാജരാജവർമ്മരാജാ, സി. അന്തപ്പായി ബി. എ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ ബി. എ. ബി. എൽ, ശിരോമണി പി. കൃഷ്ണൻനായർ, ഫാദർ സി. കെ. മററം, എം. ആർ, എ. എസ്; എഫ്. ആർ. എസ്. എ. കുണ്ടൂർ നാരായണമേനോൻ ആദിയായി പല പണ്ഡിതാഗ്രേസരന്മാരുടെ വിശിഷ്ടലേഖനങ്ങളാലും വിശേഷാൽ പ്രതിവിഭൂഷിതമായിരിക്കുന്നു.

നല്ലമേനിക്കടലാസ്, റോയൽ 8 വലിപ്പത്തിൽ 50 പുറങ്ങൾ, നവീനലോകത്തിനു ഏററം രസപ്രദങ്ങളും അവശ്യവിജ്ഞേയങ്ങളുമായ പലേ വിഷയങ്ങളെക്കുറിച്ചു സുസമ്മതന്മാരായ സാഹിത്യപ്രവീണന്മാർ മനസ്സിരുത്തി എഴുതുന്ന ലേഖനപരമ്പര, കമനീയമായ ചിത്രങ്ങൾ, മധുരഗംഭീരമായ ഭാഷാരീതി ഇതെല്ലാം തികച്ചും യോജിച്ചു പ്രതിമാസം "കൃത്യ"മായിപ്പുറപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ഉൽകൃഷ്ടകേരളമാസിക ഇപ്പോൾ "കേരളം" ഒന്നുമാത്രമേയുള്ളുവെന്നു അനേകം മഹാന്മാർ ഉള്ളഴിഞ്ഞു അഭിനന്ദിച്ചുകൊണ്ടിരിക്കുന്നു.

വരിക്കാരാകാൻ ആഗ്രഹിക്കുന്നവർ ഉടൻ അപേക്ഷിക്കുക.

രണ്ടാംകൊല്ലത്തെ വരിസംഖ്യ മുൻകൂറയച്ചോ ആദ്യലക്കം വി. പി. അയപ്പാൻ അനുവദിച്ചോ അപേക്ഷിക്കുന്ന പുതിയ വരിക്കാർക്കു ഒന്നാംകൊല്ലത്തെ വിശേഷാൽപ്രതി സൌജന്യം.

വരിസംഖ്യ ഒരുകൊല്ലത്തേക്കു — മാനേജർ

2-8-0 മാത്രം. — "കേരളം" തൃശ്ശിവപേരൂർ.

☞ ഈ പരസ്യം സദയം പ്രചാരണം ചെയ്യാൻ അപേക്ഷ.

“കേരളം”— വല്യം 1.

I—XII ലക്കങ്ങളിലെ അടക്കങ്ങൾ.

1. സാഹിത്യം.

1. എഴുത്തുകാർ— ജെ. മുണ്ടശ്ശേരി, ബി. എ. I. 21
2. സാഹിത്യസാഹസം— പൂത്തേഴത്ത് രാമമേനോൻ I. 43
3. * പ്രാചീനസാഹിത്യം— എം. രാജരാജവർമ്മ തമ്പുരാൻ I. 47
4. * ഗവേഷണം രാമവർമ്മ അപ്പൻതമ്പുരാൻ I. 49
5. ഫ്രഞ്ച് അക്കാഡമി— ജെ. മുണ്ടശ്ശേരി, ബി. എ. II. 54
6. പ്രതിഭയും അലങ്കാരവും— പി. വി. ഉണ്ണിത്താൻ II. 59
7. ഖണ്ഡകഥാപ്രസ്ഥാനം— എം. പി. പോൾ, എം. എ. II. 73
8. നാനന്മോനം— പി. എൻ. എ. രാമയ്യശാസ്ത്രി, എം. എ. II. 94
9. മ. സാഹിത്യത്തിൽ ഇനിവേണ്ടതു— പി. ശങ്കരൻ നമ്പിയാർ എം. എ. II. 121
10. ഖണ്ഡകഥാപ്രസ്ഥാനം II എം. പി. പോൾ, എം. എ. III. 143
11. ,, ,, III ,, ,, IV. 185
12. കൈരളിയുടെ ജനനി— യു. പി. മേനോൻ IV. 195
13. പുസ്തകശാലകൾ IV. 209
14. ഒരു പര്യവേക്ഷണം I പി. കൃഷ്ണൻനായർ ശിരോമണി V. 223
15. അരയുകാരം— പി. എൻ. എ. രാമയ്യശാസ്ത്രി, എം. എ. V. 231
16. ശാപഗ്രസ്തമായ ഒരു കുടുംബം— എം. പി. പോൾ. V. 253
17. സാഹിത്യത്തിലേ അനുകരണങ്ങൾ— ജെ. മുണ്ടശ്ശേരി. VI. 265
18. ഖണ്ഡകഥാപ്രസ്ഥാനം IV. എം. പി. പോൾ, എം. എ. VI. 276
19. ഒരു പര്യവേക്ഷണം II പി. കൃഷ്ണൻനായർ ശിരോമണി VI. 293
20. രഘുവംശം— പി. എസ്സ്. സുബ്ബരാമപട്ടർ VII. 315
21. കാവ്യപ്രോത്സാഹനം VII. 332
22. ഭാസകാളിദാസന്മാർ— എ. വി. സെബാസ്റ്റ്യൻ VII. 343
23. മഞ്ചാടിമാല

* ഉദ്ധാരണം.

24. ഭാഷാസാഹിത്യത്തിലെ ഇന്നത്തെ ആവശ്യം ആർ. ഈശ്വരപ്പിള്ള, ബി. എ. VIII. 363
25. നാടകവും കഥകളിയും— യു. പി. മേനോൻ VIII. 388
26. അരയുകാരവും അങ്കുശവും— മൂക്കോത്ത് കുമാരൻ VIII. 408

27. പദ്യസാഹിത്യത്തിലെ അനുകരണദോഷങ്ങൾ
പി. സി. ദേവസ്യാ, ബി. എ. IX. 417
28. ദ്രാ. കുലത്തിലെ പ്രഥമസാഹിത്യഭണ്ഡാരം
വിദ്വാൻ എ. വി. സെബാസ്ത്യൻ IX. 445
29. അരയ്യകാരം സി. അന്തപ്പായി, ബി. എ. IX. 461
30. ദ്രാവിഡകുലത്തിലെ പ്രഥമസാഹിത്യഭണ്ഡാരം II
വിദ്വാൻ എ. വി. സെബാസ്ത്യൻ X. 473
31. അനസൂയയും പ്രിയംവദയും– യു. പി. മേനോൻ X. 499
32. ഖണ്ഡകഥാപ്രസ്ഥാനം V എം. പി. പോൾ എം. എ. X. 506
33. തജ്ജിമ ജെ. മുണ്ടശ്ശേരി, ബി. എ. XI. 523
34. ഖണ്ഡകഥാപ്രസ്ഥാനം VI എം. പി. പോൾ XI. 532
35. വൃത്തനിബന്ധന– പി. വി. ഉണ്ണിത്താൻ XI. 553
36. ഭാഷാഭാരതമഞ്ജരി– വടക്കുംകൂർ രാജരാജവമ്മരാജ XII. 584
37. ധമ്മകീത്തി– പി. എസ്. സുബ്ബരാമപട്ടർ XII.
38. അലങ്കാരസാമാന്യ സ്വരൂപലക്ഷണം– I
ശിരോമണി പി. കൃഷ്ണൻ നായർ, XII.

II. ചരിത്രം

1. ലിപിവംശചരിത്രം. വിദ്വാൻ എ. വി. സെബാസ്ത്യൻ I. 8
2. പാസ്റ്റർ. എം. പി. പോൾ എം. എ. I. 15
3. സാമ്പത്തികപരിണാമം. ജെ. പെട്ട എം. എ. I. 28
4. ഫാദർ ഡാമിയൻ. ജെ. മുണ്ടശ്ശേരി ബി. എ. II. 64
5. യൂറോപ്യൻ നാഗരികത I ജെ. പെട്ട എം. എ. III. 109
6. കേരളത്തിലെ ചാവേർ. കെ. ജെ. ജോസഫ് എം. എ. III. 129
7. ലിയൊനാർഡൊ. എം. പി. പോൾ എം. എ. III. 152
8. യൂറോപ്യൻ നാഗരികത II ജെ. പെട്ട എം. എ. III. 167
9. യൂറോപ്യൻ നാഗരികത III ജെ. പെട്ട എം. എ. V. 235
10. നിധിരിയ്ക്കൽ മാണിക്കത്തനാർ. വി. സി. ജോർജ്ജ് V. 242
11. യഹൂദന്മാർ. എം. പി. പോൾ എം. എ. VII. 355
12. സർ സാലാർജംങ്. സി. അന്തപ്പായി ബി. എ. VIII. 384
13. ചരിത്രശകലങ്ങൾ. ടി. ജി. നമ്പൂതിരി XI. 424
14. രഷ്യയുടെ ഇദാനീന്തനാവസ്ഥ. എം. പി. പോൾ IX. 457
15. നളന്ദാസവ്വകലാശാല. പി. ശങ്കരൻ എളയതു്. IX. 546
16. അസീസിയിലെ സന്യാസി. ഫാദർ ജി. എഫ്. ചൂണ്ടൽ. IX.

III ശാസ്ത്രം.

1. വിദ്യുദ്ഭാത്താവിതരണം. ജെ. മുണ്ടശ്ശേരി, ബി. എ. I. 39
2. വിഷവിദ്യ. വിദ്വാൻ എ. വി. സെബാസ്റ്റ്യൻ II. 82
3. ധാത്രിയുടെ വാദ്ധക്യം ജെ. മുണ്ടശ്ശേരി, ബി. എ. II. 89
4. ഛായാഗ്രാഹം. " III 136
5. പരിണാമം " IV. 200
6. ജീവോല്പത്തി I " VI. 286
7. " II " VII. 351
8. വസ്തുജ്ഞാനം " VIII. 370
9. ശാസ്ത്രജ്ഞന്മാർ എന്തുപറയുന്നു? IX. 443
10. കേൾക്കാത്തവരെ കേൾപ്പിക്കൽ X. 448
11. സയൻസിൻെറ മൌനം ജെ. മുണ്ടശ്ശേരി ബി. എ. XI. 542
12. പ്രളയമുണ്ടായെന്ന് " XII. 598

IV താത്വിക വിമർശനം.

1. ഹേതുവാദം. സി. അന്തപ്പായി ബി. എ. I. 3
2. * വിമർശനം. ഐ. സി. ചാക്കോ ബി. എ., ബി. എസ്. സി. I. 50
3. വിദ്യാഭ്യാസം. ഫാദർ ജെ. പാലോക്കാരൻ എം. എ. II. 69
4. രാജ്യഭരണം. സി. അന്തപ്പായി ബി. എ. III. 116
5. ആലയശില്പം. വിദ്വാൻ എ. വി. സബാസ്റ്റ്യൻ III. 175
6. ആയുർവേദവും ശസ്ത്രക്രിയയും സി. കോനിക്കര. V. 232
7. ആസ്തികത്വം. പറവൂർ കെ. ഗോപാലപ്പിള്ള VI. 271
8. നവഭാരതം I (ടാഗോർ) എ. എൻ. നമ്പീശൻ. VII. 358
9. ഹൈന്ദുകന്മാരുടെ മനസ്ഥിതി. VIII. 409
10. നവഭാരതം II (ടാഗോർ) എ. എൻ. നമ്പീശൻ XI. 433
11. മലയാളവും ആര്യവൈദ്യവും. മാലൂർ ഗോപാലൻനായർ. XI. 528
12. നവഭാരതം III (ടാഗോർ) എ. എൻ. നമ്പീശൻ. XI. 537
13. വിവാഹം. എൽ. എം. തോമസ്. XI. 559
14. ഭാരതഭരണ തന്ത്രം. എം. രാജ രാജവർമ്മ തമ്പുരാൻ. XII. 571
15. ബാഹ്യശൂന്യവാദം. സി. അന്തപ്പായി ബി. എ. XII. 595

V. സദാചാരം.

1. ചരമശാസനം. I. 36
2. ഒരു സാന്ത്വനപ്രസംഗം. എം. പി. പോൾ എം. എ. II. 79

3. നല്ല മനസ്സാക്ഷി. III. 124
4. ജീവിതപ്രവൃത്തി. ഫാദർ സി. കെ. മററം എം. ആർ. എ; എസ്; എഫ്. ആർ. എസ്. എ. III. 125
5. സംസാരദുഃഖം. IV. 211
6. ആത്മപരിശോധനം. വി. പോൾ അക്കര V. 250
7. ഉത്തമജീവിതം. ഡി. പത്മനാഭനുണ്ണി എം. എ. IX. 413
8. രാഷ്ട്രീയസ്പർദ്ധകൾ. കെ. കെ. കുഞ്ഞുണ്ണിമേനോൻ. X. 484
9. ദ്വിതീയവസന്തകാലം. സി. അന്തപ്പായി. ബി. എ. X. 467
10. ദുഃഖത്തിലെ സുഖം. പി. കെ. സെബാസ്റ്റ്യൻ. X. 490
11. സമ്പാദിക്കേണ്ട വിദ്യ. ഫാദർ ടി. കൊച്ചുമുങ്കാനാൽ. X. 506
12. മനുഷ്യോല്പത്തി. ഫാദർ സി. കെ. മററം. XII. 624
13. സഭ്യതയുടെ അളവുകോൽ. കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ XII. 627

VI വർണ്ണനം.

1. ഒരു സിംഹവേട്ട. സി. അന്തപ്പായി ബി. എ. I. 95
2. മലനാട്ട. കു. ജനാർദ്ദനൻ തമ്പാൻ, ബി. എ. VI. 290
3. ചാവുകടൽ. ഇമ്മട്ടി യം. ജോസഫ്. VI. 302
4. തേനീച്ചകൾ. കെ. ജെ. ജോസഫ് എം. എ. VII. 325
5. പൂച്ച. പി. ശങ്കരൻ എളയത്. VIII. 403
6. ദില്ലിയിലെ മുഗൾരാജധാനി എം, പി. പോൾ. എം. എ. IX. 428

VII വ്യവസായം.

1. പട്ടു വ്യവസായം ഫാദർ ക്രൂസ് പാനികുളം IV. 290
2. നൂൽച്ചക്രം പി. യം. ശങ്കരൻ നമ്പിയാർ എം. എ. V. 215
3. ഛായാചിത്രരചന എൻ. ജെ. ഫ്രാൻസീസ്. IX. 438
4. തിരുവിതാംകൂറിലെ തങ്കശാല. എ. വി സബാസ്റ്റ്യൻ. XI. 517
5. പരസ്യങ്ങൾ. ജെ. മുണ്ടശ്ശേരി ബി. എ. XII. 582
6. ചലച്ചിത്രം. എ. പി. പോൾ എം. എ. XJI 609

VIII സാങ്കേതികശബ്ദങ്ങൾ.

1. സാ. ശബ്ദനിർമ്മാണം I. 51
2. സാ. ശബ്ദങ്ങൾ (പ്രകൃതിശാസ്ത്രം) II. 106
3. ,, ,, ,, III. 119
4. ,, ,, ,, IV. 173

5. സാ. ശബ്ദങ്ങൾ (പ്രകൃതിശാസ്ത്രം) V. 313
6. ,, ,, (പത്രപ്രവർത്തനം) VIII. 380
7. ,, ,, (നോവൽ) XII. 601

IX ഖണ്ഡകഥകൾ

1. രൂപവതിയായ അയൽക്കാരി (ടാഗോർ) ജെ. മുണ്ടശ്ശേരി, ബി. എ. III. 158
2. അമരസിംഹൻ. വിദ്വാൻ ജി. ശങ്കരക്കുറുപ്പ് VI. 307
3. വാടാമലർ (സുവർണ്ണകുമാരി) എം. എസ്. നമ്പൂതിരി VIII. 395
4. ഒരു സ്വപ്നം എം. എസ്. നമ്പൂതിരി XI. 556
5. നദീഘട്ടം (ടാഗോർ) വി. രാമനുണ്ണി മേനോൻ XII. 603

X കവിതകൾ.

1. കാലം. വിദ്വാൻ ജി. ശങ്കരക്കുറുപ്പ്. II. 63
2. ആകാംക്ഷ. എം. നടേശമേനോൻ ബി. എ. II. 88
3. മറെറാരു ശാകുന്തളം. വള്ളത്തോൾ. III. 114
4. പ്രഭാതഗീത. കവിതിലകൻ കെ. പി. കറുപ്പൻ. III. 151
5. മനുഷ്യപാണ്ഡിത്വം. കെ. കെ. രാജാ. IV. 199
6. ശാന്തമായി ജീവിച്ചാൽപോരും. ജെ. മുണ്ടശ്ശേരി ബി. എ. V. 240
7. ബാലഭാവന. (വിദ്യാർത്ഥി) V. 260
8. സംതൃപ്തൻ. കെ. കെ. രാജാ. VII. 360
9. ദുഃഖം. വെള്ളായ്ക്കൽ ഗോവിന്ദമേനോൻ. VIII. 379
10. രണ്ടു വിരുദ്ധചിത്രങ്ങൾ. കെ. ആർ. വിശ്വംഭരൻ. VIII. 393
11. ബാഷ്പാഞ്ജലി. കെ. കെ. രാജാ. IX. 422
12. മരിച്ചിട്ട്. വിദ്വാൻ ജി. ശങ്കരക്കുറുപ്പ് IX. 455
13. അന്ധനായ ബാലൻ. ഫാദർ ജെ. കല്ലിങ്ങൽ ബി. എ. X. 471
14. പട്ടണവീഥിയിൽവെച്ച്. കു. ജനാർദ്ദനൻതമ്പാൻ ബി. എ. X. 498
15. മനോവിമാനം. ജെ. മുണ്ടശ്ശേരി ബി. എ. XI. 552
16. ഒരു പനിനീർ പുഷ്പം. സി. എ. ജോസഫ്. XI. 563
17. മംഗളാശംസകൾ XII. 567
18. ക്രിസ്മസ്ഗീതം. സി. ആർ. ഗോതവർമ്മൻ XII. 568
19. മാടഭൂമന്നവനെ. കുണ്ടൂർ നാരായണമേനോൻ XII. 569
20. ആശാഭംഗമൊ? ജെ. മുണ്ടശ്ശേരി, ബി. എ. XII. 570
21. ഘടസംവാദം. വിദ്വാൻ ജി. ശങ്കരക്കുറുപ്പ്. XII. 581

XI. ഗ്രന്ഥചൎച്ച

1. ദ്രുതജീമൂതം. (ഗ്ര. ക.) ചെറുശ്ശേരി മാധവമേനോൻ. II. 101
2. റൈററ് റവ: ജെയിംസ് കാളാച്ചേരി തിരുമനസ്സിലെ ജീവചരിത്രസംക്ഷേപം കെ. എം. ജെക്കബ്ബ് മാപ്പിള II. 102
3. കഥാരാമം. എൽ. എം. തോമസ് II. 102
4. ബാലപ്രഹസനമാല. എ. ടി. ദേവസ്സി. II. 103
5. രജനി. വി. ഉണ്ണികൃഷ്ണൻ നായർ, ബി. എ. III. 164
6. തീൎത്ഥയാത്രാസ്മരണകൾ. ഡാക്ടർ സി. കാപ്പിൽ. IV. 212
7. അമരം സത്രികാണ്ഡശേഷം. വ്യാഖ്യാ: വാച: ടി. സി. പരമേശ്വരൻമൂസ്സ് IV. 213
8. പരിഷത്തു്, കോട്ടയ്ക്കൽ V. 261
9. ഓസ്ട്രേലിയയാത്ര. റൈററ. റവ: ബിഷപ്പ് ചൂളപ്പറമ്പിൽ V. 263
10. ലക്ഷ്മീഭായി വിശേഷാൽപ്രതി. VI. 311
11. ലേഖനമാലിക. ഫാദർ സക്കറിയസ് പുവ്വത്തിങ്കൽ. VII. 361
12. പരമപുരുഷാൎത്ഥം. പരിഭാ. പൂത്തേഴത്തു ഗോവിന്ദ മേനോൻ ബി. എ. VII. 361
13. ആധുനികധൂൎത്തപുത്രൻ. കെ. ജെ. അഗസ്റ്റിൻ. എം. എ. IX. 464
14. കൊ. കുഞ്ഞികുട്ടൻ തമ്പുരാന്റെ കൃതികൾ (6) X. 511
15. നാരായണഗുരുസ്വാമികളുടെ ജീവചരിത്രം. മൂക്കോത്തു കുമാരൻ. X. 513
16. പാഞ്ചാലീസ്വയംവരം. പരിഭാ. ചുനക്കര ഉണ്ണികൃഷ്ണവാരിയർ. XI. 565
17. രാജനന്ദിനി. വിദ്വാൻ ജി. ശങ്കരക്കുറുപ്പ്. XII.
18. പൂമൊട്ടുകൾ. (കെ. എസ്. കെ) XII.

XII. കുറിപ്പുകൾ.

1. റഷ്യൻ പരിവൎത്തനം. II. 104
2. അദ്ധ്യാപകന്മാരുടെ നിലയും വിലയും. II. 105
3. ഇന്ത്യയുടെ ഋണബാദ്ധ്യത. II. 105
4. സമസ്യഷ്ടങ്ങൾ. III. 165
5. പുരാതനവസ്ത്വവശിഷ്ടങ്ങൾ. III. 165
6. പോൎത്തുഗീസുകാരുടെ ആധിപത്യം III. 166
7. വിദ്യദാനവിതരണം. IV. 214
8. സഹജീവികൾ. VIII. IX X

ഭാഷാപോഷിണി.

മലയാളമാസികകളിൽവെച്ച് ഏററവും പഴക്കം കൂടിയതു്.

തിരുവിതാംകൂർ, കൊച്ചി, മലബാർ, തെക്കെ ഇൻഡ്യാ, സിംഗപ്പൂർ, സിലോൺ മുതലായ സ്ഥലങ്ങളിൽ കൂടുതൽ പ്രചാരമുള്ളതിനാൽ പരസ്യക്കാൎക്കു പ്രത്യേകഫലപ്രാപ്തി ലഭിക്കുന്നതു്.

സരസങ്ങളായ ഗദ്യപദ്യലേഖനങ്ങൾ, സൽക്കഥകൾ, മഹാന്മാരുടെ ജീവചരിത്രങ്ങൾ, ഫലിതോക്തികൾ, സാഹിത്യവിഷയമായ പ്രൌഢലേഖനങ്ങൾ, അപ്പഴപ്പോൾ നടക്കുന്ന രാജ്യകാൎയ്യസംബന്ധമായ ഉപന്യാസകൾ, വിമൎശനങ്ങൾ, പുസ്തകാഭിപ്രായങ്ങൾ മുതലായവ എപ്പോഴും കാണുന്നതാണു്.

മാസികാവരി കൊല്ലത്തിൽ മുൻകൂറ $2\frac{1}{2}$ ഉറുപ്പിക മാത്രം.

മാനേജർ, "ഭാഷാപോഷിണി" കോട്ടയം

തിരുവിതാംകൂർ, S. India.

ദീപം.

കേരളത്തിലെ ഏക ചിത്രപത്രിക! ലോകത്തിന്റെ നാനാഭാഗങ്ങളിലും നടക്കുന്ന സംഭവങ്ങളെ ശരിയായി പ്രതിഫലിപ്പിക്കുന്ന ഒരു ഒന്നാംതരം കണ്ണാടി! രസികൻ ചിത്രങ്ങൾ! സരസലേഖനങ്ങൾ!!!

സാഹിത്യം, ജീവചരിത്രം, നോവൽ, ചെറുകഥ, കവിത, പ്രകൃതിവിജ്ഞാനം, ഇവക്കു പ്രത്യേകം പങ്ക്തികൾ. ബാലപങ്ക്തിയും വനിതാരംഗവും ഇതിന്നുപുറമേ. ഉജ്ജ്വലങ്ങളും ഹൃദയംഗമങ്ങളുമായ മുഖപ്രസംഗങ്ങൾ! അൻപതിലധികം ചിത്രങ്ങൾ. ആകൎഷകമായ ഗ്രന്ഥവിഹാരം. ഇതെല്ലാം പരസ്യത്തിൽ മാത്രമല്ല, കാൎയ്യത്തിലും കാണാം. വല്ലപ്പോഴുമല്ല, എല്ലാലക്കങ്ങളിലും.

പരസ്യത്തിനു ഇതുപോലെ പററിയ പ്രസിദ്ധീകരണം മലയാളത്തിലില്ല. എന്തുകൊണ്ടെന്നാൽ മലയാളഭാഷ കടന്നുകൂടിയ രാജ്യങ്ങളിലെല്ലാം ദീപവും ചെല്ലാറുണ്ടു്.

വരിസംഖ്യ കൊല്ലത്തിൽ 4 രൂപമാത്രം.

മാനേജർ, "ദീപം"

എറണാകുളം.

കേരളത്തെസംബന്ധിച്ച കത്തിടവാടുകളിൽ അവരവരുടെ മേൽവിലാസത്തോടുകൂടെ ചേൎത്തുകാണുന്ന രജിസ്റ്റർനമ്പരുംകൂടി കാണിക്കേണ്ടതാണു്.

നിൎവാഹകൻ.

Regd. No. 131 C /M. 2607

കേരളം.

ആധുനികലോകത്തിനു അവശ്യം വിജ്ഞേയമായ പലേ നവീന വിഷയങ്ങൾ സാഹിത്യഗുണം തികഞ്ഞ ഭാഷയിൽ പ്രതിപാദിക്കുന്നതും ചിത്രോദാഹൃതവുമായ ഒരു മലയാളമാസിക.

രക്ഷാധികാരി.

ഡോക്ടർ ഫ്രാൻസീസ് വാഴപ്പിള്ളി തിരുമനസ്സുകൊണ്ടു്.

പ്രണേതാക്കൾ.

ഫാദർ ജെ. പാലൊക്കാരൻ എം. എ. (എഡിൻ)

ശ്രീമാൻ എടമരത്തു വി. സബാസ്റ്റ്യൻ (വിദ്വാൻ.)

ലേഖനങ്ങൾ, മാററത്തിനുള്ള പത്രമാസികകൾ, അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ എന്നിവ

പത്രാധിപർ "കേരളം" തൃശൂർ.

എന്നും പണമിടപ്പെട്ട കത്തുകൾ, മണിയോർഡർകൾ മുതലായവ

മാനേജർ "കേരളം,, ആപ്പീസ് തൃശൂർ.

എന്നും മേൽവിലാസങ്ങളിൽ അയക്കേണ്ടതാണു്.

വരിസംഖ്യ.

ഒരു കൊല്ലത്തേക്കു } കൊ.തിരു. രാജ്യങ്ങളിൽ 2—8—0
ഇൻഡ്യയിൽ അന്യത്ര 2.12—0

പരസ്യക്കൂലി.

നിരക്കു വിവരം മാനേജരോട് എഴുതിച്ചോദിക്കുക.

Printed & Published by Mr. C. J. Francis at the St. Mary's Orphanage Press, Thope, Trichur.